M.S
322
219
322

~~№ 170~~
~~139~~
~~372~~
329

ബെഞ്ജമിൻ ഫ്രാങ്ക്ളിൻ.

കെ. ഗോവിന്ദൻതമ്പി

ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകൻ

എഴുതിയതു.

൧ാം പതിപ്പ്

സുവർണ്ണരത്നപ്രഭാ അച്ചുകൂടം

കായംകുളം.

൧൦൮൬.

All rights reserved.

☞ ഉടമസ്ഥന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജമായി ഗണിക്കപ്പെടും.



Benjamin Franklin.

Ben.

ബെഞ്ജമിൻ ഫ്രാങ്ക്ളിൻ.

൧-ാം അദ്ധ്യായം.

—:o:—

ബാല്യം.

മഹാനായ ബെഞ്ജമിൻ ഫ്രാൻക്ലിൻ ൧൭൦൬ ജനുവരിമാസം ൧൭-ാം തീയ്യതി അമേരിക്കയിലെ പ്രസിദ്ധനഗരമായ ബോസ്റ്റനിൽ ജനിച്ചു. അദ്ദേഹത്തിൻെറ പൂവ്വികന്മാർ ഇംഗ്ലണ്ടു് നിവാസികളായിരുന്നു. ഇവർ വലിയ ധനികന്മാരൊ വിദ്യാവിശാരദന്മാരൊ ആയിരുന്നില്ല. മിക്കവരും ഇരുമ്പുപണിയിൽ പ്രവേശിച്ചു കാലയാപനം ചെയ്തിരുന്നു. നമ്മുടെ കഥാനായകനായ ബെഞ്ജമിൻ, തൻെറ പിതാമഹൻെറ നാലുപുത്രന്മാരിൽ ഇളയവനായ ജോഷിയായ്ക്കു ൧൭ സന്താനങ്ങൾ ഉണ്ടായിരുന്നവരിൽ പതിന്നാലാമത്തെ ആൾ ആയിരുന്നു.

ജോഷിയാ ഫ്രാൻക്ലിൻ തൻെറ പ്രഥമഭാൎയ്യയോടും മൂന്നു സന്താനങ്ങളോടുംകൂടി ഇംഗ്ലണ്ടിൽനിന്നു് ൧൬൮൨-ാം സംവത്സരത്തിൽ അമേരിക്കയിൽ വന്നുചേൎന്നു. അക്കാലത്തു ഇംഗ്ലണ്ടിൽ നടന്നുകൊണ്ടിരുന്ന മതമത്സരംനിമിത്തം പല മാന്യന്മാരും കുണ്ഠിതന്മാരായ്തീൎന്നു, സമാധാനത്തോടുകൂടി ഈശ്വരാരാധനംചെയ്യും താന്താങ്ങളുടെ തൊഴിലിനെ നിൎവ്വിഘ്നം തുടൎന്നും ദിവസവൃത്തി കഴിക്കാനുള്ള ഉദ്ദേശത്തോടുകൂടി സ്വ

ന്ത നാട്ടവിട്ട വിദേശവാസത്തിന്ന ഒരുങ്ങി. ഇവരിൽ ചിലർ ജോഷിയായെ പ്രേരിപ്പിക്കുകയാൽ അയാളും അവരെ അമേരിക്കയിലെ ന്യൂ ഇംഗ്ലണ്ട എന്ന സ്ഥലത്തേക്ക അനുഗമിച്ചു. പ്രഥമഭാൎയ്യയിൽ അയാൾക്ക അമേരിക്കയിൽ വച്ചു നാലു സന്താനങ്ങൾകൂടി ജനിച്ചു. ആ ഭാൎയ്യയുടെ മരണാനന്തരം അയാൾ അഭയ എന്ന വേറൊരുസ്ത്രീയെ വിവാഹം ചെയ്തു. ഇവർ ക്രമേണ പത്തുകുട്ടികളുടെ മാതാവായ്തീൎന്നു. മക്കളിൽ പലരും പല തൊഴിലുകളിൽ പ്രവേശിച്ചു. ബെഞ്ജമിനെ എട്ടാംവയസ്സിൽ പഠിപ്പാനാക്കി. ശൈശവത്തിലെ സ്വഭാവംകണ്ടിട്ട അയാൾ വൈദികവൃത്തിക്ക യോജിക്കുന്ന ആളായി വരുമെന്ന തോന്നിയതിനാലാണ് അഛൻ ഇപ്രകാരം പ്രവൎത്തിച്ചതു്. ബാലനായ ബെഞ്ജമിൻ വായനയിൽ അസാധാരണയായ ഉത്സാഹം പ്രദൎശിപ്പിച്ചുവന്നു. പഠിത്തത്തിലെ അതിജാഗ്രതയും ശ്രദ്ധയുംകണ്ട എല്ലാവരും അയാളെ വളരെ സന്തോഷിച്ചു. ആദ്യപാഠശാലയിൽ ഏകദേശം ഒരു വൎഷം പഠിച്ചപ്പൊഴേക്ക ക്ലാസിൽ ഒന്നാമനായിതീരുകയും അടുത്ത ക്ലാസിലേക്ക കയററം ലഭിക്കത്തക്ക പാടവം നേരിടുകയും ഉണ്ടായി. വൎഷാവസാനം ആയപ്പോൾ ഒന്നാംക്ലാസിൽനിന്ന മൂന്നാംക്ലാസിലേക്ക കയറാൻതക്ക നിലയിൽ അയാൾ പാണ്ഡിത്യംസമ്പാദിച്ചു.

എന്നാൽ സാമാന്യത്തിലധികം വലുതായ കുടുംബത്തെ ഭരിക്കുന്നതിൽ അഛന്ന പണസംബന്ധമായ ക്ലേശം നേരിട്ടകയാൽ ബെഞ്ജമിനെ ഉയൎന്നതരം പാഠശാലയിൽ അയയ്ക്കുന്നതിന്ന അയാൾ ശക്തനായിരുന്നില്ല. ഈ കാരണത്താലും വല്ലവിധേനയും കഷ്ടപ്പെട്ട ഞെങ്ങിഞെരുങ്ങി എങ്ങിനെയെങ്കിലും പാഠശാലാവിദ്യാഭ്യാസം പൂൎത്തിയാക്കിയാൽതന്നെയും അതിൽനിന്ന ഇതരന്മാൎക്ക ലഭിക്കാറുള്ള ആദായത്തിന്റെ തുഛസ്ഥിതിയെ വിചാരിച്ചും ജോഷിയാ തന്റെ പ്രഥമാലോചനയെ ഭേദപ്പെടുത്തി പുത്രനെ ഒരു കുടിപ്പള്ളി

ക്കൂടത്തിലേക്കു അയച്ചു. കുറെ എഴുത്തുകയും വായിക്കുകയും ദിനകൃത്യങ്ങളിൽ ഉപകാരമായിത്തീരത്തക്കവണ്ണം അല്പം കണക്കു വശമാക്കുകയും ചെയ്യേണ്ടതു ഏതുതൊഴിലാളിക്കും അവശ്യം വേണ്ടതാണല്ലൊ.

പത്തുവയസ്സായപ്പോഠം ബഞ്ജമിൻ പാഠശാലാജീവിതം മതിയാക്കി. അഛനെ അയാളുടെ തൊഴിലിൽ സഹായിക്കാൻ ഏൎപ്പെടേണ്ടതായിവന്നുകൂടി. സോപ്പു, മെഴുകുതിരി മുതലായവ ഉണ്ടാക്കി വിൽക്കുന്ന തൊഴിലാണു ജോഷിയാ ആ കാലത്തു നടത്തിവന്നിരുന്നതു്. ഈ കൂട്ടത്തിൽ മെഴുകു് ഉരുക്കുക, തിരിവെട്ടുക, കടയിൽ ഇരിക്കുക ആദിയായ കൃത്യങ്ങഠം ബഞ്ജമിൻ വഹിക്കേണ്ടതായ്തീൎന്നു.

ഈ തൊഴിൽ അയാഠംക്കു ഒട്ടും തന്നെ രസകരമായിരുന്നില്ല. കടൽവാസത്തിനായിരുന്നു ബഞ്ജമിനു വളരെ മോഹമുണ്ടായിരുന്നതു്. ഇതു അഛനു അത്യന്തം അഹിതവുമായിരുന്നു. വള്ളം തുഴയുക, നീന്തുക മുതലായ ജലക്രീഡകളിൽ അയാഠം വിദഗ്ദ്ധനായ്തീൎന്നു. ഈ വക വിനോദങ്ങളിൽ അയാഠം ക്രമേണ നായകസ്ഥാനം വഹിക്കാൻ തക്ക നൈപുണ്യം സമ്പാദിച്ചു. സാധാരണയായി കുട്ടികഠംകൂടിചേൎന്നു കളിക്കാറുള്ളപ്പോളെല്ലാം പ്രാധാന്യം വഹിക്കുന്നതു ബഞ്ജമിൻതന്നെ ആയിരുന്നു.

ആരോഗ്യശാലിയും, ബലിഷ്ഠനും, സുമുഖനും ആയിരുന്ന പിതാവിനു സംഗീതംചിത്രമെഴുത്തുമുതലായകലാവിദ്യകളിൽ സാമാന്യംവാസനയും പ്രായോഗിക പാടവവും ഉണ്ടായിരുന്നു. പകലിലെ ജോലികഴിഞ്ഞാൽ ചിലപ്പോളെല്ലാം അയാഠം കുട്ടികളെ വിളിച്ചു വരുത്തി എല്ലാവരും ഒരുമിച്ചിരുന്നു പാടുകയും ഫിഡിൽ വായിക്കയും ചെയ്തുവന്നു. അതുകൂടാതെ മിക്ക കൌശലപ്പണികഠംക്കും ജോഷിയാ ഒരുവിധം നോട്ട

വും തന്ത്രവും ഉള്ള ആളായിരുന്നു. സൎവ്വോപരി അയാളിൽ പ്രശോഭിച്ചിരുന്നതു ലോകപരിചയവും ന്യായാന്യായ വിവേചനശക്തിയും ആയിരുന്നു. കാൎയ്യങ്ങൾ ഗ്രഹിക്കുന്നതിനും അവയുടെ ഗുണദോഷങ്ങളെ വിവേചിച്ച് തീൎച്ചചെയ്യുന്നതിനും ബെഞ്ചമിന്റെ അഛന്നു അനിതരസാധാരണമായ വൈദഗ്ദ്ധ്യം ഉണ്ടായിരുന്നു. എങ്കിലും തൊഴിൽ വിട്ടുംവച്ചു പൊതുകാൎയ്യങ്ങളിൽ പ്രവേശിക്കുന്നതിനുള്ള സൌകൎയ്യക്കുറവുനിമിത്തം അയാൾ മിക്കവാറും ഗൃഹത്തിലിരുന്നു കാലക്ഷേപം കഴിക്കുകയാണു ചെയ്തിട്ടുള്ളതു. നാട്ടുകാൎയ്യങ്ങളെപ്പററി ആലോചിക്കുന്നതിനും അഭിപ്രായം ചോദിക്കുന്നതിനും മററുമായി അനവധി ആളുകൾ ദിനംപ്രതി അയാളുടെ വാസസ്ഥലത്തു കൂടാറുണ്ടായിരുന്നു. ഇവർ എല്ലാവരും അയാളുടെ വിധിന്യായങ്ങളെ സസന്തോഷം സമ്മതിക്കയും ഉപദേശങ്ങളെ ആദരപൂൎവം സ്വീകരിക്കയും ചെയ്തു. സമീപപ്രദേശങ്ങളിൽ സംഭവിക്കാറുണ്ടായിരുന്ന വിവാദങ്ങൾക്കു തീൎച്ച് കല്പിക്കുന്നതു മിക്കവാറും ജോഷിയാ ആയിരുന്നു.

ബുദ്ധിമാന്മാരും മാന്യന്മാരും ആയ സ്നേഹിതന്മാരെ ക്ഷണിച്ചുവരുത്തി മിക്ക അവസരങ്ങളിലും അവരുമായി ചേൎന്നു ഭക്ഷണം കഴിക്കുകയും സംഭാഷണംചെയ്കയും ചെയ്യുന്നതു അയാൾക്കു വളരെ രസമുള്ള ഒരു കാൎയ്യം ആയിരുന്നു. കുഞ്ഞുങ്ങളുടെ മാനസിക പരിഷ്കാരത്തിനും ബുദ്ധിസംസ്കാരണത്തിനും ജ്ഞാനാഭിവൃദ്ധിക്കും ഈ ഏൎപ്പാടു വളരെ പ്രയോജനമുള്ളതാണെന്നു അയാൾ ഗ്രഹിച്ചിരുന്നു. ഈ പതിവു ഹേതുവായി മക്കൾ ഭക്ഷണപദാൎത്ഥങ്ങളുടെ നന്മതിന്മകളെപ്പററി ശ്രദ്ധിക്കാതെ സംഭാഷണരസത്തെമാത്രം ആസ്വദിക്കാൻ ഇടയായതിനാൽ അവരുടെ ബാല്യകാലപരിചയംതന്നെ സദ്വിഷയങ്ങളുടെ വിചിന്തനയിലും ന്യായാന്യായ വിവേചനയിലും സന്മാൎഗ്ഗനിരതയിലും ആയിത്തീൎന്നു. ഭ

ക്ഷണപദാൎത്ഥങ്ങൾ പുത്തനായിരിക്കുന്നൊ പഴകിപ്പോയൊ അവയ്ക്കു ഉപ്പുകൂടിപ്പോയൊ എരിവു കുറഞ്ഞുപോയൊ എന്നിങ്ങനെയുള്ള ചിന്തയേ അവൎക്കുണ്ടാകാറില്ലായിരുന്നു. മദ്ധ്യാഹ്നഭക്ഷണത്തിന്നു എന്തെല്ലാമായിരുന്നു ഉപദംശങ്ങൾ എന്നു വൈകുന്നേരം ചോദിച്ചാൽ ഓൎമ്മിക്കുന്നില്ലെന്നല്ലാതെ അവൎക്കു പറയാൻ കഴിഞ്ഞിരുന്നില്ല. ദേശസഞ്ചാരസന്ദൎഭങ്ങളിലും ഗൌരവമേറിയ ജോലികളിൽ പ്രവേശിക്കാനിടയാകുന്ന അവസരങ്ങളിലും ഈ ശീലം നമുക്കു അത്യന്തം സൌകൎയ്യപ്രദമായിത്തീരുന്നതാണെന്നുള്ളതിന്നു സംശയമില്ല. "ചോറു ഉണ്ണാൻവയ്യാ, അരിപിടിക്കുന്നില്ല, കറിയുടെ മണം കേട്ടാൽ ഛൎദ്ദിക്കും, അതുകൊണ്ടു എനിക്കു വീടുവിട്ടു താമസിക്കാൻ പ്രയാസമാണ്" എന്നു എത്രയൊ ചെറുപ്പക്കാർ പിറുപിറുക്കാറുണ്ട്. ഈ വക സങ്കടങ്ങൾക്കു ഫ്രാൻക്ലിൻ കുടുംബക്കാർ അധീനന്മാരായിഭവിച്ചിരുന്നില്ല.

ബെഞ്ചമിൻെറ മാതാവും നല്ല ദേഹബലമുള്ള സ്ത്രീയായിരുന്നു. പത്തുകുട്ടികളേയും മുലകുടിപ്പിച്ചതും വളൎത്തിയതും അവർതന്നെയാണ്. മാതാവിന്നാകട്ടെ പിതാവിന്നാകട്ടെ മരണകാലത്തെ ശരീരാസ്വാസ്ഥ്യം അല്ലാതെ അതിന്നു മുമ്പു ഒരിക്കലും യാതൊരു രോഗവും ഉണ്ടായിട്ടില്ല. അഛൻ ൮൯ വയസ്സുവരെയും അമ്മ ൮൫ വയസ്സുവരെയും ശരീരസുഖത്തോടുകൂടി ജീവിച്ചിരുന്നു.

പന്ത്രണ്ടാമത്തെ വയസ്സുവരെ ബെഞ്ചമിൻ സ്വപിതാവിൻെറ സഹകാരിയായി മെഴുകുതിരിജോലിയിൽ പ്രവേശിച്ചിരുന്നു. എന്നാൽ ആ ജോലിയോടു അയാൾക്കുണ്ടായിരുന്ന വൈരസ്യം കണ്ടിട്ടു അയാളെ മററുവല്ല തൊഴിലിലും പ്രവേശിപ്പിച്ചില്ലെങ്കിൽ ജ്യേഷ്ഠനെപ്പോലെ അയാളും കടൽയാത്രയ്ക്കു പൊയ്ക്കളഞ്ഞേക്കുമെന്നു അഛൻ ശങ്കിച്ചു. ഈ

ആശങ്ക നിമിത്തം പിതാവു അയാളെ പല കൈത്തൊഴിൽ കാരുടെയും അടുക്കൽ കൂട്ടിക്കൊണ്ടുപോയി ഓരോ ജോലിയേയുംപററി അയാളോടു സംസാരിച്ചുവന്നു. ഏതെങ്കിലും ഒന്നിൽ അഭിനിവേശം പ്രദശിപ്പിക്കുന്നതായാൽ അതിൽ പ്രവേശിച്ചു കടൽയാത്രക്കുള്ള ഭ്രമം തടയാമെന്നായിരുന്നു അഛൻെറ ആലോചന. സമത്ഥന്മാരായ അനേകം ശില്പികളുടെ കരകൌശലം കാണുന്നതിനും അതിനെപ്പററി വിചിന്തനം ചെയ്യുന്നതിനും ഇപ്രകാരം ബാല്യത്തിൽ തന്നെ ബെഞ്ചമിനു അവസരംലഭിച്ചു. ഈ പരിചയം നിമിത്തം അയാൾ ആശാരി, കൊല്ലൻ, തട്ടാൻ, മൂശാരി, തച്ചൻ, മുതലായ ശില്പികളുടെ ചില്ലറവേലകൾ സ്വയമായിനടത്താൻ കഴിവുള്ളവനായിതീൎന്നു. ഒടുവിൽ പിതുരാജ്ഞപ്രകാരം അയാൾതൻെറ ബന്ധുക്കളിൽ ഒരാളോടുകൂടി അയസ്കാരവൃത്തിയിൽ പ്രവേശിച്ചു. എന്നാൽ ഈ പ്രവേശനത്താലുള്ള ആദായം തുലോം കുറവായിരുന്നതിനാൽ അഛൻ അയാളെ അചിരേണ അതിൽനിന്ന് പിൻവലിച്ചുകളഞ്ഞു.

ബാല്യം മുതൽതന്നെ ബെഞ്ചമിൻ വായനയിൽ അത്യാസക്തി പ്രദശിപ്പിച്ചു വന്നതിൻെറ ഫലമായി കയ്യിൽകിട്ടുന്ന പണം എല്ലാം കൊടുത്തു പുസ്തകങ്ങൾ വാങ്ങിക്കുകപതിവായിരുന്നു. അല്പകാലത്തിനകമായി അനേകം പുസ്തകങ്ങൾ അയാൾ വായിച്ചുതീൎത്തു. ഉത്തമഗ്രന്ഥങ്ങളുടെ ദാരിദ്ര്യം അയാളെ ചിലപ്പോഴെല്ലാം വ്യസനിപ്പിക്കാറുണ്ടായിരുന്നു. പുസ്തകവായനയിൽനിന്നു തനിക്കു അനല്പമായ ആത്മസംസ്കാരണം സിദ്ധിച്ചിട്ടുണ്ടെന്നു അയാൾ പലപ്പോഴും പറഞ്ഞുവന്നു. പുസ്തകങ്ങളോടുള്ള സ്നേഹാധിക്യം നിമിത്തം അഛൻ അയാളെ അച്ചടിജോലിയിൽ പ്രവേശിപ്പിക്കുന്നതിനു നിശ്ചയിച്ചു. ബെഞ്ചമിൻെറ ജ്യേഷ്ഠഭ്രാതാക്കന്മാരിൽ ഒരാൾ ഈ ജോലിയിൽ അതിനു മുമ്പുതന്നെ പ്രവേശിച്ചിട്ടുമുണ്ടായി

രുന്നു. ജ്യേഷ്ഠൻ ജേംസ് ൧൭൨൦-ൽ ഇംഗ്ലണ്ടിൽനിന്നു് ഒരു അച്ചടിയന്ത്രം വരുത്തി ബോസ്റ്റനിൽ സ്ഥാപിച്ച് പണിനടത്തി വരികയായിരുന്നു. ഈ ജോലി മെഴുകുതിരി വ്യാപാരത്തെക്കാൾ ബെഞ്ചമിനു ഹിതകരമായിരുന്നെങ്കിലും കടൽയാത്രപോലെ രസം അയാൾക്കു അക്കാലത്തു മറെറാന്നിലും തോന്നിയിരുന്നില്ല. ഈ ഭ്രമം ഹേതുവായി അയാൾ പിടിവിട്ടു പോയെങ്കിലൊ എന്നു് ശങ്കിച്ച് അഛൻ കഴിയുന്നവേഗത്തിൽ അയാളെ ജ്യേഷ്ഠനോടുകൂടി യോജിപ്പിക്കാൻ ശ്രമിച്ചു. കുറച്ചുനാളേക്കു ബെഞ്ചമിൻ ശാഠ്യംപറഞ്ഞു് ഒഴിഞ്ഞുനിന്നു എങ്കിലും പിന്നീട് അഛൻെറ നിയോഗത്തെ അനുസരിച്ചു അപ്പോൾ ൧൨. വയസ്സ് പ്രായമുണ്ടായിരുന്ന അയാൾ ൨൧-ാമത്തെ വയസ്സുവരെ ജ്യേഷ്ഠനോടുകൂടി താമസിച്ചു അച്ചടിവേലനടത്തിക്കൊള്ളാമെന്നു സമ്മതിച്ചു കരാറുഎഴുതി ഒപ്പിട്ടുകൊടുത്തു. ബുദ്ധിമാനായ ബെഞ്ചമിനു അച്ചടി അഭ്യസിച്ചു വിരുതുസമ്പാദിക്കാൻ അധികകാലം വേണ്ടിയിരുന്നില്ല. ഇങ്ങനെയിരിക്കെ അയാൾക്കു നല്ലനല്ല പുസ്തകങ്ങൾ കിട്ടിത്തുടങ്ങി. അച്ചടി ജോലിയിൽ ഉദ്യുക്തനായിരുന്നതിനാൽ പല പുസ്തകവ്യാപാരികളുമായി പരിചയപ്പെടുന്നതിനും അവരിൽനിന്നു ധാരാളം പുസ്തകങ്ങൾ വാങ്ങിവായിച്ചുതീർത്തു മടക്കിക്കൊടുക്കുന്നതിനും അയാൾക്കു സൌകര്യംലഭിച്ചു. ചിലപ്പോഴും ഇങ്ങനെ ഇരവൽ വാങ്ങിക്കുന്ന പുസ്തകങ്ങൾ ഒരു രാത്രികൊണ്ടുവായിച്ചുതീർത്തു അടുത്തദിവസം രാവിലെതിരിച്ചുകൊടുക്കേണ്ടിയിരുന്നതിനാൽ അയാൾ രാത്രിമുഴുവൻ ഉറക്കിളച്ചിരുന്നു പുസ്തകപാരായണം ചെയ്തിട്ടുണ്ടു.

അല്പകാലാനന്തരം ആ മുദ്രാലയത്തിൽ പതിവായിവന്നുകൊണ്ടിരുന്നവനും ബുദ്ധിമാനും ആയ മാത്യു ആഡംസ് എന്ന വണിക്കു് ബെഞ്ചമിനോട് പരിചയപ്പെടുന്നതിനും തനിക്കുണ്ടായിരുന്ന അതിവിശേഷമായ പുസ്തകസംഗ്രഹംവന്നുകണ്ടു ആവശ്യപ്പെടുന്ന പുസ്തകങ്ങൾ വായിക്കുന്നതിനായി എടുത്തു

കൊള്ളാൻ ബെഞ്ചമിന്ന അനുവാദം കൊടുക്കുന്നതിന്നും ഇടയായി. അയാൾക്ക ആ അവസരത്തിൽ കവിതാവിഷയത്തിൽ ശക്തിമത്തായ ഒരു ആസക്തിജനിക്കയും തന്മൂലം അയാൾ ചില പദ്യശകലങ്ങൾ എഴുതുകയും സഹോദരൻ ഇവയെകണ്ടു് അയാളെ പ്രോൽസാഹിപ്പിക്കയും അതുഹേതുവായി അയാൾ വീണ്ടും കവിയശഃപ്രാൎത്ഥിയായി ചില പാട്ടുകൾ രചിക്കയും ഉണ്ടായി. ബെഞ്ചമിൻെറ കൃതികൾ മിക്കവാറും കാളംക്രുളമായിതന്നെയിരുന്നു എങ്കിലും അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തിയപ്പോൾ ആദ്യത്തേതു ധാരാളം വില്ക്കപ്പെട്ടു. ഈ വിജയം അയാളെ അഹംഭാവിയാക്കിത്തീൎത്തിരിക്കുന്നതായി കണ്ടിട്ടു അയാളുടെ അഛൻ ആ കവിതയെ ഗുണദോഷവിവേചനംചെയ്കയും സാധാരണ കവികൾ യാചകന്മാരാണെന്നു പറയുകയും ചെയ്തു അയാളെ അധൈൎയ്യപ്പെടുത്തി. അതുനിമിത്തം ഒരു കുകവി ആയിത്തീരുന്നതിന്നു് അയാൾക്ക സംഗതിയായില്ല. ജീവിതകാലത്തിൽ അയാൾക്ക അത്യന്തം പ്രയോജനകരമായിത്തീൎന്നതും അയാളുടെ ഉയൎച്ചയ്ക്കു പ്രധാനകാരണമായിഭവിച്ചതും ആയ ഗദ്യമെഴുത്തിൽ ബെഞ്ചമിൻ അന്യാദൃശമായ വൈശിഷ്ട്യം സമ്പാദിച്ചതു എങ്ങിനെയെന്നു് ഇനിയും അന്വേഷിക്കാം.

ആ പട്ടണത്തിൽതന്നെ പുസ്തകപാരായണത്തിൽ തല്പരനായി കോളിൻസ് എന്നു ഒരു കുട്ടിയുണ്ടായിരുന്നു. ബെഞ്ചമിൻ അയാളുമായി പരിചയപ്പെടുവാൻ ഇടയായി. അവർ ഇരുവരും പരസ്പരം വാദങ്ങൾ നടത്തുകയും ഒരുമിച്ചു വായിക്കയും ചെയ്യാറുണ്ടായിരുന്നു. ബെഞ്ചമിൻ സ്വപിതാവിൻെറ മതസംബന്ധമായ ചില പുസ്തകങ്ങൾ വായിച്ചിരുന്നതുകൊണ്ടു ആ വിഷയത്തെക്കുറിച്ചു തൎക്കിക്കുന്നതിന്ന ആദ്യം ആരംഭിച്ചു. സ്ത്രീവിദ്യാഭ്യാസത്തിൻെറ ആവശ്യകതയേയും പഠിത്തവിഷയത്തിൽ സ്ത്രീകൾക്കുള്ള സാമൎത്ഥ്യത്തേയും സം

ബന്ധിച്ച ഒരിക്കൽ രണ്ടു യുവാക്കന്മാരുംതമ്മിൽ ഒരു തക്കം നടന്നു. സ്ത്രീ വിദ്യാഭ്യാസം അനാവശ്യകവും സ്ത്രീകൾവിദ്യാഭ്യാസവിഷയത്തിൽ അസമത്ഥകളും ആണെന്നു കോളിൻസ വാദിച്ചു. ബെഞ്ചമിൻ എതിരായും വാദിച്ചു. കോളിൻസ് സ്വഭാവേന നല്ലവാഗ്മിയും ഉചിതമായും ധാരാളമായും ഉള്ളവാക്ക് പ്രയോഗത്തിൽ ചതുരനും ആയിരുന്നതിനാൽ യുക്തിപ്രയോഗത്തേക്കാൾ വാചാലതകൊണ്ടു ബെഞ്ചമിനെ തോല്പിച്ചു. എങ്കിലും കാൎയ്യംമുഴുവൻ തീച്ചയാക്കാതെ അവർ അപ്പോൾ പിരിയുകയാണു ഉണ്ടായതു. പിന്നീടു അവർതമ്മിൽ കാണുന്നതിനു ആയിടെ സംഗതിയാകാതെയിരുന്നതിനാൽ ബെഞ്ചമിൻ തക്കവിഷയത്തെ എഴുതി കോളിൻസിന്നു അയച്ചു. കോളിൻസ് മറുപടിയും എഴുതി അയച്ചു. മൂന്നാലു പ്രാവശ്യം അന്യോന്യം എഴുത്തുകുത്തുനടന്നു. ബെഞ്ചമിന്റെ അഛൻ സന്ദർഭവശാൽ ഈ എഴുത്തുകൾ വായിക്കുന്നതിനിടയായി. തക്കവിഷയത്തിൽ പ്രവേശിക്കാതെ എഴുത്തുകളുടെ രചനാരീതിയെപ്പററി മാത്രം അയാൾ ബെഞ്ചമിന്നു വേണ്ട ഉപദേശങ്ങൾ നൽകി.

അച്ചടിക്കാരനായിരുന്നതിനാൽ ബെഞ്ചമിന്നു അക്ഷരവിഴ്ച കൂടാതെ എഴുത്തുകൾ എഴുതുന്നതിനു സാമത്ഥ്യം ഉണ്ടായിരുന്നുവെങ്കിലും ആശയം സ്പഷ്ടമാക്കുന്നതിനും തീക്ഷ്ണബുദ്ധിയോടുകൂടി വിഷയസംഗ്രഹം ചെയ്യുന്നതിനും അത്രതന്നെ കഴിഞ്ഞിരുന്നില്ലെന്നു അഛൻ അയാളെ ഗ്രഹിപ്പിച്ചു. അതുമുതൽ ഗദ്യരചനാവിഷയത്തിൽ അയാൾ പൂർവാധികം ശ്രദ്ധിച്ചുവന്നു.

ഈ അവസരത്തിൽ അയാൾക്കു ശ്രേഷ്ഠമായ രീതിയിൽരചിച്ചിട്ടുള്ള ഒരു ഗദ്യഗ്രന്ഥം ദൃഷ്ടിഗോചരമായി. ആയതു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതായിരുന്നതിനാൽ അയാൾ വാങ്ങി വീണ്ടും വീണ്ടും വായിച്ചു പഠിച്ചു. അതിലെ വാക്യര

ഷന അയാളെ വളരെ രസിപ്പിച്ചു. അയാൾക്ക ആ രീതിയെപ്പററി വളരെ ബഹുമാനം ഉണ്ടായി. നിവൃത്തിയുള്ളിടത്തോളം അതിനെ അനുകരിക്കാൻ അയാൾ ശ്രമിച്ചു. ഈ ഉദ്ദേശത്തോടുകൂടി പുസ്തകം വായിച്ചു ഓരോവാക്യത്തിലേയും അഭിപ്രായങ്ങളെപ്പററി സൂചകങ്ങൾ എഴുതി അല്പദിവസം സൂക്ഷിച്ചതിൻെറശേഷം സൂചകങ്ങളെ ആസ്പദമാക്കി സ്വന്തഓൎമ്മയിൽനിന്നു അഭിപ്രായങ്ങളെ വിസ്തരിച്ചു ഉചിതപദപ്രയോഗങ്ങളാൽ പുസ്തകം വീണ്ടും എഴുതുന്നതിന്നാരംഭിച്ചു. അനന്തരം താൻ എഴുതിയതിനെ മൂലഗ്രന്ഥവുമായി ഒത്തുനോക്കി തെററുതീരുത്തിവന്നു. ഇപ്രകാരം എഴുതുന്നതിന്നാരംഭിച്ചപ്പോൾ ഉചിതപദങ്ങൾ കണ്ടുപിടിക്കുന്നതിന്നും അവയെപ്രയോഗിക്കുന്നതിന്നും അത്യധികമായ ബുദ്ധിമുട്ടനേരിട്ടു. കവിതാവിഷയത്തിൽ ആരംഭിച്ച ഉദ്യമം ഉപേക്ഷിക്കാതെ തുടൎന്നിരുന്നെങ്കിൽ ഈ ക്ലേശത്തിനു വളരെ കുറവുണ്ടാകുമായിരുന്നു എന്നുതോന്നിയതിനാൽ ചിലകഥകളെ ആദ്യം പദ്യത്തിൽ എഴുതുകയും പിന്നീട്ട അതെപ്പററിയുള്ള ഓൎമ്മ മിക്കവാറും മാറുമ്പോൾ അവയെ വീണ്ടും ഗദ്യരീതിയിൽ ചമയ്ക്കുകയും ചെയ്തു.

ഗ്രന്ഥപാരായണത്തിൽ നിന്നു ലഭിക്കുന്ന സൂചകങ്ങൾ എതാനും ആഴ്ചവട്ടം കഴിഞ്ഞു ക്രമീകരിക്കുകയും പിന്നീടുപൂൎത്തിയാക്കുകയും ചെയ്തുവന്നപതിവ് ആലോചനകളെ ക്രമപ്പെടുത്തുന്നതിന്നുള്ള രീതിയെ അയാൾക്കു സമ്പാദിച്ചുകൊടുത്തു. വായനയ്ക്കും ഗദ്യരചനയ്ക്കുമായി അയാൾ ക്ലിപ്തപ്പെടുത്തിയിരുന്നതു രാത്രിസമയത്തേയും അതിരാവിലെ ജോലിക്കു മുമ്പുള്ള മണിക്കൂറുകളേയും ആയിരുന്നു.

ബെഞ്ചമിൻ ചെറുപ്പത്തിൽ കണക്കുവിഷയത്തിൽ വളരെ പിന്നോക്കമായിരുന്നു. ഈ ന്യൂനതയെപരിഹരിക്കാനായി അയാൾ ചില കണക്കുപുസ്തകങ്ങൾവാങ്ങി അവയിലെ മുഴുവൻ ചോദ്യങ്ങളും ചെയ്തുതീൎത്തു.

അയാളുടെ ജ്യേഷ്ഠൻ ഫെബ്രുവരി-ലൊ വഫ-ലൊ ഒരു വത്തമാനപ്പത്രം ആരംഭിച്ചു. ഇതു അമേരിക്കയിലെ രണ്ടാമത്തെ പത്രം ആയിരുന്നു. രാജ്യത്തിൻെറ അപ്പോഴത്തെ പരിഷ്കാരനിലയ്ക്കു അവിടെരണ്ടുപത്രങ്ങൾ ആവശ്യമില്ലെന്നും ആകയാൽ പത്രം തുടങ്ങേണ്ടെന്നും പലസ്നേഹിതന്മാർ ജേംസിനോടു ഉപദേശിച്ചിട്ടും അയാൾ അവരുടെ സദുപദേശത്തെ ധിക്കരിച്ചുംവച്ചു പത്രം പുറപ്പെടുവിച്ചു. അച്ചടി ആഫീസിലെ ജോലികൾക്കു പുറമെ ബെഞ്ചമിനു പത്രം കൊണ്ടു നടന്നു വില്ക്കേണ്ട ജോലികൂടി വന്നുചേൎന്നു.

ജേംസിൻെറ മിത്രങ്ങളിൽ ചിലർ ബുദ്ധിമാന്മാരും കവികളും ആയിരുന്നു. ഇവർ പത്രത്തിലേക്കു മുറയ്ക്കു കവിത എഴുതി അയക്കാറുണ്ടായിരുന്നു. തങ്ങളുടെ കവനങ്ങൾ പ്രസിദ്ധീകരിച്ചതിനെപ്പററി നന്ദിപറയുന്നതിനും മററുമായി ഇവരിൽ പലരും കൂടക്കൂടെ മുദ്രാലയത്തിൽ വന്നുകൊണ്ടിരുന്നതിനാൽ ബെഞ്ചമിൻ അവരുമായി പരിചയപ്പെടുന്നതിനും അവരുമായുള്ള സംസൎഗ്ഗംമൂലം തനിക്കും കവിതയെഴുതുന്നതിനു താല്പൎയ്യം ജനിക്കുന്നതിനും ഇടയായി. ബാലനായ താൻ എഴുതുന്നകവിതകൾ ജ്യേഷ്ഠൻ പത്രത്തിൽ ചേക്കാൻ വിസമ്മതിക്കുമെന്നു ശങ്കിച്ചു അയാൾ കയ്പടമാററി കവിത എഴുതി പേരുവയ്ക്കാതെ അച്ചടിപ്പുരയുടെ വാതുക്കൽ ഇട്ടു. ജ്യേഷ്ഠൻ അതു രാവിലെ കണ്ടെടുത്തു ചില ലേഖകന്മാരെകാണിച്ചപ്പോൾ അവർഎല്ലാവരും ആ കവിതയെപ്പററി വളരെപ്രശംസിച്ചു. ഇതു ഭംഗിയായി കവിത എഴുതിയതു ആരായിരിക്കാമെന്നു പലരും പലവിധം ഊഹിച്ചു. പരമാൎത്ഥം ധരിച്ചിട്ടുള്ള ബെഞ്ചമിനു ഈ അവസരത്തിൽ എത്രമാത്രം ചാരിതാൎത്ഥ്യവും ആത്മാഭിമാനവൎദ്ധനയും ഉണ്ടായി എന്നു പറയേണ്ടല്ലോ.

കവിതാരംഗത്തിലെ പ്രാരംഭപ്രവേശനം ഇത്രമാത്രം സ്തുത്യൎഹമായിത്തീൎന്നതുകൊണ്ടു വീണ്ടും മേൽപ്രസ്താവിച്ചകൌ

ശലത്തിൽ അയാൾതുടൎന്നു പലകൃതികൾ എഴുതിപ്രസിദ്ധ
പ്പെടുത്തി. അവയും സസന്തോഷം സ്വീകരിക്കപ്പെട്ടു. ഇ
ങ്ങനെ അല്പകാലം കഴിഞ്ഞപ്പോൾ ബെഞ്ചമിൻ പരമാൎത്ഥം
വെളിപ്പെടുത്തി. സഹോദരന്റെ കവിതാസാമൎത്ഥ്യത്തെ
പ്പററി ജ്യേഷ്ഠൻ ഒട്ടധികം അഭിനന്ദിച്ചു. എങ്കിലുംകാലാന്ത
രത്തിൽ അയാൾക്കു അനുജനോടു വൈരസ്യം ജനിക്കാനിടയാ
യി. സഹോദരാവസ്ഥയെ മറന്നു ജേംസ് ബെഞ്ചമിനെ വെറും
വേലക്കാരൻ എന്നു ഗണിക്കാൻ ഭാവിക്കയാൽ ബെഞ്ചമിനു
അയാളോടുകൂടിയുള്ള താമസം ദുസ്സഹമായിതീൎന്നു. പിതാവു ഇ
വരുടെ പരസ്പര രസക്ഷയത്തെപ്പററി അറിയുന്നതിനിടയായ
പ്പോൾ ബെഞ്ചമിന്റെ ഭാഗത്തു ന്യായമുണ്ടെന്നുകണ്ടു ജെംസി
നെ നല്ലവണ്ണം ശാസിച്ചു. ദുസ്സ്വഭാവിയായ ജെംസ് ചിലപ്പോ
ളെല്ലാം ബെഞ്ചമിനെ അടിക്കാറുണ്ടായിരുന്നു. ജോലി വിടുക
യെ നിവൃത്തിയുള്ളൂ എന്നു ബെഞ്ചമിൻ ആലോചിക്കാൻ തുട
ങ്ങി. എന്നുതന്നെയുമല്ല ഈ വിധം കഠിനവുംനിഷ്ഠുരവുംആയപ
രിചരണങ്ങൾഅയാൾക്കുനിരംകുശമായ അധികാരത്തോടുആ
യുരന്തം സ്ഥായിയായ വൈരസ്യത്തെ ജനിപ്പിക്കുന്നതിനു ഇട
യായി. അവർ പ്രസിദ്ധം ചെയ്തിരുന്ന വൎത്തമാനപത്രത്തിൽ
രാജ്യഭരണസംബന്ധമായി ചില വിമൎശനങ്ങൾ പ്രതിപാദി
ച്ചിരുന്നതു ഭരണധുൎവഹന്മാരുടെ കഠിനമായ അപ്രീതിക്കു
കാരണമായതിനാൽ പത്രാധിപരായ ജേംസിനെ കോടതി
യിൽ വരുത്തി വിസ്തരിച്ചപ്പോൾ ലേഖകന്റെനാമം വെളി
പ്പെടുത്താതെയിരുന്നതുകൊണ്ടു അയാളെ ഒരു മാസം തടവി
ൽ പാൎപ്പിക്കുന്നതിനു അധികാരികൾ വിധിച്ചു. ബെഞ്ചമിനേ
യും ഈ കൂട്ടത്തിൽ വിസ്തരിച്ചതിൽ അയാൾ തൃപ്തികരമായ
സമാധാനം പറഞ്ഞില്ലെങ്കിലും യജമാനന്റെ രഹസ്യങ്ങളെ
സൂക്ഷിക്കാൻ ഭൃത്യൻ കടമയുള്ളവനാണെന്നു ഗണിച്ച് കോ
ടതിയിൽ നിന്നു വേണ്ട സദുപദേശങ്ങൾ ചെയ്തു അയാളെ
വിട്ടയച്ചു, ജ്യേഷ്ഠനും തനിക്കും തമ്മിൽ രഹസ്യമായ നീരസം

ളുണ്ടായിരുന്നു എങ്കിലും ജ്യേഷ്ഠന്റെ ആപല്ക്കാലത്തിൽ ബെഞ്ചമിൻ അതിനെ വിസ്മരിച്ചു പത്രം നടത്തി ഭരണാധികാരികളുടെ അയോഗ്യമായ നടപടികളെ ധൈൎയ്യസമേതം എതിൎത്തു. ജേംസ് കാരാഗ്രഹത്തിൽനിന്നു മുക്തനായതു മേലാൽ ആയാൾ പത്രം നടത്തിക്കൂടെന്നുള്ള നിരോധനയോടുകൂടിയായിരുന്നു. ഈ വിഷമഘട്ടത്തിൽ എന്താണു പ്രവൎത്തിക്കേണ്ടതെന്നു ആലോചിക്കാൻ ആയാൾ ഏതാനും സ്നേഹിതന്മാരെ ക്ഷണിച്ചു ഒരു സംഘം നടത്തി ഭരണാധികാരികളുടെ വിചിത്രമായ കല്പനയെ ഉപായത്തിൽ വിഫലീഭവിപ്പിക്കാൻ ഉചിതമായമാൎഗ്ഗം എന്തെന്നു പരിഗണിച്ചതിൽ വൎത്തമാനപ്പത്രത്തിന്റെ പേരുമാററി പ്രസിദ്ധം ചെയ്യുന്നതു യുക്തമായിരിക്കുമെന്നു ഏതാനും അംഗങ്ങൾ അഭിപ്രായപ്പെട്ടു. എങ്കിലും ജെംസിനു ഇതും അത്ര സമ്മതമാകാഞ്ഞതിനാൽ ബെഞ്ചമിൻ തന്നെ പത്രാധിപത്യം വഹിച്ചു ജോലിനടത്തുന്നതാണു നന്നെന്നു എല്ലാവരുംകൂടി തീരുമാനിച്ചു. ഗവൎമ്മെൻറാജ്ഞയ്ക്കു വിപരീതമായി ജെംസ് സ്വയമായിട്ടല്ലെങ്കിലും ഭൃത്യനെകൊണ്ടു പത്രം നടത്തിക്കുന്നു എന്നു വീണ്ടും കുററപ്പെടുത്തപ്പെട്ടെങ്കിലൊ എന്നു ശങ്കിച്ചു ആവശ്യപ്പെട്ടപ്പോൾ കാണിക്കാനായി ബെഞ്ചമിനെ തന്റെ ഭൃത്യസ്ഥാനത്തിൽ നിന്നു നീക്കിയിരിക്കുന്നതായി ആയാൾ ഒരു പുതിയ ഉടമ്പടി എഴുതിക്കൊടുത്തു. ഈ ഉപായം കേവലം ബലഹീനമായിരുന്നെങ്കിലും താമസംവിനാ പത്രം വീണ്ടും അച്ചടിച്ചു പ്രസിദ്ധം ചെയ്തുവന്നു. അങ്ങിനെയിരിക്കെ സഹോദരന്മാർ തമ്മിൽ ഒരു തൎക്കം ഉത്ഭവിച്ചു. ബെഞ്ചമിൻ വേലവിട്ടു പൊയ്ക്കളയുമെന്നുകണ്ടിട്ടു ആയാൾക്കുആ പട്ടണത്തിലുള്ളയാതൊരു അച്ചടിശാലയിലും ജോലി ലഭിക്കാതെയിരിക്കുന്നതിനായി എല്ലാമുദ്രാലയക്കാരോടും ജെംസ് സംഭാഷണം നടത്തി. ബെഞ്ചമിന്റെ ആപേക്ഷയെ അവർ ഉപേക്ഷിക്കയും ചെയ്തു. അച്ചടിവേലക്കാരെ ആവശ്യപ്പെട്ടിരുന്ന സമീപനഗരം ന്യൂയോ

ക്ക് ആയിരുന്നതിനാൽ അവിടേക്കു പുറപ്പെടാൻ അയാൾ സന്നദ്ധനായി. വിശേഷിച്ചും മതസംബന്ധമായി താൻ പുറപ്പെടുവിച്ചിരുന്ന ചില അവിവേകതൎക്കങ്ങൾമൂലം ഏതദ്ദേശവാസികളായ പല സജ്ജനങ്ങൾ അയാളെ ഒരു നാസ്തികനെന്നു ഗണിച്ചിരുന്നതിനാലും അവിടത്തെ താമസം ബെഞ്ചമിനു വിരസമായി തോന്നിയിരുന്നു. പിതാവ് സഹോദരപക്ഷക്കാരനായിരുന്നതുകൊണ്ടു പരസ്യമായി താൻ യാത്രക്കു ഒരുങ്ങുന്നതായാൽ അവർ കൂടി ചേൎന്നു തടയുമെന്നു ഭയന്നു ഗൂഢമായി ഏൎപ്പാടുകൾ ചെയ്യണമെന്നു അയാൾ നിശ്ചയിച്ചു. സ്നേഹിതനായ കോളിൻസ് ബെഞ്ചമിന്റെ ദേശാന്തരഗമനത്തിനു വളരെ സഹായിച്ചു. വ്യാജനാമധാരിയായ ബെഞ്ചമിനെ ന്യൂയോൎക്കിലേക്കു കൊണ്ടുപോകുന്നതിനായി കോളിൻസ് ഒരു കപ്പിത്താനുമായി വേണ്ട ഏൎപ്പാടുകൾ ചെയ്തു. യാത്രച്ചിലവിനു അത്യാവശ്യമായിരുന്ന ദ്രവ്യം സംഭരിക്കുന്നതിനായി പുസ്തകങ്ങൾ വിററിട്ടു അയാൾ രഹസ്യമായി കപ്പൽ കയറി. ഏകദേശം മുന്നൂറു മയിൽ അകലത്തിൽ സ്ഥിതിചെയ്തിരുന്ന ന്യൂയോൎക്ക് പട്ടണത്തിൽ കാററിന്റെ ആനുകൂല്യം കൊണ്ടു മൂന്നു ദിവസത്തിനകം ആ കപ്പൽ ചെന്നെത്തി. അങ്ങിനെ ൧൭൨൩ ഒക്ടോബർ മാസത്തിൽ ൧൭-ാമത്തെ വയസ്സിൽ ഏററവും ലഘുവായ വല്ല ശിപാൎശിപോലുമൊ ആ ദേശവാസികളിൽ ആരെയെങ്കിലും പരിചയമോ കൂടാതെ നിൎദ്ധനനായി നമ്മുടെ യുവാവു ന യോൎക്കിൽ പ്രവേശിച്ചു.

൨-ാം അദ്ധ്യായം.

ഫിലദൽഫിയായിലെ വാസം.

നമ്മുടെ കഥാനായകനായ ബെഞ്ചമിൻ ഒരു ഒന്നാന്തരം അച്ചടിവേലക്കാരനായിരുന്നതുകൊണ്ടു ന്യൂയോൎക്കിൽ എത്തിയശേഷവും ആ ജോലിയിൽതന്നെ പ്രവേശിക്കുന്നതിനു തീൎച്ചപ്പെടുത്തി. പെൻസിൽവേനിയായിൽ നിന്നു അവിടത്തെ ഭരണകൎത്താവുമായി മത്സരിച്ചു ന്യൂയോൎക്കിൽ എത്തിതാമസിച്ചിരുന്ന വൃദ്ധനായ ഒരു മുദ്രാലയ ഉടമസ്ഥന്റെ അടുക്കൽ ജോലിക്കായി അപേക്ഷിച്ചുവെങ്കിലും അയാൾക്കു ജോലി വളരെ കുറവായിരുന്നതിനാലും ഉള്ള ജോലിക്കു തന്നെ പണിക്കാർ വേണ്ടതിലധികം ഉണ്ടായിരുന്നതുകൊണ്ടും അയാൾ ബെഞ്ചമിനെ സ്വീകരിച്ചില്ല. എങ്കിലും ഫിലദൽഫിയായിലുള്ള തന്റെ പുത്രന്റെ അടുക്കൽ ചെല്ലുന്നതായാൽ ജോലി കിട്ടുവാൻ തരമുണ്ടെന്നു അയാൾ പറഞ്ഞതു ബെഞ്ചമിനു വളരെ ആശ്വാസജനകമായിരുന്നു. ഫിലദൽഫിയാ ന്യൂയോൎക്കിൽനിന്നു ൯൰ മയിൽ അകലെയുള്ള ഒരു പട്ടണമാണ്. ബോസ്റ്റനിൽ നിന്നു ന്യൂയോൎക്കിൽ എത്തിയപ്പോൾതന്നെ അത്യന്തം കുഴപ്പത്തിൽ ആയിത്തീൎന്നിരുന്ന യുവാവിനു ഫിലദൽഫിയാവരെ പോകേണ്ടിവന്നതു സഹിച്ചുകൂടാത്ത സങ്കടമായിരുന്നു. എങ്കിലും ഉപായാന്തരമില്ലാതെയിരുന്നതിനാലും ആശാപാശബന്ധിതനായിരുന്നതിനാലും അയാൾ ഉടൻ തന്നെ അവിടെനിന്നു പുറപ്പെട്ടു. യാത്രചെയ്യാനുണ്ടായിരുന്നതു ഏതാനും ഭാഗം വള്ളംവഴിയായും ഏതാനും ഭാഗം കാൽനടയായും ആയിരുന്നു. ഈ യാത്രയിൽ സാമാനങ്ങൾ കൂടിയുണ്ടായ

തിക്കുന്നതു വിഫലമാണെന്നുകണ്ടിട്ടു അയാൾ അവയെ ഫിലദൽഫിയായിലേക്കുള്ള ഒരുകപ്പലിൽ ഏല്പിച്ചുംവച്ചു പുറപ്പെട്ടു. അമേരിക്കയിൽ അ കാലത്തു യാത്രക്കു ഇപ്പോഴത്തെപ്പോലെ യാതൊരു സൌകര്യങ്ങളും ഉണ്ടായിരുന്നില്ല. അതിലുംവിശേഷിച്ചു ജനസ്വാധീനമൊ ഉദ്യോഗവലിപ്പമൊ ധനസമൃദ്ധിയൊ ഇല്ലാതെ കേവലം ദരിദ്രനായ--മാതാപിതാക്കന്മാരുടെ അറിവുംസമ്മതവും കൂടാതെ ഒളിച്ചോടിപ്പോകുന്നവനായ—ഒരുബാലനു സംഭവിക്കാവുന്ന ക്ലേശങ്ങൾ അവർണ്ണനീയങ്ങളായിതന്നെയെ ഇരിക്കയുള്ളു. ബെഞ്ചമിനു ഈ യാത്രയിൽ ശരിയായി ഭക്ഷണം കഴിക്കുന്നതിനൊ സുഖമായി നിദ്രചെയ്യുന്നതിനൊപോലും യാതൊരു നിവൃത്തിയും ഉണ്ടായിരുന്നില്ല. അത്യന്തം ആപൽക്കരമായ ഈ ഘട്ടത്തിൽ അയാൾക്കു ഒരുജലദോഷവും പിടിപെട്ടു. ജലദോഷശമനത്തിനു പച്ചവെള്ളം കുടിക്കുന്നതു കൈകണ്ട ഒരു ഔഷധമാണെന്നു സ്വദേശത്തു താമസിച്ചിരുന്നപ്പോൾ ഗ്രഹിച്ചിരുന്നതു ഈശ്വരനൊഴികെ സഹായത്തിനു മററുയാതൊരുത്തരുമില്ലാതെയിരുന്ന ഈ യുവാവിനു വലിയആശ്വാസമാർഗ്ഗമായ്ത്തീന്നു. ബെഞ്ചമിൻ തന്റെ അസ്വാസ്ഥ്യശമനത്തിനുപച്ചവെള്ളംതന്നെസേവിച്ചു. രോഗത്തിനുഅൽഭുതകരമായസുഖവുമുണ്ടായി. വഴിയമ്പലങ്ങളിലും സത്രങ്ങളിലും താമസിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ അയാൾ ഫിലദൽഫിയായിൽ ചെന്നുചേന്നു. സാമാനങ്ങൾ കപ്പൽ മാർഗ്ഗമായി അയച്ചിരുന്നതിനാൽ ഉടുപ്പുമാറുന്നതിനുപോലും തരമില്ലാതെ കുഴങ്ങിയിരുന്ന അയാൾ ഒരു വെറും കൂലിക്കാരന്റെ വേഷത്തിലാണ് അവിടെ എത്തിയിരിക്കുന്നതു. സ്ഥലപരിചയം ലേശംപോലും ഇല്ലാതെ എങ്ങോട്ടേക്കാണ് തിരിയേണ്ടതെന്നു അയാൾസ്വല്പനേരം ആലോചിച്ചു. വള്ളം തുഴഞ്ഞും നടന്നും ഉറക്കിളച്ചും അയാൾക്കു അനല്പമായ ക്ഷീണവും ഉണ്ടായിരുന്നു. വിശപ്പുദുസ്സഹമായിബാധിച്ചിരുന്നതിനാൽതൽപരിഹാരാർത്ഥം വല്ല

ളും ചെയ്യാനാണ് അയാൾ ആദ്യം താല്പൎയ്യപ്പെട്ടതു. കൈവശമു ണ്ടായിരുന്ന മുഴവൻസ്വത്തായ ഒന്നിൽ ചില്വാനം ഡാളരിൽ ചില്വാനത്തുക വള്ളക്കാൎക്കു കൊടുത്തുപോയിരുന്നു. അവർ ആദ്യം കൂലി വാങ്ങുകയില്ലെന്നു ശഠിച്ചു എങ്കിലും അയാളുടെ നിർബന്ധം ഹേതുവായി ഒടുവിൽ അതു സ്വീകരിക്കയാണ് ചെയ്തതു. ആളുകൾ അധികം സ്വത്തുകാരല്ലാതെയിരിക്കുമ്പോളാണല്ലൊ അധികം ദാനശീലന്മാരെന്നു ഭാവിക്കാറുള്ളതു. മുതൽ കുറവിന്റെ യാഥാൎത്ഥ്യം അന്യന്മാർ ഗ്രഹിക്കുന്നതിലുള്ള ജാള്യം ആയിരിക്കാം ഈ കൂട്ടരെ ഇപ്രകാരം പ്രേരിപ്പിക്കുന്നതു്.

തെരുവിൽ ചെന്നു കുറെ റൊട്ടി വാങ്ങി ഭക്ഷിച്ചും വച്ചു ചിന്താമഗ്നനായി അങ്ങുമിങ്ങും നോക്കി നടന്നുകൊണ്ടിരുന്നപ്പോൾ ഏതാനും ആളുകൾ കൂടിച്ചേൎന്നു എവിടേയ്ക്കോ പോകുന്നതായി കണ്ടു ബഞ്ചമിൻ അവരുടെ പിന്നാലെ പുറപ്പെട്ടു. അവർ ഒരു സഭയ്ക്കു പോകയായിരുന്നു. ഹാളിൽ ചെന്നു കുറച്ചു നേരം ഇരുന്നിട്ടും സഭ ആരംഭിക്കാതെയിരുന്നതിനാൽ അയാൾ മുഷിഞ്ഞു ഒരു മൂലയിൽ ചെന്നു കിടന്നു. തലേദിവസത്തെ ക്ഷീണാധിക്യത്താൽ ആ കിടപ്പിൽ ബഞ്ചമിൻ ഉറങ്ങിപ്പോയി. ഒടുവിൽ മീററിങ് അവസാനിച്ചു ആളുകൾ പിരിഞ്ഞതിനുശേഷം ഒരാൾ അയാളെ വിളിച്ചുണൎത്തി പുറത്തേക്കു പറഞ്ഞയച്ചു. അനന്തരം ഒരു ഭക്ഷണശാലയിൽ ചെന്നു ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ വികൃതവേഷവും പ്രായക്കുറവും വിലക്ഷണഭാവവും കണ്ടു വീട്ടിൽനിന്നു പിണങ്ങിയിറങ്ങിയ ആളായിരിക്കുമെന്നുള്ള ശങ്കയോടുകൂടി പലരും അയാളോടു കാരോചോദ്യം ചോദിച്ചുതുടങ്ങി. ഏതെങ്കിലും അന്നുരാത്രി ക്ലബ്ബിൽ തന്നെ അയാൾ കഴിച്ചുകൂട്ടി. അടുത്തദിവസം കാലത്തു ബ്രാഡ്ഫോർഡ് എന്ന അച്ചടിക്കാരന്റെ അടുക്കൽ എത്തി, അവിടെ തല്ക്കാലം വേറെ ജോലി

ക്കാർ ഉണ്ടായിരുന്നതു കൊണ്ടു മുദ്രാലയാധികാരി ബെഞ്ചമിനെ കീമർ എന്ന വേറൊരു അച്ചടിക്കാരന്റെ സവിധത്തിലേക്ക നിയോഗിച്ചു. കീമർ നല്ല മര്യാദക്കാരനും അച്ചടിജോലിയിൽ ഒട്ടും തന്നെ പരിചയം സിദ്ധിച്ചിട്ടില്ലായിരുന്ന ആളും ആയിരുന്നതിനാൽ ബെഞ്ചമിന്റെ ജോലിശേഷിയെ ഗ്രഹിച്ചു തൃപ്തനായി അയാളെ കൈക്കൊണ്ടു. ചിലപ്പോഴെല്ലാം അയാൾ അച്ചടിജോലിതീന്നാൽ സമീപത്തുണ്ടായിരുന്ന മിസ്റ്റർ റീഡ് എന്നയാളിന്റെ ഗൃഹത്തിൽ പോയി അവിടെയുള്ളവരുമായി സംഭാഷണം ചെയ്യാറുണ്ടായിരുന്നു. ഇപ്രകാരം ആരംഭിച്ച ഈ പരിചയംവദ്ധിച്ചുവദ്ധിച്ചു അവസാനത്തിൽ മിസ്റ്റർ റീഡ് അയാളെ യഥാകാലം തന്റെ ജാമാതാവായി സ്വീകരിച്ചു.

കാലക്രമേണ ബെഞ്ചമിൻ ആ ദിക്കിലെ പല യുവാക്കന്മാരുടേയും മൈത്രിയെ സമ്പാദിച്ചു. ഇവർ സാഹിത്യവിഷയത്തിൽ ശ്രദ്ധാലുക്കളായിരുന്നതു ബെഞ്ചമിനു വലിയസന്തോഷമായിത്തീന്നു. മിതവ്യയവും സ്ഥിരപരിശ്രമവും മുഖേന അയാൾ സാമാന്യം സുഖമായും അത്യന്തം തൃപ്തിയോടു കൂടിയും അവിടെ പാത്തുവന്നു.

അങ്ങിനെയിരിക്കെ അയാളുടെ ആവുത്തന്മാരിൽ ഒരാൾ അയാളുടെപേക്ക ഒരു എഴുത്തയച്ചു. ബോസ്റ്റനിൽ ഉള്ള ബന്ധുക്കളെല്ലാവരും അയാളെ കാണാൻ കാംക്ഷിക്കുന്നു എന്നും യാതൊരുത്തരും അയാളെ ശാസിക്കുകയില്ലെന്നും ഈ എഴുത്തിൽ പ്രസ്താവിച്ചിരുന്നു. തിരിച്ചുചെല്ലുന്നതിനു തനിക്ക ഇഷ്ടമില്ലെന്നു ബെഞ്ചമിൻ മറുപടിഅയച്ചു. ഈ എഴുത്തുഅയാളുടെ സഹോദരീഭത്താവിന്റെ പക്കൽ എത്തിയപ്പോൾ സ്ഥലം ഗവർണർ അവിടെ കൂടിയുണ്ടായിരുന്നതിനാൽ അദ്ദേഹം ബെഞ്ചമിനെപ്പററി കേട്ടറിയുന്നതിനിടയായി. എഴുത്തിലെ വ്യാചകരീതിയും യുക്തിവാദങ്ങളുംകണ്ടു ഗവർണക്കു

നമ്മുടെ യുവാവിനെപ്പററി വലിയ ബഹുമാനം തോന്നി.

പിന്നീട കുറെനാൾകഴിഞ്ഞു ഒരുദിവസം ഈ ഗവർണരും കർണൽഫ്രഞ്ച് എന്നവേറൊരു ഉദ്യോഗസ്ഥനുംകൂടി കീമറിൻെറ ഗൃഹത്തിൽ ബെഞ്ചമിനെ തിരക്കിചെന്നു. ഇവർ രണ്ടുപേരും അയാളോട വളരെ ഉപചാരം ഭാവിക്കയും ആദരപൂർവ്വം സംഭാഷണം നടത്തുകയുംചെയ്തു. തങ്ങളുടെ സമീപത്തുതാമസിച്ച് അച്ചടിജോലി നടത്തണമെന്നും സക്കാർവക അച്ചടിമുഴവൻ അയാളെ ഏല്പിക്കാമെന്നും അവർ പറഞ്ഞു അയാളെ പ്രോത്സാഹിപ്പിച്ചു. എന്നാൽ ജോലി സ്വന്തമായി ആരംഭിക്കാൻ ആവശ്യമുള്ളദ്രവ്യം ആയാളുടെ അഛൻ കൊടുക്കുമൊ എന്നു അയാൾ സംശയിച്ചപ്പോൾ അഛൻെറപേക്ക ഗവർണർ ഒരു എഴുത്തുകൊടുത്തു. ഈ ശിപാശ്കത്തിൽ ബെഞ്ചമിൻെറ സൌശീല്യത്തെയും കാൎയ്യശേഷിയേയും മിതവ്യയശീലത്തേയുംപററി ഗവർണർ സ്തുത്യമായി വിവരിച്ചിരുന്നു. എഴുത്തോടുകൂടി ബെഞ്ചമിൻ അഛൻെറ അടുക്കലേക്കു പുറപ്പെട്ടു. ഏഴുമാസമായി അയാൾഎവിടെയാണെന്നുപോലും അറിയാതെ മനസ്താപപ്പെട്ടുകൊണ്ടിരുന്ന കുടുംബത്തിനു അയാളുടെ അപ്പോഴത്തെ അപ്രതീക്ഷിതമായ ആഗമനം അത്യന്തം സന്തോഷപ്രദമായിരുന്നു.

പിതാവു ഗവർണരുടെ എഴുത്തുവായിച്ച് അൽഭുതപ്പെട്ടു. തൻെറമകൻ ഇത്രമാത്രം യോഗ്യതയുള്ളയുവാവാണൊ അഥവാ ഗവർണർ കൃത്രിമനാമധാരിയാണൊ എന്നു അയാൾ ആലോചിച്ചു. എങ്കിലും തൽക്കാലം ബെഞ്ചമിനോടു എഴുത്തിലെകാൎയ്യങ്ങളെപ്പററി യാതൊന്നും മറുപടിപറഞ്ഞില്ല. അങ്ങിനെയിരിക്കെ ബെഞ്ചമിൻെറ സഹോദരീഭത്താവായ ഹോംസ് അവിടെ വന്നുചേന്നപ്പോൾ അയാളോടു അഛൻ ഗവർണരുടെ കാൎയ്യങ്ങളെപ്പററി ചോദിച്ചു. ഇത്ര അപകൃ

പ്രായനായ ഒരുവൻെറ പക്കൽ ഒരു വലിയതുക ഏല്പിക്കാൻ അദ്ദേഹം ശിപാൎശചെയ്തിരിക്കുന്നതിനെപ്പററി താൻ അൽഭുതപ്പെടുന്നു എന്നും ഗവർണർ എത്രതന്നെ മാന്യനായിരുന്നാലും അദ്ദേഹത്തിൻെറ എഴുത്തനുസരിച്ചു താൻപണം കൊടുക്കാൻ തയാറില്ലന്നും ആണു ബെഞ്ചമിൻെറ അഛൻ ഹോംസിനെ ധരിപ്പിച്ചതു. ഈ വിവരംഗ്രഹിച്ചു ബെഞ്ചമിൻഭഗ്നാശയനായി മടങ്ങിപ്പോകാൻ തീൎച്ചയാക്കി. തൻെറപൂൎവമിത്രമായ കോളിൻസുക്രൂടി ന്യൂയോൎക്കിലേക്കു ചെല്ലുന്നുണ്ടെന്നുപറഞ്ഞതിനാൽ ബെഞ്ചമിൻ അല്പംസന്തോഷമുള്ളവനായിത്തീൎന്നു. എന്നാൽപുറപ്പെടാൻ ബെഞ്ചമിനു സ്വല്പം ദിവസംക്രൂടി താമസമുണ്ടെന്നു കണ്ടപ്പോൾ കോളിൻസു അയാളുടെ പുസ്തകസഞ്ചയത്തെ ബെഞ്ചമിൻെറ പക്കൽ ഏല്പിച്ചിട്ടു മുന്നെക്രൂട്ടിപുറപ്പെട്ടു. ഒടുവിൽ പിതാവിൻെറ മറുപടിയും അനുഗ്രഹങ്ങളും വാങ്ങിക്കൊണ്ടു ബെഞ്ചമിനും യാത്രയായി.

അയാൾ ഏറെതാമസിയാതെ ന്യൂയോൎക്കിൽ ചെന്നുചേൎന്നു. കോളിൻസ് ഏതാനും ദിവസം മുമ്പുതന്നെ അവിടെ എത്തിയിരുന്നു. ഇവർ ബാല്യസ്നേഹിതന്മാരും സബ്രഹ്മചാരികളും സമവയസ്കന്മാരും ആണ്. ബെഞ്ചമിൻ കണക്കുശാസ്ത്രത്തിൽ എത്ര പാണ്ഡിത്യക്കുറവുള്ളവനായിരുന്നുവൊ കോളിൻസ് ആ ശാസ്ത്രത്തിൽ അത്രയും നിപുണനായിരുന്നു. ആദ്യകാലത്തിൽ നല്ലനിലയിലും അന്തസ്സിലും കഴിച്ചുവന്നിരുന്ന കോളിൻസ് ബെഞ്ചമിൻെറ സഹവാസം വിട്ടതുമുതൽ മദ്യപനായിത്തീൎന്നിരുന്നു. ഇയാൾ ന്യൂയോൎക്കിൽ എത്തിയനാൾ മുതൽ പൂൎവാധികം മദ്യപാനാസക്തനായിത്തീൎന്ന് കൈവശം ഉണ്ടായിരുന്ന പണം മുഴുവൻ ചിലവാക്കി കിട്ടുന്നിടത്തോളം കടവും വരുത്തിവച്ചിരുന്നു. കടം വീട്ടാൻ മാൎഗ്ഗം ഇല്ലാതെ വലയുന്നതുകണ്ടു ബെഞ്ചമിൻ ആൎദ്രമാനസനായി ആ ഭാരം ഏററു.

ബെഞ്ചമിന്റെ കൈവശം വളരെ പുസ്തകങ്ങൾ ഇരിക്കു ന്നുണ്ടെന്നുള്ള വിവരം കപ്പിത്താൻമുഖേന ന്യൂയോക്കിലെ ഗവർണർ ഗ്രഹിച്ചിട്ടു അയാളെ ഗവർണർതന്റെ വാസസ്ഥലത്തേക്കു ക്ഷണിച്ചു. ഇപ്രകാരം അയാൾക്കു രണ്ടു ഗവർണ്ണരന്മാരുടെ മിത്രത്വം ഉണ്ടായി. നിസ്സഹായനായ ബാലനു ഇതു അത്യധികം വിലയേറിയ ഒരു അന്തസ്സും സഹായമാർഗ്ഗവും ആണെന്നുള്ളതിനു സംശയമില്ല. ന്യൂയോക്കു ഗവർണർ ബെഞ്ചമിനെ സാദരംസ്വീകരിച്ചു. ഇരുവരും തമ്മിൽ പുസ്തകങ്ങളെപ്പററിയും പുസ്തകകാരന്മാരെപ്പററിയും പല സംഭാഷണങ്ങൾ നടത്തി.

തദനന്തരം ബെഞ്ചമിനും കോളിൻസ്സുംകൂടി ഫിലദൽഫിയായിലേക്കു പുറപ്പെട്ടു. വല്ലതും ഒരു ജോലി ലഭിക്കാനായി കോളിൻസ് ചില ശിപാശ്ശുകൾകൂടി സമ്പാദിച്ചുകൊണ്ടാണ് പുറപ്പെട്ടതു. അയാളുടെ മദ്യഗന്ധവും മലിനവേഷവും അയാൾക്കു പ്രതികൂലികളായി ഭവിച്ചു. ആരും അയാളെ ജോലിയിൽ ഏൎപ്പെടുത്തിയില്ല. ആകയാൽ അയാളെ പോറേറണ്ടഭാരംകൂടി ബെഞ്ചമിൻ വഹിക്കേണ്ടതായ്തീൎന്നു. കോളിൻസിന്റെ മദ്യപാനാസക്തിയെപ്പററി ബെഞ്ചമിൻ പലപ്പോഴും ഗുണദോഷിച്ചിട്ടും ആസ്സു കോളിൻസിനെ വിട്ടുപിരിഞ്ഞില്ല. ദുസ്സ്വഭാവങ്ങൾ ഒരിക്കൽ ശീലിച്ചുപോയാൽ പിന്നെ ഉപേക്ഷിക്കുന്നതിനുള്ള പ്രയാസം അത്രമാത്രമുണ്ട്. ഒടുവിൽ ആപ്തമിത്രങ്ങളായിരുന്ന അവർ തമ്മിൽ മുഷിഞ്ഞു പിരിഞ്ഞു.

-

അഛന്റെ മറുപടി ഗവർണർവായിച്ചു ഇങ്ങനെ മറുപടിപറഞ്ഞു "ആകട്ടെ, തന്റെ അഛൻ തന്നെ സഹായിക്കയില്ലെങ്കിൽ ഞാൻതന്നെ ആ കാൎയ്യം വഹിക്കാം. ഒരുവിധം നോക്കുന്നതായാൽ തന്റെ അഛൻ പറയുന്നതു ന്യായമാണ്. എങ്കിലും എല്ലാകാൎയ്യങ്ങൾക്കും വ്യത്യസ്തങ്ങൾ ഇല്ലെ?

വിവേകംചിലപ്പോൾ പ്രായത്തെ ആശ്രയിച്ചല്ലാതെയും കാണപ്പെടാറുണ്ട്. അതു തന്റെ അഛൻ ആലോചിച്ചില്ല. എന്തെല്ലാം സാമാനങ്ങൾ ആവശ്യമുണ്ടെന്നുള്ളതിലേക്ക ഒരു ലിസ്റ്റ് തയ്യാറാക്കികാണിക്കണം. അതിലേക്ക വേണ്ടചിലവു തല്കാലം ഞാൻ ചെയ്യാം" ഈ വാക്കുകൾകേട്ടു ബെഞ്ചമിൻ ആമോദമഗ്നനായ്തീൎന്നു. മററാരോടെങ്കിലും അയാൾ ഗവൎണ്ണരുടെ വാഗ്ദത്തത്തെപ്പററി പറഞ്ഞിരുന്നെങ്കിൽ അത്ര സന്തോഷിക്കാൻ ഇടയാകുകയില്ലായിരുന്നു. എന്തെന്നാൽ ഈ ഗവൎണ്ണർ സ്ഥിരസ്വഭാവിയും കണിശക്കാരനും അല്ലായിരുന്നു. ഒട്ടുവളരെ വാഗ്ദത്തംചെയ്തു ആളുകളെ ഭ്രമിപ്പിക്കയെല്ലാതെ വാസ്തവമായ യാതൊരു ഗുണവും അദ്ദേഹത്തിൽ നിന്നു അന്യന്മാൎക്ക ലഭിച്ചിരുന്നില്ല. അങ്ങോട്ടേക്ക അപേക്ഷിക്കപോലും ചെയ്യാതെ ഇത്ര വലിയ സഹായം ചെയ്തുകൊടുക്കുന്നതിനു ഒരുങ്ങിയിരിക്കുന്ന മഹാമനസ്കനെപ്പററി ബെഞ്ചമിനു യാതൊരു ദുസ്സംശയവും ഉണ്ടായില്ല. ഒരാളിന്റെ സൂക്ഷ്മസ്വഭാവം ഗ്രഹിച്ചിട്ടല്ലാതെ ആൎക്കും ഇങ്ങനെയുള്ള വിഷയത്തിൽ അവിശ്വാസം ജനിക്കുന്നതിനു ഇടയുമില്ല. ഗവൎണ്ണരുടെ നിയോഗപ്രകാരം ബെഞ്ചമിൻ ഏകദേശം നൂറുപവൻ ചിലവുവേണ്ടിവരുന്ന ഒരു ലിസ്റ്റ് തയ്യാറാക്കി. സാധനങ്ങൾ ഇഷ്ടംപോലെ തിരിഞ്ഞെടുത്തു കൊണ്ടുപോരുന്നതിനു ബെഞ്ചമിൻതന്നെ ഇംഗ്ലണ്ടിലേക്ക ഒന്നുപോയി വരുന്നതു നന്നായിരിക്കുമെന്നു ഗവൎണ്ണർ അഭിപ്രായപ്പെട്ടു.

ബെഞ്ചമിൻ ബോസ്റ്റനിൽനിന്നു ഫിലദൽഫിയായിലേക്ക വരുംവഴി തന്റെ ഭക്ഷണവിഷയത്തിൽ അല്പംഒരുഭേദം വരുത്തിയവിവരം ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണു. വളരെക്കാലമായി അയാൾ മത്സ്യംഭക്ഷിക്കാറില്ലായിരുന്നു. നിരപരാധികളായ ഈ ജന്തുക്കളെ ഹിംസിക്കുന്നതു ഒരുതരം കലപാതകം തന്നെയാണെന്നു തോന്നീട്ടാണു അ

യാൾ ആയ്ത വർജിച്ചിരുന്നതു. എന്നാൽ വഴിമദ്ധ്യെ കപ്പൽക്കാർ ഒട്ടവളരെ മൽസ്യങ്ങളെ പിടിച്ച പാകംചെയ്ത അവസരത്തിൽ അതിൻെറ ഗന്ധം ഹിതകരമായിരുന്നതിനാൽ അയാൾ പൂൎവരീതിയെ ഒന്ന ഭേദപ്പെട്ടത്തി. എന്നുതന്നെയുമല്ല വലിയ മത്സ്യങ്ങളെ കീറിക്കണ്ടപ്പോൾ അവയുടെ ഉള്ളിൽ അനേകം ചെറിയ മൽസ്യങ്ങൾ കിടക്കുന്നതായികണ്ടു അയാൾ ഇങ്ങനെ ആലോചിക്കയും ചെയ്തു. "അഹാ! നിങ്ങൾക്ക ഈ ചെറിയജന്തുക്കളെ ഭക്ഷിക്കാമെങ്കിൽ ഞങ്ങൾക്കനിങ്ങളെ ഭക്ഷിക്കുന്നതുകൊണ്ട യാതൊരുപാപവും വരാനില്ല". അന്നുമുതൽ അയാൾ വീണ്ടും മൽസ്യഭക്ഷകൻ ആയ്തീൎന്നു. ആലോചനാശക്തി എന്ന ഒരു അനുഗ്രഹം ഈശ്വരൻമനുഷ്യൎക്ക കൊടുത്തിരിക്കുന്നതു വലിയ ഉപകാരംതന്നെ. ആവശ്യംപോലെ ഓരൊ പ്രവൃത്തിക്കുംഅപ്പഴപ്പോൾ ന്യായവും യുക്തിയും കണ്ടുപിടിച്ചുകൊള്ളാമെല്ലൊ.

കീമറും ബെഞ്ചമിനുംതമ്മിൽ ഈകാലമെല്ലാം വലിയ സഖിത്വത്തിൽ കഴിഞ്ഞുകൂടി. പലപ്പോഴും ഇവർതമ്മിൽ ഓരോ പ്രമേയങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടക്കാറുമുണ്ടായിരുന്നു. മിക്കപ്പോഴുംകീമർ തോൽക്കുകയായിരുന്നു പതിവു. അങ്ങിനെയിരിക്കെ കീമർ ഒരു പുതിയ സംഘം സ്ഥാപിക്കാൻ ഉദ്യമിച്ചു. ഈ വിഷയത്തിൽഅയാൾ പ്രാസംഗികനായും ബെഞ്ചമിൻ എതിരാളികളെ ഖണ്ഡിക്കുന്നവനായും ഇരിക്കണമെന്നായിരുന്നു കീമറിൻെറ താല്പൎയ്യം. എന്നാൽ കീമറുടെഏതാനും അഭിപ്രായങ്ങൾ ബെഞ്ചമിനു രസിച്ചില്ലാ. പുരുഷന്മാർ താടി മീശ വളൎത്തേണ്ടതാണെന്നും മററുമുള്ള ചിലസംഗതികളാണ ബെഞ്ചമിൻ പ്രതിഷേധിച്ചതു. മാംസഭക്ഷണം മനുഷ്യർ ഉപേക്ഷിക്കേണ്ടതാണെന്ന ബെഞ്ചമിനു അഭിപ്രായം ഉണ്ടായിരുന്നതിനാൽ ആ ഭാഗംകൂടി തൻെറപ്രസംഗങ്ങളിൽ ഉൾപ്പെടുത്തുന്ന പക്ഷം കീമറിൻെറ ഉദ്ദേശ

ങ്ങളോട്ട താനും യോജിക്കാമെന്നു ബെഞ്ചമിൻ പറഞ്ഞു.

തന്റെ ശരീരസ്ഥിതിക്കു മാംസാഹാരം ഉപേക്ഷിക്കുന്നതു ദോഷകരമായിത്തീരുമെന്നു ആദ്യം കീമർ വിചാരിച്ചു. "യാതൊരു ദോഷവും ഉണ്ടാകയില്ലെന്നു തന്നെയല്ലാ പല ഗുണങ്ങൾ ഉണ്ടാകുകയും ചെയ്യും" എന്നു ബെഞ്ചമിൻ ഉറപ്പുകൊടുത്തതനുസരിച്ചു മൂന്നുമാസം രണ്ടുപേരും സസ്യഭക്ഷണം പരീക്ഷിച്ചു നോക്കി. മാംസസംബന്ധമായ യാതൊന്നും ഈ കാലത്തു അവർ ഭക്ഷിച്ചില്ലാ. വലിയ ധനികനല്ലായിരുന്ന ബെഞ്ചമിനു ഈ രീതി വളരെ ആദായകരമായിരുന്നു. മൂന്നുമാസം കഴിഞ്ഞപ്പോൾ കീമർ വീണ്ടും പൂർവ്വരീതിയെ കൈക്കൊണ്ടു. ബെഞ്ചമിൻ പിന്നീടും സസ്യഭക്കായിതന്നെവർത്തിച്ചു.

ബെഞ്ചമിന്റെ സഖാക്കൾ എല്ലാവരും പുസ്തകവായനയിൽ ഔൽസുക്യം ഉള്ളവരായിരുന്നു. ഈ കൂട്ടത്തിൽ ചിലർകവികളുംകൂടി ആയിരുന്നു. ഭാഷാപരിചയത്തിനു വല്ലപ്പോഴുമൊക്കെ പദ്യം എഴുതുന്നതു നന്നാണെന്നു മാത്രമെ ബെഞ്ചമിനു അഭിപ്രായമുണ്ടായിരുന്നൊള്ളു.

ബെഞ്ചമിനും സഖികളും പ്രത്യേകം പ്രത്യേകം ഓരോ പദ്യകൃതികൾ നിർമ്മിക്കണമെന്നും അടുത്ത അവസരത്തിൽ തമ്മിൽ കാണുമ്പോൾ ഇവയെപ്പററി പരസ്പരം ഗുണദോഷനിരൂപണം നടത്തണമെന്നും ഒരിക്കൽ പറഞ്ഞു നിശ്ചയിച്ചു. മററുജോലി തിരക്കുഹേതുവായി ബെഞ്ചമിൻ ശ്ലോകം എഴുതിയില്ലാ. എന്നാൽ സഭക്രൂടുന്നതിന്റെ തലേദിവസം സ്നേഹിതന്മാരിൽ ഒരാൾ അയാളുടെ കൃതി ബെഞ്ചമിനെ കാണിച്ചു അഭിപ്രായം ചോദിച്ചപ്പോൾ "വളരെ സരളമായിരിക്കുന്നുണ്ടു" എന്നു അയാൾ സമ്മതിച്ചു. മററെയാൾ നമ്മുടെ സംഘക്കാർ എന്റെ കൃതിയെ വിലവയ്ക്കുകയില്ല അസൂയനിമിത്തം അവരിൽ ചിലർ ഇതിനു ആയിരംകുറ്റം അററ

കുററംപറയും. അതുകൊണ്ടു് ഇതു നിങ്ങളുടേതാണെന്നുള്ള വ്യാജേന നിങ്ങൾ ഹാജരാക്കണം. അപ്പോൾ അവരുടെ യോഗ്യത നമുക്കു് ബോധപ്പെട്ടും" എന്ന പറഞ്ഞു. അപ്രകാരം തന്നെ അടുത്തദിവസം ബെഞ്ചമിൻ പ്രവൎത്തിച്ചു. ബെഞ്ചമിന്റെ ശ്ലോകങ്ങൾ അത്യന്തം മനോഹരങ്ങളാണെന്ന സഭ ഐകകണ്ഠ്യേന സംവദിച്ചു. ഇത്രമാത്രം അൎത്ഥപുഷ്ടിയും ശബ്ദഭംഗിയും തന്മയതാവും [illegible]വും മാധുൎയ്യവും ഉള്ള കൃതി സാധാരണയായി കാ[illegible]ലരും ശ്ലാഘിച്ചു പറഞ്ഞു. ഒടുവിൽ കൌശ[illegible]പ്പോൾ എല്ലാവരും ഹാർദ്ദമായി ചിരിച്ചു. [illegible]ാംഗങ്ങൾ ഓരോരുത്തരായി പിരിഞ്ഞു പല[illegible]സം തുടങ്ങി. ബെഞ്ചമിനും ഒരു സ്നേഹിത[illegible] രസകരമായ ഒരു വ്യവസ്ഥയോടു കൂടിയാണ[illegible]ങ്ങളിൽ ആരു ആദ്യം പരലോകത്തിൽ എ[illegible] ആൾ സ്നേഹപൂൎവ്വം വീണ്ടും ഭൂമിയിൽ വന്നു പര[illegible]സ്ഥിതിയെപ്പററി മററെയാളിനോടു വൎണ്ണിക്കണമെന്നായിരുന്നു ഇവരുടെ കരാറ്. പക്ഷെ ആദ്യം മരിച്ച ആൾ ഈ കാൎയ്യം നിറവേററിയില്ല എന്ന ബെഞ്ചമിൻ പറയുന്നു.

ഈ ഇടയ്ക്കു ബെഞ്ചമിൻ പല തവണ ഗവൎണ്ണരുടെ ഗൃഹത്തിൽ പോകാറുണ്ടായിരുന്നു. അച്ചടിയന്ത്രങ്ങൾ വാങ്ങിക്കുന്നതിന്നു ഇംഗ്ലണ്ടിലേക്കു പോകാൻ വേഗത്തിൽ തയാറായി കൊള്ളേണമെന്നു ഗവൎണ്ണർ അപ്പോഴൊക്കയും അയാളോടു ചട്ടം കെട്ടാതെയുമിരുന്നില്ലാ. ഇംഗ്ലണ്ടിലേക്കു പോകുമ്പോൾ ഗവൎണ്ണരുടെ വക ചില എഴുത്തുകൾ കൂടികൊണ്ടുപോകുന്നമെന്നും അവശ്യമായി ഇന്നപ്പോൾ വരണമെന്നും ബെഞ്ചമിൻ നിയോഗിക്കപ്പെട്ടു. എന്നാൽ അപ്പോഴും പിന്നീടു പല സന്ദർഭങ്ങളിലും ചെന്നതിൽ എഴുത്തുകൾ കിട്ടിയില്ലാ. ഓരോരിക്കലും "പിന്നീടാകട്ടെ", "ഇപ്പോൾ ബദ്ധപ്പാടാണു്" എന്നു് ഒഴികഴിവു കേട്ടുകൊണ്ടു അയാൾ മടങ്ങേണ്ടിവന്നു.

ക്കവിൽ പുറപ്പെടാനുള്ള ദിവസം ആയി. ബെഞ്ചമിൻ ഗവൎണ്ണരുടെ എഴുത്തുകൾക്കായി ചെന്നു. അദ്ദേഹം എന്തൊ അടിയന്തിരജോലിയിൽ പ്രവേശിച്ചിരിയ്ക്കുന്നതിനാൽ എഴുത്തുകൾ അടുത്ത പട്ടണത്തിലേക്ക എത്തിച്ചുകൊടുക്കാമെന്നു പറഞ്ഞിരിക്കുന്നതായി സിക്രട്ടറി വന്നുപറഞ്ഞു. ബെഞ്ചമിൻ റാൽഫ് എന്ന ഒരു സ്നേഹിതനുമായി ഇംഗ്ലണ്ടിലേക്ക കപ്പൽ കയറി. കപ്പൽ അടുത്ത പട്ടണമായ ന്യൂക്കാസിലിൽ എത്തി. ഗവൎണ്ണർ അവിടെയുണ്ട്. എന്നാൽ എഴുത്തുകൾ വാങ്ങാനായി ബെഞ്ചമിൻ ഹാജരായപ്പോൾ അദ്ദേഹം അടിയന്തിര ജോലിയിൽ ആണെന്നും തൽക്കാലം കാണാൻ സൌകൎയ്യപ്പെടുകയില്ലെന്നും കപ്പൽ പുറപ്പെടുന്നതിനുമുമ്പ് എഴുത്തുകൾ കപ്പിത്താനെ ഏല്പിക്കാമെന്നും സിക്രട്ടറി ആ അവസരത്തിലും പറഞ്ഞു. ബെഞ്ചമിൻ അല്പം ഒന്നു പരിഭ്രമിച്ചു എങ്കിലും അധൈൎയ്യപ്പെടുകയൊ ഗവൎണ്ണരുടെ നടപടികളെപ്പററി സംശയിക്കയൊ ചെയ്തില്ല.

—:—

൯-ാം അദ്ധ്യായം.

—0—

ലണ്ടൻ താമസം.

കപ്പൽ ന്യൂയോൎക്കിൽ നിന്നു പുറപ്പെടുന്നതിനു അല്പം മുമ്പു ഗവൎണരുടെ കീഴിലുള്ള ഒരു പ്രധാന ഉദ്യോഗസ്ഥനെ അവിടെ കണ്ടതുകൊണ്ടു എഴുത്തുകൾ ആ ആൾ കപ്പിത്താനെ ഏല്പിച്ചിരിക്കുമെന്നു ബെഞ്ചമിൻ വിശ്വസിച്ചു. അതനുസരിച്ചു അയാൾ കപ്പിത്താനോടു ചോദിച്ചപ്പോൾ എല്ലാ

ക്കടി ഒരുസഞ്ചിയിൽ ഇട്ടുകെട്ടിവച്ചിരിക്കുന്നതിനാൽപിന്നീട്ട തിരിഞ്ഞെടുത്തു കൊടുക്കാമെന്നു കപ്പിത്താൻ മറുപടിപറഞ്ഞു. ബെഞ്ചമിൻ സമാധാനപ്പെട്ടു. ഈ യാത്രയിൽഅയാൾക്ക ഡൻഹാം എന്ന ഒരു പുതിയ സുഹൃത്തിനെ ലഭിച്ചു. ഇവർക്കുതമ്മിൽ മാർഗ്ഗമദ്ധ്യെ ആകസ്മികമായി ഉണ്ടായ സൗഹാർദം ആജീവനാന്തം നിലനിന്നു. കപ്പൽ ഇംഗ്ലണ്ടിൽ അടുക്കാറായപ്പോൾ എഴുത്തുകൾ തിരിഞ്ഞെടുത്തുകൊള്ളുവാൻബെഞ്ചമിനു കപ്പിത്താൻെറ അനുമതിലഭിച്ചു. അഞ്ചോ ആറൊ എഴുത്തുകൾ അയാൾ എടുത്തു. ഒന്നുഇംഗ്ലണ്ടിലെ ഒരു വലിയ മുദ്രാലയ ഉടമസ്ഥൻെറയും മറെറാന്നു ഒരുകടലാസു വ്യാപാരിയുടെയും പേൎക്കു ഉള്ളവയായിരുന്നു. ൧൭൨൪ ഡിസംബർ ൨൪-ാംനു- അയാൾ ലണ്ടൻ നഗരത്തിൽ എത്തി. കടലാസു വ്യാപാരിയെ ആദ്യമായി കണ്ട് എഴുത്തുഅയാളുടെ പക്കൽ കൊടുത്തു. അങ്ങിനെ ഒരാളിനെഅറിയുകയില്ലന്നു പറഞ്ഞുകൊണ്ട് വ്യാപാരി എഴുത്തുതുറന്നുവായിച്ചു "ഓഹൊ! ഇങ്ങനെയൊ? ഈ ആൾ മഹാകള്ളനാണ്. എഴുത്തുകൊണ്ടുയാതൊരുപ്രയോജനവുംഇല്ലാ." എന്നുപറഞ്ഞു വ്യാപാരിപോയി. എഴുത്തുഗവർണരുടെതല്ലായിരുന്നുഎന്നു അപ്പോളത്രെ ബെഞ്ചമിൻ ഗ്രഹിച്ചുള്ളു. പിന്നീട്ട മിസ്റ്റർഡൻഹാമിനെ കണ്ടു അയാളോടു ബെഞ്ചമിൻ വിവരം എല്ലാം പറഞ്ഞു. ഗവർണ്ണർ നല്ലഉദ്യോഗസ്ഥനാണെങ്കിലുംഅദ്ദേഹത്തിൻെറ സ്വകാൎയ്യനടപടികൾ മഹാമോശമാണെന്നുംആളിനു കണിശവും നേരും വളരെ കുറവാണെന്നുംഅദ്ദേഹംഇപ്രകാരം പലരേയും പറഞ്ഞുകളിപ്പിക്കാറുണ്ടെന്നും ഡൻഹാം പറഞ്ഞു. അതിൻെറശേഷം ഉദാരനായ ഡൻഹാം ബെഞ്ചമിന് ലണ്ടനിലെ അച്ചടിശാലകളിൽ എവിടെയെങ്കിലുംഒരു പണിയുണ്ടാക്കികൊടുപ്പാൻ ശ്രമിക്കാമെന്നു ഏററു. അതു കേട്ട് ബെഞ്ചമിനും അയാളോടുക്കൂടി ഫിലഡൽഫിയായിൽനിന്നുപോന്നിരുന്ന റാൽഫ് എന്നസ്നേഹിതനുംക്കൂടിസമീപത്തുള്ള ഒരു സത്രത്തിൽ താമസംതുടങ്ങി. അയാളുടെ പക്കൽ

ഉണ്ടായിരുന്ന പണംകൊണ്ടു രണ്ടുപേരുമായി ചിലവുകഴിച്ചു വന്നു. റാൽഫ് ജോലി അന്വേഷിച്ചു പലസ്ഥലങ്ങളിൽ നടന്നിട്ടും അയാൾക്കു ജോലികിട്ടിയില്ല. ബഞ്ചമിനു ഡൻഹാമിന്റെ ശിപാൎശ്പ്രകാരം പ്രയാസം കൂടാതെ ഒരു ജോലിലഭിച്ചു. അയാൾ അവിടെ ഒരാണ്ടു കഴിച്ചുകൂട്ടി. റാൽഫിനെ കൂടിവഹിക്കേണ്ടിയിരുന്നതിനാൽ മടങ്ങിപ്പോകുവാൻപണം ഇല്ലാതെ ബഞ്ചമിൻ കുഴങ്ങി. അങ്ങിനെയിരിക്കെ റാൽഫ് ഒരു സ്കൂൾമാസ്റ്ററായി എവിടെയ്യോ പോയി. ബഞ്ചമിനും അതിൽപിന്നെ കുറെകൂടി വലിയഒരു അച്ചടിശാലയിലേക്കുമാറി. അവിടെ അയാൾ അച്ചടിക്കാരനായും അച്ചുനിരത്തുകാരനായും ജോലിചെയ്യേണ്ടിവന്നു. ശരീരവ്യായാമത്തെ പ്രധാനമായിഗണിച്ചിരുന്ന അയാൾക്കു ഇതുസന്തോഷകരമായ്തീൎന്നു. അയാളോടുകൂടിപണിഎടുത്തിരുന്നവരായ അമ്പതോളം ആളുകൾ മദ്യപന്മാരും ബഞ്ചമിൻമാത്രം ശുദ്ധജലം പാനംചെയ്യുന്നവനും ആയിരുന്നതിനാൽ കൂട്ടുകാൎക്കു ആദ്യകാലത്തിൽ അയാളോടു അല്പം നീരസം തോന്നിയിരുന്നെങ്കിലും അയാളുടെ ശീലഗുണവും ജോലിശേഷിയും കണ്ടു അവർ എല്ലാവരും അയാളെ സ്നേഹിക്കാൻതുടങ്ങി. ചിലപ്പോൾ ഓരോകയ്യിൽ ഓരോഫാറം എടുത്തുകൊണ്ടു അയാൾ അനായാസേന ഗോവേണിപ്പടികളിൽ കൂടി കയറിപ്പോകുക പതിവായിരുന്നു. മററുജോലിക്കാൎക്കു ഒരു ഫാറം മാത്രമെ വഹിച്ചുകൊണ്ടു പോകാൻ കഴിഞ്ഞുള്ളു. വെള്ളംകുടിക്കുന്ന അമേരിക്കൻ ബീയർകുടിക്കുന്ന തങ്ങളെക്കാൾ കരുത്തനാണല്ലോ എന്നു കൂട്ടുകാർ മിക്കപ്പോഴും ആശ്ചൎയ്യപ്പെടാറുണ്ടായിരുന്നു. വേലക്കാരിൽ ഒരാൾ മദ്യപാനവിഷയത്തിൽ വെറും അന്ധനായിരുന്നു. രാവിലേയും ഉച്ചയ്ക്കും രാത്രിയിലും ഒരിക്കലും അയാൾ ഇതു ഉപേക്ഷിക്കാറുണ്ടായിരുന്നില്ല. ഇയാളുടെ പ്രവൃത്തി ബഞ്ചമിനു അത്യന്തം ഗൎഹ്യമായിതോന്നി. വേലക്കാൎക്കു മദ്യപാനംചെയ്യാതെ അദ്ധ്വാനിക്കാൻ സാധിക്കുകയില്ലെന്നു അവരിൽ ചിലർ തെററായി ധരിച്ചിരുന്നു. ബീയർകൊ

ണ്ടാണ്ടാകാവുന്ന ദേഹബലം ബീയർ ഉണ്ടാക്കാൻ ആവശ്യ പ്പെടുന്ന ധാന്യത്തിൻെറ തുകയെ ആശ്രയിച്ചു മാത്രമെ ഇരി ക്കു എന്നും ബീയറിന്ന കൊടുക്കുന്ന വിലയ്ക്കു റൊട്ടിവാങ്ങി ഭ ക്ഷിക്കുന്നതായാൽ ബീയറിൽനിന്ന കിട്ടുന്നതിനെക്കാൾ വളു രെ അധികം ധാന്യമാവു ശരീരത്തിൽ ചേരുമെന്നും, ആകയാ ൽ സ്വല്പം വെള്ളവും റൊട്ടിയുംകൂടി ഭക്ഷിക്കുന്നതു ശരീരബ ലത്തിനും ധനലാഭത്തിനും വളരെ ഉതകുന്നതാണെന്നും ബെ ഞ്ചമിൻ പല അവസരങ്ങളിലും സഹകാരികളോടു പ്രസം ഗിക്കാറുണ്ടായിരുന്നു. എന്നാൽ ആദ്യം അവർ അയാളുടെ ന്യാ യങ്ങളെ വിലവയ്ക്കാതെ ആഴ്ചതോറും അത്യധ്വാനം ചെയ്തു കിട്ടുന്ന കൂലിപ്പണത്തിൽ ഒരു പ്രധാനഭാഗം ഈ പുളിച്ചവെ ള്ളത്തിനുവേണ്ടി നിരുപയോഗമായി കളഞ്ഞുവന്നു. എങ്കി ലും അയാളുടെ ശ്രേഷ്ഠസ്വഭാവവും സദുപദേശവും കാൎയ്യപ്രാ പ്തിയുംകൊണ്ടു കാലക്രമേണ അവർ അയാളെ അനുകരിക്കാ ൻ ആരംഭിക്കാതെയിരുന്നില്ല. ബെഞ്ചമിൻെറ കാലക്ഷേപരീ തി വളരെനാൾ സൂക്ഷിച്ചപ്പോൾ കൂട്ടുപണിക്കാൎക്ക അതിൽ കൌതുകംതോന്നി. ഇങ്ങനെ അവർ തങ്ങളുടെ ദുസ്സ്വഭാവ ത്തെ ഉപേക്ഷിച്ചു നാട്ടിനും വീട്ടിനും കൊള്ളാവുന്നവരായ്തീ ൎന്നു. വിചാരഹീനന്മാരായിരുന്ന ഇവരെ സന്മാൎഗ്ഗപ്രധാന മാ വിൽ ചരിപ്പിച്ചതു ബെഞ്ചമിൻെറ സ്നേഹപൂൎവ്വമായ സദുപ ദേശങ്ങളാണെന്നുള്ളതിന്ന സംശയമില്ല.

ബെഞ്ചമിന്ന ഈ അച്ചടിശാലയിൽവച്ചു വൈഗേററ് എന്ന ഒരു സ്നേഹിതനെലഭിച്ചു. ഈ സ്നേഹിതൻ സാമാ ന്യം നല്ല സ്വത്തുകാരനും വിദ്വാനും ആയിരുന്നു. ലാററിൻ, ഫ്റഞ്ചു, മുതലായ പലഭാഷകൾ വൈഗേററിന്ന അറിയാ മായിരുന്നതുകൊണ്ടു ആ ഭാഷകളിലെ പുസ്തകങ്ങൾ വായിച്ചു കേൾക്കാൻ ബെഞ്ചമിന്ന അവസരംകിട്ടി. ബെഞ്ചമിൻവൈഗേ ററിനേയും മററുചില സ്നേഹിതന്മാരെയും അക്കാലം നീന്തു പഠിപ്പിച്ചു. ഒരിക്കൽ അയാൾ തൻെറ ജലലീലാപാടവ

ത്തെ ഒരു മാന്യസദസ്സിന്റെ സന്നിധിയിൽ പ്രദൎശിപ്പിച്ചപ്പോൾ പ്രേക്ഷകന്മാർ എല്ലാവരും അത്യന്തം വിസ്മയപ്പെട്ടു. നീന്തുസംബന്ധമായി പല ലഘുലേഖകൾ എഴുതി അയാൾ പ്രചരിപ്പിച്ചിട്ടുണ്ടു. ഇങ്ങനെയിരിക്കെ ബെഞ്ചമിൻ ഡൺഹാമിനോടുകൂടി പെൻസിൽവേനിയായിലേക്കു പോകാൻ നിശ്ചയിച്ചു. ഡൺഹാം ആദ്യം ഇംഗ്ലണ്ടിൽ ബ്രിസ്റ്റൽ എന്ന സ്ഥലത്തു ഒരു വ്യാപാരപ്രവൃത്തിയിൽ ഏൎപ്പെട്ടിരുന്നപ്പോൾ വലിയ നഷ്ടം സഹിക്കേണ്ടിവന്നതിനാൽ കടക്കാരനായിത്തീൎന്നിട്ടു അമേരിക്കയിലേക്കു ചെന്നു വളരെ പണിപ്പെട്ടു ധാരാളം സ്വത്തു സമ്പാദിച്ചുകൊണ്ടു ഇംഗ്ലണ്ടിലേക്കു മടങ്ങിവരും വഴിയായിരുന്നു ബെഞ്ചമിനുമായി പരിചയപ്പെടാനിടയായതു.

ഈ ആൾ ഇംഗ്ലണ്ടിൽ എത്തിയ ഉടനെ തന്റെ പഴയ ഉത്തമൎണ്ണന്മാരെ ക്ഷണിച്ചുവരുത്തി ഒരു വിരുന്നുകൊടുത്തു കടക്കാർ എല്ലാവരും വെറും ഭക്ഷണംമാത്രമെ കരുതിയിരുന്നുള്ളു. എന്നാൽ ഓരോരുത്തരുടേയും പാത്രത്തിനു സമീപം ഡൺഹാം കൊടുക്കാനുണ്ടായിരുന്ന പണത്തിന്റേയും പലിശയുടേയും വിലയ്ക്കു ഓരോ നോട്ടും അയാൾ വച്ചിരുന്നു. ഇതും ഭക്ഷണവുംകൂടി ലഭിച്ചപ്പോൾ അവൎക്കുണ്ടായ സന്തുഷ്ടി ഇത്രമാത്രമെന്നു പറയാനില്ല.

അനന്തരം അയാൾ വീണ്ടും ഫിലഡൽഫിയായിലേക്കു പോകാൻ വട്ടംകൂട്ടി. ബെഞ്ചമിൻകൂടി ചെല്ലുന്നതിനും തന്റെ ഗുമസ്തനായിരിക്കുന്നതിനും അയാൾ ക്ഷണിച്ചു. വേല പരിചയിച്ചാലുടനെ ഒരു വ്യാപാരിയാക്കി തീൎക്കാമെന്നും ഡൺഹാം പറഞ്ഞിരുന്നു. ഈ അഭിപ്രായം ബെഞ്ചമിനു ഹിതമായി തോന്നാതെയിരുന്നില്ല. ലണ്ടനിലെ താമസം അയാൾക്കു മുഷിഞ്ഞുതുടങ്ങിയിരുന്നു. ആകയാൽ ആണ്ടിൽ അൻപതു പവൻ ശമ്പളത്തിന്മേൽ ഡൺഹാമിനോടുകൂടി ചെല്ലാമെന്നു അയാൾ സമ്മതിച്ചു.

ഈ വ്യവസ്ഥ അനുസരിച്ചു അയാൾ അച്ചടിശാലയിൽ നിന്നു പിരിഞ്ഞു ഡൻഹാമിനോടൊരുമിച്ചു പല സ്ഥലങ്ങളിൽ നടന്നു സാമാനങ്ങൾ ശേഖരിക്കുക മുതലായ ജോലിയിൽ ഏൎപ്പെട്ടു. അങ്ങിനെയിരിക്കെ ഒരു ദിവസം സർവില്യം വിന്ധം എന്ന മഹാൻ ബെഞ്ചമിനെ കൂട്ടിക്കൊണ്ടു ചെല്ലാൻ ആളയച്ചു. നീന്തിൽ ബെഞ്ചമിന്റെ അനിതരസാധാരണമായ പാടവത്തെപ്പററി കേട്ടിട്ടു അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരെ ഈ വിദ്യ അഭ്യസിപ്പിക്കാനായി ബെഞ്ചമിനെ ഏൎപ്പെടുത്താനായിട്ടാണു സർവില്യംവിന്ധം അയാളെ ക്ഷണിച്ചതു. എന്നാൽ കുട്ടികൾ ദൂരെ എവിടെയൊ ആയിരുന്നതിനാൽ ആ കാൎയ്യം അപ്പോൾ നടന്നില്ല.

ബെഞ്ചമിൻ ആകെ പതിനെട്ടുമാസം ലണ്ടനിൽ താമസിച്ചു. പുസ്തകങ്ങൾക്കായി വിശേഷാൽ ചിലവുചെയ്തതല്ലാതെ അത്യാവശ്യമില്ലായിരുന്ന യാതൊരു വിഷയത്തിലും അയാൾ ഒരു കാശുപോലും ചിലവാക്കിയില്ല. എന്നാൽ റാൽഫിന്റെ വകയ്ക്കായി താൻ ചിലവാക്കിയിരുന്ന ഇരുപത്തേഴപവൻ അയാളുടെ അപ്പോഴത്തെ ധനസ്ഥിതിക്കു വലിയ ഒരു നഷ്ടംതന്നെ ആയിത്തീൎന്നു. എങ്കിലും സൽസ്വഭാവിയും സരസനും ആയ റാൽഫിനോടു ബെഞ്ചമിനു ഒരിക്കലും രസക്ഷയം ഉണ്ടായില്ല. ലണ്ടനിലെ താമസംമൂലേന അയാൾപല മാന്യന്മാരുടേയും സ്നേഹിതനായ്ത്തീൎന്നതിനു പുറമെ സാരമേറിയ അനേകം പുസ്തകങ്ങൾ വായിച്ചു ജ്ഞാനം സമ്പാദിക്കയും ചെയ്തു.

—:o:—

൪—ാം അദ്ധ്യായം.

അച്ചടി.

൧൭൨൬ ജൂലയിമാസം ൨൩-ാംനു ബെഞ്ജമിൻ ലണ്ടനിൽനിന്നു പുറപ്പെട്ടു. അക്കാലത്തു ഗവർണർകീത്തു ഉദ്യോഗംവിട്ടു സ്വസ്ഥനായി താമസിക്കുകയായിരുന്നു. ഒരിക്കൽ അദ്ദേഹം ബെഞ്ജമിനെ വഴിയിൽവച്ചു കണ്ടപ്പോൾ ലജ്ജാനതവക്ത്രനായി ഒഴിഞ്ഞു പൊയ്ക്കളഞ്ഞു. മിസ് റീഡിനെ റോജേഴ്സ എന്നൊരാൾ വിവാഹംചെയ്തിരുന്നു. ദമ്പതികൾ തമ്മിൽ സ്വൈരം ഇല്ലാതെയിരുന്നതിനാൽ അവരുടെ ബന്ധുത്വം അചിരേണനാമാവശേഷമായ്തീൎന്നു. റോജേഴ്സ ഒരു ദീപാളിയായിരുന്നതിനാൽ ഋണമഗ്നനായി നാടുവിട്ടുപോയി വെസ്റ്റ് ഇൻഡീസിൽവച്ചുമരിച്ചു. കീമർ അച്ചടിജോലിയിൽ വളരെ പരിഷ്കാരങ്ങൾ വരുത്തി സുഖമായി താമസിക്കയായിരുന്നു.

മിസ്റ്റർ ഡൻഹാം ഒരു വലിയസ്ഥലം വാടകയ്ക്കെടുത്തു ബെഞ്ജമിനുമായിചേൎന്നു വ്യാപാരം ആരംഭിച്ചു. ബെഞ്ജമിൻകാലതാമസംകൂടാതെ നല്ല ഒരു വണിക്കായ്തീൎന്നു. ഡൻഹാമിനു അയാളുടെ മേൽ പുത്രനിൎവ്വിശേഷമായ വാൽസല്യം ഉണ്ടായിരുന്നതിനാൽ അവർ തമ്മിൽ അത്യന്താ യോജിപ്പിൽ വൎത്തിച്ചുവന്നു. ഇങ്ങിനെ നടന്നുവരവെ ൧൭൨൭-ൽ രണ്ടുപേൎക്കും ജ്വരംപിടിപെടുകയും ഡൻഹാം അതോടുകൂടി കഥാവശേഷനായ്തീരുകയും ഉണ്ടായി. അപ്പോൾ ബെഞ്ജമിൻ വീ

ണ്ടും നിസ്സഹായനായ്തീൎന്നു. അനന്തരം ആയാൾ കീമരുടെ അപേക്ഷപ്രകാരം അയാളുടെ മുദ്രാലയത്തിലെ മാനേജർപണിസ്വീകരിച്ചു. അവിടെ വേലക്കാരായി മെരിഡിത്തു എന്നുംപോട്സ എന്നും രണ്ടുപേർകൂടിയുണ്ടായിരുന്നു. ഇവരിൽ ആദ്യത്തെ ആൾ നല്ല പരമാൎത്ഥിയും ബുദ്ധിമാനും ലോകകാൎയ്യജ്ഞനും എല്ലാററിനും പുറമെ വായനയിൽ വളരെ ജാഗ്രതയുള്ളവനും പോട്സ വലിയ നേരംപോക്കുകാരനും സരസനും എന്നാൽ ഒരു കുഴിമടിയനും ആയിരുന്നു. ഇവൎക്കു പുറമേ മൂന്നു ചില്ലറ വേലക്കാരും ഉണ്ടായിരുന്നു. എല്ലാവരും വേലയിൽ പരിചയമില്ലാത്തവരായിരുന്നതിനാൽ നന്നെ കുറച്ച പ്രതിഫലത്തിന്മേൽ ഏൎപ്പെട്ടിരുന്നവരാണ്. ക്രമത്തിലധികംആദായം കൊടുത്തു ബെഞ്ചമിനെമാനേജരായി സ്വീകരിച്ചതിൽ കീമറിനു ഒരു പ്രത്യേക കരുതൽ ഉണ്ടായിരുന്നു. ജോലിയിൽ അപരിചിതന്മാരായിരുന്ന തന്റെ സ്ഥിരശമ്പളക്കാൎക്കു പണി ശീലമായാൽ ഉടനെ ബെഞ്ചിമിനെ പിരിച്ചുവിട്ടുകളയാമെന്ന് അയാൾ കാലേകൂട്ടിത്തന്നെനിശ്ചയിച്ചു. ബഞ്ജമിന്റെ ആഗമനത്തോടുകൂടി കീമറിന്റെ മുദ്രാലയത്തിനു അത്ഭുതപൂൎവ്വമായ ഒരു യശസ്സുണ്ടായി. അവിടുത്തെ കാൎയ്യങ്ങളെ എല്ലാം ബെഞ്ചമിൻ നല്ലവണ്ണം പരിഷ്കരിച്ചു. വേലക്കാർ തങ്ങളുടെ പുതിയമാനേജരോട് തന്നോടുള്ളതിനെക്കാൾ കൂടുതൽ വണക്കവും ഭക്തിയും പ്രദൎശിപ്പിക്കാൻ തുടങ്ങിയതു കീമറിന്റെഅസൂയക്കു ഹേതുവായ്തീൎന്നു. ക്രമേണ അയാൾ ബെഞ്ജമിനെ വെറുത്തു തുടങ്ങി. കുറെനാൾ കഴിഞ്ഞപ്പോഴേക്കു മററുപണിക്കാരും തങ്ങളുടെ ജോലിയിൽ സാമാന്യം നിപുണന്മാരായ്തീൎന്നു. ബെഞ്ജമിനെ കൂടാതെയും മുദ്രാലയ ജോലിഒരുവിധം ശരിയായി നടക്കുമെന്ന് നിശ്ചയം വന്നതോടു കൂടി കീമർ ആവശ്യമായും അനാവശ്യമായും ഗൌരവമായും ചില്ലറയായും ഉള്ള എല്ലാകാൎയ്യങ്ങളിലും ബെഞ്ജമിനെ ശാസിക്കാൻ ആരംഭിച്ചു. ഒരു ദിവസം വഴിയിൽ എന്തൊ ഒരു തകൎപ്പും ലഹളയും കേട്ട് സമീപഗൃഹങ്ങളിലുണ്ടായിരുന്ന പ

ലരും അതിന്റെ ഹേതു എന്തെന്നറിവാൻ ശ്രദ്ധിച്ച കൂട്ടത്തിൽ ബെഞ്ചമിനും അങ്ങോട്ടേക്കു നോക്കിക്കൊണ്ട് അല്പനേരം ഇരുന്നു പോയി. അതുകണ്ടു കീമർ കോപാക്രാന്തനായി അയാളെ അതിരുവിട്ടുശാസിച്ചു. ബെഞ്ചമിൻ ഉടൻതന്നെ ജോലിരാജി വച്ചുയാത്ര പറഞ്ഞു അവിടെ നിന്നു ഇറങ്ങിപ്പോയി. കൂട്ടു ജോലിക്കാരനായ മെരിഡിത്തു് വൈകുന്നേരം ബെഞ്ചമിന്റെ അടുക്കൽ ചെന്നു. കീമർ മിക്കവാറും കടത്തിൽ മുങ്ങിയിരിക്കയാണെന്നും അയാളുടെ ജോലി താമസംവിനാ മുടങ്ങാതിരിക്കയില്ലെന്നും ആകയാൽ ബെഞ്ചമിൻ സ്വയമായിഒരു അച്ചുക്കൂടം സ്ഥാപിക്കുന്നതു വളരെ ആദായകരമായിത്തീരുമെന്നും മെരിഡിത്തു അഭിപ്രായപ്പെട്ടു. പണം ഇല്ലെന്നുള്ള തടസ്സം ബെഞ്ചമിൻ പുറപ്പെടുവിച്ചപ്പോൾ മെരിഡിത്തു അതിനു ന്യായമായ ഒരു നിവൃത്തി കല്പിച്ചു. എങ്ങിനെയെന്നാൽ മെരിഡിത്തിന്റെ അഛനു ബെഞ്ചമിനെപററി വലിയ ബഹുമാനവും വിശ്വാസവും ഉണ്ടായിരുന്നതിനാൽ പണം അയാൾ ചിലവാക്കിക്കൊള്ളുമെന്നും ബെഞ്ചമിൻ ജോലി നടത്തിയാൽ മാത്രം മതിയാകുമെന്നും ആദായം സമമായി ഭാഗിച്ചു കൊള്ളാമെന്നും മെരിഡിത്തു പറഞ്ഞു.

ഈ അഭിപ്രായം ഉഭയകക്ഷികളും സമ്മതിച്ചതനുസരിച്ചു മെരിഡിത്തിന്റെ അഛൻ സാമാനങ്ങൾക്കായി ഇംഗ്ലണ്ടിലേക്കു എഴുതി അയച്ചു. ആ ഇടയ്ക്കു കീമറിന്റെ മുദ്രാലയത്തിൽ കുറെ ബാങ്ക് നോട്ടുകൾ അടിക്കേണ്ടിവരികയും അവയുടെ ചിത്രവേലക്കു വേറെ സമർത്ഥന്മാരായി ആരേയും കിട്ടാഴികയാൽ അയാൾ ബെഞ്ചമിനെ ക്ഷണിച്ചുകൊണ്ടുപോയി കാര്യം സാധിക്കയും ഉണ്ടായി. ഗവണ്മെന്റാവശ്യപ്രകാരമുള്ളതിൽ കൂടുതൽ എണ്ണം നോട്ടുകൾ അടിക്കാതെ സൂക്ഷിക്കാൻവേണ്ടി സർക്കാർ ഉദ്യോഗസ്ഥന്മാർ പലരും ആ ജോലി നടന്നുകൊണ്ടിരുന്നപ്പോൾ മുദ്രാലയത്തിൽ വരേണ്ടതായിവന്നുകൂടി. ഇവരുടെ സുഹൃല്ലാഭത്തിനു ബെഞ്ചമിനു ഇ

തൊരു നല്ല അവസരമായ്തീൎന്നു. ബാല്യാദാരഭ്യമാതാപിതാക്കന്മാരിൽനിന്നു മതവിശ്വാസവും ദൈവഭക്തിയും പ്രബലമായി ലഭിച്ചിരുന്ന സന്മാൎഗ്ഗൈകനിരതനായ ആ യുവാവിനെ അവർ എല്ലാവരും വളരെ സ്നേഹിച്ചു.

ജീവിതസുഖത്തിനു സത്യം കണിശം സ്ഥിരപരിശ്രമം ആദിയായ ഗുണങ്ങൾ അത്യന്താപേക്ഷിതങ്ങളാണെന്നു ബഞ്ചമിന്നു ദൃഢബോധം ഉണ്ടായിരുന്നു. ഈ വക നന്മകളിൽ പൂൎണ്ണവിജയം നേടുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി അയാൾ ഏതാനും നിയമങ്ങൾ എഴുതി തന്റെ ദിനചൎയ്യയെ ആ നിയമങ്ങൾക്കനുസരണമായി ക്രമീകരിക്കുന്നതിനുദ്യോഗിച്ചു. ഇവയുടെ പരിശീലനം ഹേതുവായും ഈശ്വരാനുഗ്രഹം മുഖേനയും അയാൾക്കു യൌവ്വനത്തിലെ പല ദുൎമ്മോഹങ്ങളിൽനിന്നും ആപത്തുകളിൽനിന്നും മുക്തനാകുന്നതിനു പ്രയാസമുണ്ടായില്ല. മനസ്സാലെ യാതൊരു ദുഷ്കൃത്യവും പ്രവൎത്തിക്കരുതെന്നു അയാൾക്കു നിൎബ്ബന്ധമുണ്ടായിരുന്നു. ഇപ്രകാരമുള്ള ജീവിതരീതി അയാളുടെ അഭ്യുദയത്തിന്നു വലിയ സഹായമായ്തീൎന്നു. തന്റെ നിൎമ്മലകാലയാപനം ആമരണാന്തം നിലനിൎത്തുന്നതിനു അയാൾ പ്രയത്നിച്ചു.

മെരിഡിത്തിന്റെ അഛന്റെ ആവശ്യപ്രകാരം ഇംഗ്ലണ്ടിൽ നിന്നു അച്ചടിസാമാനങ്ങൾ വന്നുചേൎന്നു. ഒരു സ്ഥലം കൂലിക്കെടുത്തു മുദ്രാലയം സ്ഥാപിച്ചു ജോലിയും ആരംഭിച്ചു. സ്ഥലവാടക കുറയ്ക്കുന്നതിനായി വേറൊരുതൊഴിലാളിയെകൂടി ബഞ്ചമിൻ ആ സ്ഥലത്തു താമസിപ്പിച്ചു. എല്ലാദേശങ്ങളിലും അശുഭവാദികൾ ഉണ്ടായിരിക്കുന്നതു പതിവാണല്ലോ. ഈ പൊതുനിയമത്തിൽനിന്നു് ഫിലഡൽഫിയാ പട്ടണവും ഒഴിഞ്ഞിരുന്നില്ല. സാമുവൽ മിക്കിൾ എന്ന ഒരു മാന്യനായ മധ്യവയസ്കൻ ഒരു ദിവസം ബഞ്ചമിനെ വഴിമധ്യെവച്ചുകണ്ടു ഇപ്രകാരം അയാളോടുപറഞ്ഞു. "തന്റെസ്ഥ

മാരംഭം നല്ല പന്തിയായി പരിണമിക്കയില്ല. പണം വെള്ളത്തിലാകുകയെ ഉള്ളൂ, ഈ മുടിഞ്ഞ ദിക്കിലാണൊ അച്ചടിശാല ഏൎപ്പെടുത്തി ലാഭം എടുക്കാൻ പോകുന്നതു? സാധിക്കുന്നതല്ല." ബെഞ്ചമിനു ആ മനുഷ്യന്റെ അഭിപ്രായം ആദ്യമെ ലഭിച്ചിരുന്നെങ്കിൽ അയാൾ ജോലിയിൽനിന്നു പിൻമാറിക്കളയുകതന്നെ ചെയ്യുമായിരുന്നു എന്നുള്ളിടത്തോളം മനസ്താപംതോന്നി. എങ്കിലും ഒട്ടധികം പണം ചിലവുചെയ്തു ആരംഭിച്ചുപോയ സ്ഥിതിക്കു ഇനിയും രണ്ടിലൊന്നു അനുഭവപ്പെടുന്നതുവരെ പരിശ്രമിക്കുകയാണു വേണ്ടതെന്നു അയാൾ നിശ്ചയിച്ചു് അശുഭവാദിയോടു യാത്രപറഞ്ഞുപിരിഞ്ഞു. ഈ മിക്കിൾ ഇങ്ങനെ ദേശസ്ഥിതിയേയും കാലാവസ്ഥയേയും പഴിപറഞ്ഞുവളരെക്കാലത്തേക്കു ഒരുഗൃഹംവാങ്ങിക്കുകപോലുംചെയ്യാതെ കഴിച്ചുകൂട്ടിയുംവച്ചു ഒടുവിൽ തന്റെ അടിസ്ഥാനരഹിതമായ ദോഷപ്രഖ്യാപനത്തിന്റെ ശിക്ഷയായി അഞ്ചിരട്ടിവിലകൊടുത്തു് ഒരു വസ്തുവാങ്ങി പാൎക്കാൻ ഇടയായി. "ശുഭസ്യ ശീഘ്രം" എന്നതത്വം അയാൾ ഗ്രഹിക്കാതെയിരുന്നതുകൊണ്ടു ഒടുവിൽ അന്യായമായ ദ്രവ്യനഷ്ടം സഹിക്കേണ്ടിവന്നു. ഈ തത്വം യഥാകാലം ഗ്രഹിച്ചു പ്രവൎത്തിച്ച ബെഞ്ചമിനു നാൾക്കുനാൾ അഭിവൃദ്ധിയും ഉണ്ടായി.

——:o:——

൭ാം അദ്ധ്യായം.

പത്രാരംഭം.

ബെഞ്ചമിന്റെ ഉത്സാഹത്തിന്മേൽ ഫിലദൽഫിയായിൽ "ജണ്ടോ" എന്ന നാമധേയത്തിൽ ശുക്രവാരംതോറും നടക്കത്തക്കവണ്ണം ഒരുസഭ ഏൎപ്പെടുത്തപ്പെട്ടിരുന്നു. ഓരോ മെമ്പരും താ

ഞാന്റെ മുറയ്ക്കു ആഴ്ചതോറും സന്മാൎഗ്ഗം രാജ്യഭരണം, പ്രകൃതിശാസ്ത്രം ഇവയിൽ ഏതിനെയെങ്കിലും ഒന്നിനെപ്പററി ഒരു നോട്ട് എഴുതി സഭയിൽ ഹാജരാക്കണമെന്നും അതിനെപ്പററി അടുത്ത ആഴ്ച സഭ്യർവാദപ്രതിവാദംനടത്തണമെന്നും ഇതിനുപുറമെ മൂന്നുമാസത്തിൽ ഒരിക്കൽ ഓരോ സഭാംഗവും സ്വമതാനുസരണമായ ഏതെങ്കിലും ഒരു പ്രമേയത്തെപ്പററി ഉപന്യാസം എഴുതിവായിക്കണമെന്നും ഈ സഭയിൽ വ്യവസ്ഥപ്പെടുത്തപ്പെട്ടിരുന്നു. താന്താങ്ങളുടെ ഭാഗം ജയിക്കണമെന്നൊ അനാവശ്യമായി തൎക്കം വൎദ്ധിപ്പിക്കണമെന്നോ ഉള്ള ദുൎവ്വാശികൾ കൂടാതെ കാൎയ്യഭാഗം തെളിയിക്കുന്നതിനുമാത്രമെ ഓരോരുത്തരും കരുതാവൂ എന്നു ബെഞ്ചമിൻ പ്രത്യേകംനിഷ്കൎഷചെയ്തു. സമാജോദ്ദേശ്യത്തിനു വിപരീതമായി ആരെങ്കിലും മല്ലിടാൻഭാവിക്കുന്നതായാൽ ആയാളിനു സ്വല്പമായ ഒരു പിഴകല്പിക്കുന്നതിനും സംഘനടപടികളെ പ്രശസ്തരീതിയിൽ നടത്തിപ്പോരുന്നതിനും പ്രസിഡണ്ട് അധികൃതനായിരുന്നു. മിക്ക മെംബൎമ്മാരും ഒരു വിധം പഠിപ്പുംപാകതയും മൎയ്യാദയും ഉള്ളവരായിരുന്നതിനാൽ സഭാകാൎയ്യങ്ങൾ ക്ലിഷ്ടതകൂടാതെനടന്നുവന്നു. ഇവരിൽ കോൾമാൻ എന്നയാളുമായി ബെഞ്ചമിനു വലിയ ഇഷ്ടമുണ്ടാകുന്നതിനിടയായി. ജീവിതാരംഭത്തിൽ ഒരുകച്ചവടക്കാരന്റെ കണക്കെഴുത്തുകാരനായിരുന്ന കൊൾമാൻ സ്വസാമൎത്ഥ്യവും അക്ഷീണപരിശ്രമവും കൊണ്ട് ഒടുവിൽ ഒരു ജഡ്ജിയായിത്തീൎന്ന് ആ അവസ്ഥയിൽ ഒരു ഒന്നാന്തരം ഉദ്യോഗസ്ഥൻ എന്ന ബഹുമാനവും സമ്പാദിച്ചു. ബെഞ്ചമിനും കോൾമാനും തമ്മിൽ ആരംഭിച്ച സൌഹാൎദ്ദം കോൾമാന്റെ മരണകാലംവരെ നാല്പതുവൎഷകാലത്തേക്കുനിലനിന്നു ജണ്ടാസഭയും അത്രയുംകാലംനാട്ടുകാരായ യുവജനങ്ങൾക്കു ശാശ്വതമായ ജ്ഞാനാഭിവൃദ്ധിയെ നൾകിക്കൊണ്ടു നിലനിന്നിരുന്നു. ഒരാഴ്ചയിൽ ഹാജരാക്കപ്പെടുന്ന നോട്ടനുസരിച്ചുള്ള പ്രമേയത്തെപ്പററി അടുത്ത ആഴ്ചയിൽവാദപ്രതിവാദംനടത്തുകപതിവായിരുന്നതിനാൽആവിഷയത്തെ

പ്പററികഴിയുന്നതു മൂന്നറിവുകൾ എല്ലാ അംഗങ്ങളും സമ്പാദിക്കാൻ ഇടയുണ്ടായിരുന്നു. തന്മൂലം മെംബറന്മാക്ക് ആഴ്ചതോറും കൂടുതൽ അറിവുലഭിക്കുന്നതിനും സൌകൎയ്യമുണ്ടായി. ബെഞ്ചമിൻെറ അച്ചടിശാലയിൽ ധാരാളം ജോലി ഉണ്ടാക്കികൊടുക്കാൻ ഓരൊ മെംബറും മനഃപൂൎവ്വം പ്രയത്നിച്ചു വന്നിരുന്നതുമെരിഡിത്തിനും വലിയ ആദായമായ്തീൎന്നു. മിക്കദിവസവും രാത്രി പതിനൊന്നുമണിവരെയും അപൂൎവ്വം ചില അവസരങ്ങളിൽ അതിൽ കൂടതൽ സമയംവരെയും ബെഞ്ചമിനു അച്ചടിജോലി നടത്തേണ്ടതായിവന്നുകൂടി. അയാളുടെ അത്യുത്സാഹവും നിസ്തന്ദ്രതയുംകണ്ടു് സമീപസ്ഥന്മാർ എല്ലാവരും വളരെ സന്തോഷിച്ചു. കീമറുടേയും വേറൊരാളുടേയും വകയായി രണ്ടു മുദ്രാലയങ്ങൾ ഉണ്ടായിരുന്നപ്പോൾ മെരിഡിത്തു മൂന്നാമതൊന്നുകൂടി ആരംഭിച്ചതു സാഹസികകൃത്യം ആണെന്നു പലരും അപവാദം പറഞ്ഞുവന്നിരുന്നുവെങ്കിലും ബെഞ്ചമിൻെറ കാൎയ്യപ്രാപ്തിയെപ്പററി സൂക്ഷ്മമായിഗ്രഹിച്ചിരുന്ന യാതൊരുത്തരും അവരുടെ പരിണാമവിജയത്തെപ്പററി അധൈൎയ്യപ്പെട്ടില്ല. "ഫ്രാങ്ക്ലിൻ ആൾ വല്ലാത്തവനാണു്. അയാൾ ഉള്ളപ്പോൾ മെരിഡിത്തിൻെറ പണം പോകയില്ല. അവരു മററുള്ളവരെ എല്ലാം തോല്പിക്കും. രാപകൽ ഒഴിവില്ലാതെ അദ്ധ്വാനിക്കുന്ന ബെഞ്ചമിൻ എങ്ങിനെയാണു് തോൽക്കുക! ഒരിക്കലും ഇല്ല" ഇങ്ങനെയാണു അയാളെപ്പററി നല്ലവണ്ണം അറിഞ്ഞിരുന്നവർ അഭിപ്രായപ്പെട്ടതു. പരിശ്രമവും അത്യുൽസാഹവും നേരും ഉള്ളവർ അവസാനത്തിൽ വിജയികളായിതന്നെ പരിണമിക്കയുള്ളു. ഈ ഗുണങ്ങളാണല്ലൊ മനുഷ്യരെ പൂജ്യരാക്കിത്തീൎക്കുന്നതു.

അക്കാലത്തു അവിടെ ഒരു വൎത്തമാനക്കടലാസുമാത്രമെ ഉണ്ടായിരുന്നുള്ളു. ഇതുതന്നെ തുലോം താണനിലയിൽ നടത്തപ്പെട്ടുവന്നിരുന്നു. എങ്കിലും പ്രവൎത്തകന്മാൎക്ക ഇതിൽനിന്നു ധാരാളം ആദായം ലഭിക്കാതെയിരുന്നില്ല. ഈ പരമാ

ത്ഥം ബെഞ്ചമിൻ കണ്ടുപിടിച്ച് മാന്യരീതിയിൽ ഒരു പത്രംനടത്തി ന്യായമായി ധനാൎജ്ജനം ചെയ്യുന്നതിനു നിശ്ചയിച്ചു.

ബെഞ്ചമിന്റെ ഉദ്ദേശ്യം കീമർ അറിഞ്ഞപ്പോൾ അയാളെ അധൈൎയ്യപ്പെടുത്താനും ലാഭം താൻ എടുക്കുന്നതിനും ഉള്ള കരുതലോടുകൂടി അയാൾ ഒരു പത്രം ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായി മുൻകൂട്ടി പരസ്യംചെയ്തു. ഇതു കണ്ടുകൊണ്ടുതന്നെ മേഗനാൽസാഹകനാകാതെബെഞ്ചമിനുംതന്റെ ഉദ്യമത്തെ ഫലിപ്പിക്കാൻവേണ്ട ഒരുക്കങ്ങൾ നടത്തിവന്നു. കീമറുടെ പ്രവേശനം വിഫലമായ്തീരാൻവേണ്ടി ബെഞ്ചമിൻ പൂൎവ്വപത്രത്തെ ലേഖനങ്ങൾ കൊണ്ടും മററും സഹായിക്കയും ചെയ്തു. കീമറുടെ പരസ്യത്തെ നാട്ടുകാർ ആദരിച്ചില്ലെങ്കിലും അയാളും പിൻമാറാതെ പത്രം ആരംഭിച്ച് വല്ലവിധേനയും എട്ടൊമ്പതു മാസങ്ങളോളം കഴിച്ചുകൂട്ടി. അപ്പോഴേക്കു വലിയ നഷ്ടം നേരിട്ടിരിക്കുന്നതായി കണ്ടു അയാൾ പത്രപ്രവൎത്തനം മതിയാക്കി തന്റെ പത്രസാമഗ്രികൾ ബെഞ്ചമിനു വിലക്കുകൊടുത്തു. അയാൾ അതിന്റെ ഉടമസ്ഥാവകാശം കയ്യേററതോടുകൂടി പല പരിഷ്കാരങ്ങളും ചെയ്തു പത്രം പുറത്താക്കിയപ്പോൾ അതിലേക്കു വരിക്കാർ വളരെ വൎദ്ധിച്ചു. ഗവൎമ്മെൻറു കാൎയ്യങ്ങളെപ്പററി നിഷ്പക്ഷമായുംയുക്തി പൂൎവ്വമായും സധൈൎയ്യം പത്രത്തിൽ പ്രസ്താവിക്കാൻതുടങ്ങിയതു പൊതുജനങ്ങൾക്കു വളരെ രസിച്ചു. ഒരു എഴുത്തുകാരനായിത്തീൎന്നാലുള്ളഫലം. ബെഞ്ചമിൻ നല്ലവണ്ണം മനസ്സിലാക്കി. ഒരിക്കൽ ആ ദിക്കിലെ ആലോചനാ സഭക്കാർ ഗവൎണ്ണൎക്കു സമൎപ്പിച്ച ഒരു മംഗള പത്രം വേറൊരു മുദ്രാലയത്തിൽ അടിച്ചിരുന്നതു ബെഞ്ചമിൻ കണ്ടിട്ടു അയാൾ സ്വന്ത അഭിപ്രായപ്രകാരമുള്ള ഒരു മാതൃകയിൽ അതിനെ പരിഷ്കരിച്ചു അടിച്ച് ഓരോ മെംബറിനും അയച്ചുകൊടുത്തു. ഇതിന്റെമനോഹരാകൃതികണ്ടുസന്തോഷിച്ച മെംബറന്മാരുടെ ഉത്സാഹഫലമായി ഗവൎമ്മെൻറുവക അച്ചടിജോലികൾഎല്ലാം ബെഞ്ചമിനുലഭിച്ചു.

ഇപ്രകാരം അയാാം വദ്ധമാനനായിരിക്കെ അയാാംക്കു അപ്രതീക്ഷിതമായ ഒരു കുഴപ്പം നേരിട്ടു. മുദ്രാലയസാമാന ങ്ങളുടെവില മെരിഡിത്തിൻെറ അഛൻ "കൊടുത്തുകൊള്ളാ മെന്നാണല്ലോ ആദ്യനിശ്ചയം ഉണ്ടായിരുന്നതു. എന്നാൽ അയാാം അപ്പോാം നൂറുപവൻമാത്രമെ അടച്ചിരുന്നുള്ളു. ബാ ക്കിനൂറുപവൻ ഉണ്ടായിരുന്നതു കൊടുത്തുതീക്കാഴികയാൽ വ്യാ പാരികാംവ്യവഹാരപ്പെട്ടു. മെരിഡിത്തിൻെറഅഛനുകടം തീ ക്കാൻകഴിവില്ലാതെയുംതീൻ. ആസ്ഥിതിക്കുമുദ്രാലയംകടക്കാർ ജപ്തിചെയ്തു ലേലംചെയ്യുന്നതിനു ഒരുങ്ങാതെയിരിക്കയില്ലെന്നു ള്ള പതനം ആയി. അങ്ങിനെവരുന്നപക്ഷം ബെഞ്ചമിൻെറ പണിമുടങ്ങുകയെ നിവ്വാഹമുള്ളു. കടം തീക്കുന്നതിനു അയാ ളുടെ പക്കൽ മുതല്വമില്ല. അയാാം ചിന്താഗ്രസ്തനായ്തീൻ.

ഈ സന്ദർഭത്തിൽ രണ്ടു മാന്യന്മാർ പരസ്പരം അറിയാ തെ ബെഞ്ചമിൻെറ സഹായത്തിനായി വന്നുചേൻ. പത്രം അയാാം സ്വാതന്ത്ര്യനിലയിൽ നടത്തികൊള്ളുന്നതായാൽ ക ടം തങ്ങാം തീത്തുകൊള്ളാമെന്നു അവർ ഏററു. മെരിഡിത്തു മദ്യപാനിയും മടിയനും ആകയാൽ അയാളെ വിട്ടുപിരിയുന്ന താണ് നല്ലതെന്നു ഈ ദയാശീലന്മാർ രണ്ടുപേരും ബെഞ്ചമി നൊടുപദേശിച്ചു. അതനുസരിച്ചു ബെഞ്ചമിനും മെരിഡിത്തും തമ്മിൽ നടന്നുവന്ന കൂട്ടുവ്യാപാരം അവസാനിപ്പിച്ച് ബെഞ്ച മിൻ സ്വതന്ത്രനായി. പിന്നീടു അയാാം തൻെറ രണ്ടുസ്നേഹി തന്മാരിൽ ആരെയും മുഷിപ്പിക്കാതെയിരിക്കാൻവേണ്ടി ഓരോ രുത്തനിൽനിന്നു പകുതിപണംവീതം വാങ്ങിച്ചു സകല വ്യവ ഹാരങ്ങളും ഒതുക്കി സ്വന്ത ഉടമസ്ഥതയിലും ആധിപത്യത്തി ലും പത്രം നടത്തി. ഗവൺമെൻറു ഉദ്യോഗസ്ഥന്മാരിൽ മിക്ക പേരും അയാളുടെ സ്നേഹിതന്മാരായിരുന്നതിനാൽ സക്കാർ അച്ചടിമുഴുവൻ അയാാംക്കുതന്നെ കിട്ടി. ഇതു ഒരു സ്ഥിരമാ യും പുഷ്ടിയായും ഉള്ള ആദായമാണല്ലൊ.

അച്ചടിശാലയോടുകൂടി ബെഞ്ജമിൻ ഒരു വാണിജ്യശാലയും നടത്തിത്തുടങ്ങി. കടലാസ്സ, മഷി, പേനാ, പുസ്തകം മുതലായവ മൊത്തമായി വരുത്തി അയാൾ ചില്ലറയായി വിററുവന്നു. ഇങ്ങനെ കുറെനാൾ കഴിഞ്ഞതിൽപിന്നെ അയാൾ കടംതീൎത്തു സുഖമായിരിക്കാൻ ആലോചിച്ചു. അചിരേണ അതും സാധിച്ചു. സന്മാൎഗ്ഗനിഷ്ഠയിലും മിതവ്യയശീലത്തിലും തനിക്കുള്ള പ്രതിപത്തിയെ മററുള്ളവരും കണ്ടുപഠിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അയാൾ വളരെ സാധാരണങ്ങളായ വസ്ത്രങ്ങൾ മാത്രമെ ധരിക്കാറുണ്ടായിരുന്നുള്ളു. വെടിപറയുന്നതിനും വിനോദിക്കുന്നതിനും ആയി അയാൾ ഒരു മിനിട്ടുപോലും കളയാറുണ്ടായിരുന്നില്ല. പുസ്തകവായനയാണു അയാളുടെ വിശ്രമം. അവനവനു ആവശ്യമുള്ള ഏതുവേല ചെയ്യുന്നതും അഭിമാനക്ഷയമല്ലെന്നും ദുരഭിമാനം മനുഷ്യർ ഉപേക്ഷിക്കേണ്ടതാണെന്നും ഉള്ള തന്റെ അഭിപ്രായം അന്യന്മാൎക്കു ദൃഷ്ടാന്തരൂപേണ പഠിപ്പിച്ചുകൊടുക്കാൻവേണ്ടി അയാൾ മിക്കസമയങ്ങളിലും തെരുവിന്റെ മദ്ധ്യേകൂടി തന്നെ താൻ സാമാനങ്ങൾ ചുമന്നുകൊണ്ടോ വണ്ടിയിൽവച്ചു തള്ളിക്കൊണ്ടോ പോകാറുണ്ടായിരുന്നു. ഈ വിധങ്ങളായ കൃത്യനിഷ്ഠകൾകണ്ടു പലരും അയാൾക്കു വേണ്ടസഹായങ്ങൾ ചെയ്തുകൊടുത്തിരുന്നു.

കീമർ കാലക്രമേണ ക്ഷയിച്ചു പാപ്പരായി. ഒടുവിൽ അയാൾ എല്ലാം വിററുതുലച്ചു് നാടുവിട്ടുപോയി. അയാളുടെമുദ്രാലയം ഹാരി എന്നൊരുവൻ വിലക്കുവാങ്ങിച്ചു. ഇയാൾ വേഷത്തിൽ വലിയ പ്രമാണക്കാരനും വിനോദാസക്തനും മഹാമടിയനും ആയിരുന്നതിനാൽ ഏറെതാമസിയാതെ കീമറിനെ അനുഗമിച്ചു. പിന്നീടു ബെഞ്ജമിനെ എതിൎക്കാൻ ആ സ്ഥലത്തു ഒരു മുദ്രാലയം മാത്രമെ ഉണ്ടായിരുന്നുള്ളു. അതിന്റെ ഉടമസ്ഥൻ നല്ല സ്വത്തുകാരനായിരുന്നതിനാൽ ആദായത്തെ അത്രവളരെ ഗണിക്കാതെ ജോലി എന്തെങ്കിലും

ഉണ്ടായിരിക്കണമെന്നുമാത്രം ഉദ്ദേശിച്ചിരുന്നു. അതുകൊണ്ടു പണിനടത്തിപ്പിൽ അത്രതന്നെ ഉല്ലണ്ഠ അയാൾ പ്രദർശിപ്പിക്കാറില്ലായിരുന്നു.

ഈ അവസരത്തിൽ ബെഞ്ചമിൻ ബ്രഹ്മചാരീവ്രതം സമാപിച്ചു ഗാർഹസ്ഥ്യം കൈക്കൊണ്ടു. ആദ്യംഫിലദൽഫിയായിൽ നിരാശ്രയനായി എത്തിയപ്പോൾ പരിചയപ്പെട്ടിരുന്ന മിസ്സ്രീഡിനെത്തന്നെയാണു അയാൾ ൧൭൩൦ സപ്ടംബർ ൧-ാനു- വിവാഹംകഴിച്ചതു. ദമ്പതികൾ സ്വൈരമായും സുഖമായും കാലയാപനം ചെയ്തുപോന്നു.

ബെഞ്ചമിൻ ഏപ്പെടുത്തിയിരുന്ന വിദഗ്ദ്ധസമാജത്തെ സംബന്ധിച്ചു അയാൾ വേറൊരു പരിഷ്കാരംകൂടി ചെയ്തു. ഓരൊ മെമ്പറിന്റേയും പുസ്തകങ്ങൾ അവനവന്റെ കൈവശം സൂക്ഷിക്കുന്നതുകൊണ്ടു സഭക്കുണ്ടാകാവുന്നതിലധികം പ്രയോജനം അവയെ എല്ലാംകൂടി ഒരു പൊതുസ്ഥലത്തുശേഖരിച്ചു സൂക്ഷിക്കുന്നതുനിമിത്തം ഉണ്ടാകുന്നതാണെന്നുള്ള തന്റെ അഭിപ്രായം അയാൾ ഒരിക്കൽ സഭയിൽ പ്രസ്താവിച്ചു. മററുമെമ്പ്രന്മാർ ഈ ആലോചനയെ സാദരം കൈക്കൊണ്ടു. ഓരോരുത്തരും കഴിവുള്ളടത്തോളം പുസ്തകങ്ങൾ സഭാമന്ദിരത്തിൽ ഹാജരാക്കി. എന്നാൽ ഇവയെ ശരിയായി സൂക്ഷിയ്ക്കുന്നതിനും മററും എല്ലാവക്കും ഒന്നുപോലെ ശ്രദ്ധയുണ്ടാകാതിരുന്നതിനാൽ ഒരാണ്ടു കഴിഞ്ഞു അവരവരുടെ പുസ്തകങ്ങൾ ഓരോരുത്തരും മടക്കികൊണ്ടുപോയി.

അനന്തരം അയാൾ ഒരു പുസ്തകശേഖരത്തിനായി കുറെ വരിക്കാരെ ചേർത്തു പണംപിരിക്കാൻ നിശ്ചയിച്ചു് അതിലേക്കായിചില നിബന്ധനകൾ എഴുതിഉണ്ടാക്കി. സമാജാംഗങ്ങളുടെ ഏകോപിച്ചുള്ള ഉത്സാഹംനിമിത്തം അമ്പതു വരിക്കാരെ നിഷ്പ്രയാസമായി ലഭിച്ചു. ഓരോ വരിക്കാരനും ആദ്യം

നാല്പതുഷില്ലിങ്ങ് രൊക്കമായും പിന്നീട്ട ഓരൊ ആണ്ടത്തെക്ക പ ത്തുഷില്ലിങ്ങ വീതം വരിഷസംഭാവനയായും കൊടുത്തുകൊള്ളാമെന്നു ഉടമ്പടിചെയ്തു. അടുത്ത സംവൽസരമായപ്പൊഴെക്കു വരിക്കാരുടെ സംഖ്യ ഇരട്ടിച്ചു. ഇപ്രകാരം ആരംഭിച്ച ഗരം ലൈബ്രറി വടക്കേ അമെരിക്കയിൽ ഇപ്പോൾ നടപ്പുള്ള അനവധി വായനശാലകളുടെ മാതൃസ്ഥാനത്തെ വഹിക്കുന്നു.

ഏതാദൃശങ്ങളായ വായനശാലകൾമൂഖേന അമേരിക്കയിലെ ജനസാമാന്യത്തിൽ അനിതരസാധാരണമായ സംഭാഷണചാതുൎയ്യവും കൃഷകന്മാർ, വണിക്കുകൾ, ആദിയായവൎക്കു അസാമാന്യമായ, ശാസ്ത്രനൈപുണ്യവുംതദ്ദ്വാരാ നാട്ടിനും നാട്ടുകാൎക്കും ഉപൎയ്യുപരി ശ്രേയസ്സും സുഖവും സിദ്ധിക്കുന്നതിനിടയായ്തീൎന്നിരിക്കുന്നു.

൯ാം അദ്ധ്യായം.

സദ്‌വൃത്തിസമ്പാദനമാൎഗ്ഗം.

ബെഞ്ചമിൻ പെൻസിൽവേനിയായിൽ താമസം ആരംഭിച്ചപ്പോൾ ആ സ്ഥലത്തും സമീപങ്ങളിലും എങ്ങുമെ ഒരു പുസ്തകവ്യാപാരശാലയുണ്ടായിരുന്നില്ല. ന്യൂയോൎക്കിലും ഫിലദൽഫിയായിലുമുള്ള അച്ചടിക്കാർ ചില്ലറസ്ത്രൂൾബുക്കുകളും കടലാസു മുതലായ ലേഖനസാമഗ്രികളും മാത്രം വില്പനവിരുന്നു. ഗ്രന്ഥപാരായണതല്പരന്മാർ ഇംഗ്ലണ്ടിൽനിന്നാണു പുസ്ത

കങ്ങൾ വരുത്താറുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ബെഞ്ചമിൻ അവിടെ ഒരു വായനശാല സ്ഥാപിച്ചു. ഈ ശാലയിൽനിന്നു വരിക്കാൎക്കു ആഴ്ചയിൽ ഒരിക്കൽവീതം പുസ്തകങ്ങൾ കൊടുക്കപ്പെട്ടുവന്നു. നിശ്ചിതസമയത്തിൽ പുസ്തകം മടക്കി ഏല്പിക്കാത്തപക്ഷം ഇരട്ടിവില കൊടുത്തുകൊള്ളാമെന്നു പുസ്തകം വാങ്ങുന്ന ഓരോരുത്തരും ഒരു വാഗ്ദത്തപത്രം എഴുതികൊടുക്കണമെന്നും ഏൎപ്പാടുണ്ടായിരുന്നു. ഈ സ്ഥാപനത്തിന്റെ പ്രയോജനം ഗ്രഹിച്ചു മററു സ്ഥലങ്ങളിലെ നിവാസികളും തത്തൽപ്രദേശങ്ങളിൽ ഏതാദൃശങ്ങളായ ശാലകൾ സ്ഥാപിച്ചുതുടങ്ങി. വായനയിൽ ജനതതിക്കു അഭൂതപൂൎവ്വമായ അഭിരുചിജനിച്ചു. ഇതരവിനോദവിധങ്ങൾനാട്ടിൽഅക്കാലത്തു അധികം ഉണ്ടായിരുന്നില്ലാത്തതിനാൽ മിക്കആളുകളും തങ്ങളുടെ വിശ്രമസമയം പുസ്തകവായനയിൽ വിനിയോഗിക്കാൻ തുടങ്ങി. ക്രമേണ ഇവർ ഇതരസമുദായങ്ങളെക്കാൾ അധികം വിജ്ഞന്മാരായിതീൎന്നു. സമുദായോദ്ധാരണത്തിനായി നിഷ്കന്മഷപ്രയത്നംചെയ്വാൻസന്നദ്ധന്മാരാകുന്നമഹാമനസ്കന്മാർതദൎത്ഥം ഏതെങ്കിലും നൂതനരീതി പ്രചരിപ്പിക്കാനായി പുറപ്പെടുമ്പോൾ ആയതിന്റെ ശ്ലാഘ്യത അവൎക്കുമാത്രമെ കിട്ടുകയുള്ളല്ലൊ എന്നു നീചബുദ്ധികളായ ചിലൎക്കു സ്പൎദ്ധയുണ്ടായിട്ടു ആ മഹത്തുക്കളുടെ ഉദ്യമത്തെ വിഘ്നപ്പെടുത്തുവാൻ ഈ ക്രൂരർ ശ്രമിക്കുക പതിവാകയാൽ ഇപ്രകാരമുള്ള പൊതുജനക്ഷേമകാൎയ്യങ്ങളിൽ സശ്രദ്ധം പ്രവേശിക്കുന്ന ഏവരും സ്വന്തപേരിനെ മുൻനിറുത്താതെഅപ്രകാരം ഉദ്യമിക്കേണ്ടതു കാൎയ്യനടപ്പിനും സ്വസുഖത്തിനും അത്യാവശ്യമായ നയമാണെന്നുള്ള തത്വം ബെഞ്ചമിനു വായനശാലാസ്ഥാപന പ്രവൎത്തനത്തിൽനിന്നു ബോധപ്പെട്ടു. ഈ പരമാൎത്ഥം ഗ്രഹിച്ചതോടുകൂടി അയാൾസകല ചുമതലകളും വഹിക്കുന്നതു താനാണെന്നുള്ള യാഥാൎത്ഥ്യത്തെ മറച്ചും എന്നാൽ മനഃപൂൎവ്വമായ പരിശ്രമത്തിനു യാതൊരു ന്യൂനതയും വരുത്താതെയും എല്ലാകാൎയ്യങ്ങളും സ്നേഹിതന്മാരുടെ നിയോഗപ്രകാരം താൻ നടത്തുക മാത്രമാണു

ചെയ്യുന്നതു എന്നു പ്രസ്താവിച്ചും ജനങ്ങളിൽ അസൂയയ്ക്കും ശത്രുതയ്ക്കും മത്സരത്തിനും ഇടംകൊടുക്കാതെ സംഗതി ഫലിപ്പിക്കയാണു് ചെയ്തതു. ഏതാദൃശങ്ങളായ പൊതുഗുണവിഷയങ്ങളിൽ ഏൎപ്പെടുന്നവർ പ്രാരംഭത്തിൽ അല്പം അഭിമാനം ഉപേക്ഷിക്കുന്നതു കൊണ്ടു ഭാവിയിൽ വിശ്രുതന്മാരായിട്ടല്ലാതെ തീരുകയില്ലെന്നും ആദ്യത്തെ അഭിമാനക്ഷയം കാലാന്തരത്തിൽ സ്വയം പരിഹരിക്കപ്പെടാതിരിക്കയില്ലെന്നും വിശ്വസിക്കുന്നതിൽ അബദ്ധമില്ല. ഒരു കൃത്യത്തിന്റെ ശ്ലാഘ്യതയ്ക്കു യഥാൎത്ഥാവകാശി ആരാണെന്നു ക്ലിപ്തപ്പെട്ടു കഴിഞ്ഞിട്ടില്ലാതിരിക്കുന്ന അവസരത്തിൽ നമ്മെക്കാൾ അധികം സ്വകാൎയ്യതല്പരന്മാർ ആയതു അവകാശപ്പെട്ടുകൊള്ളട്ടെ. അങ്ങിനെ വരുമ്പോൾ നമ്മെപ്പറ്റി അസൂയയുള്ള പലർ പോലും അതിന്റെ വാസ്തവം വെളിപ്പെടുത്തുന്നതിൽ ഉദ്യുക്തന്മാരായി തീരാതെയിരിക്കയില്ല. അവസാനത്തിൽ യഥാൎത്ഥനായകൻ പൂജിക്കപ്പെടുകതന്നെ ചെയ്യും.

പുസ്തകശാല നടപ്പിൽവന്നതോടുകൂടി ബെഞ്ചമിൻ പ്രതിദിനം രണ്ടുമൂന്നു മണിക്കൂറുകൾ വായനയ്ക്കായി വിനിയോഗിക്കാൻ ആരംഭിച്ചു. വായനയാണ് അയാൾ വിനോദമായും വിശ്രമമായും കല്പിച്ചതു. മദ്യശാലകളിലൊ കളിസ്ഥലങ്ങളിലൊ ഉൽസവദിക്കുകളിലൊ ബെഞ്ചമിനെ അന്വേഷിക്കേണ്ടആവശ്യംഉണ്ടായിരുന്നില്ല. സ്ഥിരപരിശ്രമംകൊണ്ടുപോലും ഋണമുക്തനാകുന്നതിനു അയാൾക്കു എളുപ്പത്തിൽ സാധിച്ചില്ല. അതോടുകൂടി ഒരു ചെറിയ കുടുംബവും ഉണ്ടായിവന്നു. കുഞ്ഞുങ്ങളെ സംരക്ഷിക്കുക, വിദ്യാഭ്യാസംചെയ്യിക്കുക, മുതലായഭാരങ്ങൾ അനിവാൎയ്യങ്ങളാണല്ലൊ. എന്നാൽ മിതവ്യയശീലനായിരുന്ന അയാൾക്കു കാലക്ഷേപമാൎഗ്ഗം ദിവസംപ്രതി ക്ഷേമതരമായ്ത്തീൎന്നുകൊണ്ടുതന്നെയിരുന്നു. “തന്റെ തൊഴിലിൽ ജാഗരൂകനായ ആൾ രാജസന്നിധിയിൽ വൎത്തിക്കുന്നതിനു സൎവ്വഥാ അൎഹനായ്ത്തീരുമെന്നും ആ ആളിനു നിസ്സാരന്മാരുടെ മുമ്പാകെ നില്ക്കുവാൻ ഒരിക്കലും ഇടവരുന്നത

ല്ലെ"ന്നും സ്വപിതാവു ബാല്യത്തിൽ ഗ്രഹിപ്പിച്ചിരുന്ന മഹാ ദ്വാക്യം അയാൾ സദാസ്മരിക്കാറുണ്ടായിരുന്നു. ലോകവിശ്രുതനും പുണ്യാത്മാവും ആയ സോളമൺ എന്ന തത്വജ്ഞാനിയുടെ ഈ വാക്യം അത്യുത്തമവും സർവോൽകൃഷ്ടവുമായ മാനദണ്ഡമായി കല്പിച്ച് പരിശ്രമം ധനകീൎത്തികളുടെ താക്കോൽ ആണെന്നു ബെഞ്ചമിൻ വിശ്വസിച്ചു. മേൽപറഞ്ഞ ആപ്തവാക്യം പദംപ്രതി യഥാൎത്ഥമായി പരിണമിക്കുമെന്നു അയാൾ ആദ്യം ആലോചിച്ചിരുന്നില്ലെങ്കിലും വാസ്തവത്തിൽ അതു അയാളുടെ വിഷയത്തിൽ അന്വൎത്ഥകമായ്തന്നെ കലാശിച്ചു. എങ്ങിനെയെന്നാൽ അഞ്ച് മഹാരാജാക്കന്മാരുടെ സന്നിധിയിൽ വസിക്കുന്നതിനും അവരിൽ ഒരാളായഡെൻമാൎക്കിലെ മഹാരാജാവൊടൊരുമിച്ചു ഭക്ഷണംകഴിക്കുന്നതിനും ബെഞ്ചമിനു സൌഭാഗ്യം ഉണ്ടായി.

"പാതിയും പുരുഷൻ ഭാൎയ്യയെന്നറിഞ്ഞാലും" എന്നുള്ള പ്രമാണം അനുസരിച്ചു ബെഞ്ചമിൻെറ പ്രിയപത്നി അയാളോളുംതന്നെ മഹാമനസ്കതയുള്ള ഒരു പരിശ്രമശീലയായിരുന്നു. അയാൾ അച്ചടിച്ച കടലാസുകൾ മടക്കുക വ്യാപാരശാലയിലെ ജോലികൾ നടത്തുക മുതലായ പല കൃത്യങ്ങൾ ഈ നാരീരത്നംതന്നെ വഹിച്ചു. മടിയന്മാരായ ഭൃത്യന്മാരെക്കൊണ്ടുള്ള ഉപദ്രവം ബെഞ്ചമിൻെറ കുടുംബം സഹിക്കേണ്ടിയിരുന്നില്ല. അവരുടെ ഭക്ഷണരീതി തുലോം സാധാരണവും വസ്ത്രധാരണം അത്യന്തം ലളിതവും വീട്ടുസാമാനങ്ങൾ ഏററവും വിലകുറവുള്ളവയും ആയിരുന്നു. അവർ രാവിലെ റൊട്ടിയും പാലും മാത്രം ഭക്ഷണം കഴിച്ചുവന്നു. തേയില അവർ ഉപയോഗപ്പെടുത്തിയിരുന്നില്ല. സുഖസാധനങ്ങളിൽ ഒന്നായിട്ടാണ് ബെഞ്ചമിൻ ഇതിനെ ഗണിച്ചിരുന്നതു. വെറും മൺപാത്രങ്ങളിൽ മാത്രമെ ഭക്ഷണം കഴിക്കാറുണ്ടായിരുന്നുള്ളൂ. ദൃഢമായ മിതവ്യയശീലമുള്ള ആളുകൾക്കുപോലും സുഖാനുഭോഗങ്ങളിൽ ചിലപ്പോൾ എത്രമാത്രം ഔൽസുക്യം ഉണ്ടാ

യിപ്പോകുന്നു എന്നാ ബെഞ്ചമിൻ ഒരിക്കൽ വിസ്മയിച്ചു. എങ്ങിനെയെന്നാൽ ഒരുദിവസം രാവിലെ ഭക്ഷണംകഴിക്കാനിരുന്നപ്പോൾ ഒരു ചീനപ്പിഞ്ഞാണവും വെള്ളിത്തവിയും ഭാൎയ്യ അയാളുടെ മുമ്പിൽ കൊണ്ടുവന്നുവച്ചു. ഇവയുടെവില അന്വേഷിച്ചപ്പോൾ ൨൩ ഷില്ലിംഗ് ആയിഎന്നു അയാൾ ഗ്രഹിച്ചു. ഇപ്രകാരം ദ്രവ്യവ്യയം ആരംഭിച്ചതെന്തെന്നു ചോദിച്ചപ്പോൾ തന്റെ ഭൎത്താവിനു മററു പെണ്ണുങ്ങളുടെ ഭൎത്താക്കന്മാരെപ്പോലെ ഒരു വെള്ളിത്തവിയും ചീനപ്പിഞ്ഞാണവും ഉപയോഗിക്കാൻ യോഗ്യതയുണ്ടെന്നുകണ്ടു വാങ്ങിച്ചതാണെന്നുമാത്രം ഭാൎയ്യ സമാധാനംപറഞ്ഞു.

മതവിശ്വാസവും ബെഞ്ചമിനു വളരെ ഉണ്ടായിരുന്നു. പ്രസ്ബിറററിയൻ ക്രിസ്ത്യൻ ആയിട്ടാണു അയാൾ വളൎത്തപ്പെട്ടതു. ഈ ശാഖയിലെ പലതത്വങ്ങൾ അയാൾക്കു ദുൎഗ്രഹങ്ങളും ചിലവ സംശയാസ്പദങ്ങളും ആയിരുന്നതിനാൽ അയാൾ മതസംബന്ധമായ പൊതുയോഗങ്ങളിൽ പ്രായേണ ഹാജരാകാതെ കഴിച്ചുകൂട്ടി. അയാൾക്കു സൎവ്വപ്രധാനങ്ങളായിഏതാനും മതബോധങ്ങൾ ഉണ്ടായിരുന്നു. ഈശ്വരൻ ഉണ്ടെന്നും ആ മഹാശക്തിയാണു ലോകത്തെ സൃഷ്ടിച്ചുഭരിക്കുന്നതെന്നും, അത്യുത്തമമായ ദൈവശുശ്രൂഷ എന്നതു പരന്മാൎക്കു നന്മചെയ്യുക എന്നതാണെന്നും, ആത്മാവു അനശ്വരമാണെന്നും, സകല ദുഷ്കൃത്യങ്ങളും ശിക്ഷിക്കപ്പെടുമെന്നും എല്ലാ സൽകൃത്യങ്ങളും സമ്മാനിക്കപ്പെടുമെന്നും, ഈ നിഗ്രഹാനുഗ്രഹങ്ങൾ ഇഹത്തിലൊ പരത്തിലൊ എവിടെ വച്ചെങ്കിലും ഉണ്ടാകുമെന്നുള്ളതു നിസ്സന്ദേഹമാണെന്നും ബെഞ്ചമിൻ സൎവ്വാത്മനാ വിശ്വസിച്ചിരുന്നു. ഇവയാണു സൎവ്വമതങ്ങളുടേയും അസ്ഥിവാരം എന്നു ബോധപ്പെട്ടതിനാൽ എല്ലാമതങ്ങളേയും അയാൾ ആദരിച്ചിരുന്നു. എന്നാൽ ഓരോ മതത്തിലേയും ഇതരപ്രമാണങ്ങൾകൂടി അയാൾ പരിശോധിക്കാതെയിരുന്നില്ല. സന്മാൎഗ്ഗജീവിതത്തെ പ്രോത്സാഹിപ്പിക്കുകയും

സ്ഥിരീകരിക്കുകയും ചെയ്യാത്തവയും മനുഷ്യരെ സ്നേഹബന്ധത്താൽ ഏകീകരിക്കേണ്ടതിന്ന പകരം അവരെ പരസ്പരശത്രുക്കളാക്കിത്തീൎക്കുന്നതിന്ന പ്രേരിപ്പിക്കുന്നവയും ആയ മതതത്വങ്ങളുടെ ന്യൂനാതിരേകത്തിന്നനുസരണമായിട്ടൊരോമതത്തേയും അയാൾ കൂടുതലായൊ കുറവായൊ ആദരിച്ചുവന്നിരുന്നു. സൎവ്വമതങ്ങളോടും തനിക്കുണ്ടായിരുന്ന ബഹുമാനവും എത്രതന്നെ ചീത്തയായ മതത്തിലും ഏറക്കുറെ നന്മകൾ അടങ്ങാതെയിരിക്കയില്ലന്നുള്ള സ്വാഭിപ്രായവും നിമിത്തം അയാൾ മതസംബന്ധമായ തൎക്കത്തിൽ പ്രവേശിക്കയും മററു മതങ്ങളെ ഖണ്ഡിക്കാൻ ഉദ്യമിക്കുകയും ചെയ്തിരുന്നില്ല. പൊതുആരാധനസ്ഥലങ്ങളിൽ നിയമേന സന്നിഹിതനായിരിക്കണമെന്നുള്ള നിൎബ്ബന്ധം ബെഞ്ചമിന്നു ഉണ്ടായിരുന്നില്ലെങ്കിലും ഉത്തമരീതിയിൽ നടത്തപ്പെടുന്നതായാൽ ഒരം യോഗങ്ങൾ വളരെ ഫലപ്രദങ്ങളാണെന്നുതന്നെയായിരുന്നു അയാളുടെ വിശ്വാസം. ഇന്ന പ്രത്യേക മതശാഖയിലേക്കു ആളുകളെ ആകൎഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലാതെ മനുഷ്യരെ യോഗ്യപൌരന്മാരും സന്മാൎഗ്ഗജീവികളും ആക്കിത്തീൎക്കണമെന്നുള്ള താല്പൎയ്യത്തോടുകൂടിമാത്രം നടത്തപ്പെടുന്ന പ്രസംഗങ്ങളുംയോഗങ്ങളും അയാൾക്കു ഹിതകരങ്ങളായിരുന്നു. അയാൾസ്വയമായി ഒരു സങ്കീൎത്തനം രചിച്ചിരുന്നു. യാതൊരു കുററവും തെററും ചെയ്യാതെ ജീവിക്കാൻ പരിശ്രമിക്കേണ്ടതു മനുഷ്യധൎമ്മമാണെന്നുള്ള ദൃഢബോധം ഹേതുവായി അയാൾ അപ്രകാരം വൎത്തിക്കാൻ ആഗ്രഹിച്ചു. സ്വഭാവേനയുള്ള വാസനാശക്തി നിമിത്തമായൊ ദീൎഘകാലത്തെ പരിചയം ഹേതുവായോ സഹവാസബലംമൂലേനയൊ ഉണ്ടാകാവുന്ന ദുൎമ്മോഹങ്ങളെ പരിത്യജിച്ചു വിശുദ്ധമായി ജീവിക്കാമൊ എന്നു പരീക്ഷിച്ചു നോക്കുവാൻ ബെഞ്ചമിൻ തീൎച്ചപ്പെടുത്തി. ഇന്നതു തെററു ഇന്നതു ശരി എന്നു താൻ ഗ്രഹിച്ചിരുന്നതു അനുസരിച്ചു തെററിനെ വൎജ്ജിക്കയും ശരിയായുള്ളതിനെ അനുഷ്ഠിക്കയുംചെയ്യുന്നതിൽ എന്തു വൈഷമ്യമാണുള്ളതെന്നു അയാൾആലോ

ചിച്ചു. എന്നാൽ ഇതിൻെറ പരിശീലനം താൻ കരുതിയിരുന്നതുപോലെ സുകരമല്ലെന്നു അചിരേണ ഞയാറംക്കബോധപ്പെടാതിരുന്നില്ല. ഇന്ന ഒരു തെററുചെയ്യാൻ ഇടയാകരുതെന്നുള്ള മനഃപൂർവ്വനിർബന്ധത്തോടുകൂടി വത്തിക്കുമ്പോൾ വേറൊന്നു അപ്രതീക്ഷിതമായിവന്നു ബാധിക്കുന്നു. ശീലത്തെജയിക്കുന്നതിനും ജന്മസിദ്ധമായ വാസനയെ തടുക്കുന്നതിനും വലിയപണിയുണ്ടെന്നു അയാൾ മനസ്സിലാക്കി. ആകയാൽ സന്മാർഗ്ഗിയായി ജീവിക്കണമെന്നു ഉറയ്ക്കുന്നതുകൊണ്ടു മാത്രം ആ കാര്യം സാധിക്കുന്നതല്ലെന്നും വിപരീതമോഹങ്ങളെ ഇല്ലായ്മചെയ്യാൻ പ്രയത്നിക്കേണ്ടതാണു കുറെക്കൂടി ആവശ്യമുള്ളതെന്നും ഇപ്രകാരം ദുർമ്മാർഗ്ഗാസക്തിയെ ധ്വംസനം ചെയ്താൽ അല്ലാതെസുസ്ഥിരമായ ശീലദാർഢ്യം ലഭിക്കയില്ലെന്നും ബെഞ്ചമിൻ ഗ്രഹിച്ചു. ഇതിൻെറ ക്രമോൽകൃഷ്ടമായ അനുഷ്ഠാനത്തിലേക്കുവേണ്ടി താഴെപറയുന്ന ഒരു പ്രയോഗരീതി അയാൾ അവലംബിച്ചു.

പുസ്തകവ്വായനയിൽ കണ്ടെത്തീട്ടുള്ള സദാചാരങ്ങളുടെ സംഖ്യ ഓരോഗ്രന്ഥകാരന്മാർ അവരവരുടെ സദ്ബുദ്ധിക്കു അനുസരണമായി കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്തിട്ടുണ്ടു. മിതഭോഗം എന്നതു ഭക്ഷണപാനങ്ങളിൽ മാത്രം സംബന്ധിക്കുന്നതായി ചിലർ വ്യവഹരിച്ചിരുന്നു. മററുചിലർ ഈ ശീലത്തെ എല്ലാമാതിരി വിഷയസുഖങ്ങളോടും ഇച്ഛകളോടും വികാരങ്ങളോടും ദ്രവ്യാശയോടും ഔന്നത്യേച്ഛയൊടും സംബന്ധിപ്പിച്ചിരുന്നു. ഏതാദൃശങ്ങളായ അഭിപ്രായാന്തരങ്ങളെ കണ്ടു ബെഞ്ചമിൻ സദാചാരങ്ങളുടെ സംഖ്യയെ വൎദ്ധിപ്പിക്കുന്നതിനും ഓരോന്നിൻെറ വ്യാപ്തിയെ ചുരുക്കുന്നതിനും നിശ്ചയിച്ചു. ആകെ പതിമൂന്നു സദാചാരങ്ങളെ അനുഷ്ഠിക്കാനാണു് അയാൾ ഒരുങ്ങിയതു.

അനന്തരം ഇവയുടെ പേരുവിവരം മുതലായവയ്ക്കു അ

യാറം ഒരു ലിസ്റ്റ് തയാറാക്കി ഓരോന്നിനെപ്പററി ഓരോസൂചനങ്ങളും അതോടൊന്നിച്ചു ചേൎത്തു.

൧. മിതഭോഗം:— മന്ദിക്കത്തക്കവണ്ണം ഭക്ഷിക്കയും മദിക്കത്തക്കവണ്ണം കുടിക്കയും അരുതു.

൨. മൌനം:— തനിക്കൊ പരന്മാൎക്കൊ ഉപകാരപ്രദമല്ലാത്ത യാതൊന്നും സംസാരിക്കരുതു. വെടിപറയുക ഉപേക്ഷിക്കണം.

൩. വ്യവസ്ഥ:— ഓരോ ജോലിക്കു ഓരോ ക്ലിപ്തസമയം ഏൎപ്പെടുത്തണം. സകല സാധനങ്ങളും അവയുടെ പ്രത്യേകസ്ഥാനങ്ങളിൽ സൂക്ഷിക്കപ്പെടുകയുംവേണം.

൪. നിശ്ചയം:— കൎത്തവ്യകൎമ്മം അനുഷ്ഠിക്കേണമെന്നു ഉറയ്ക്കുക. ചെയ്വാൻ നിശ്ചയിച്ചതു തെററാതെ ചെയ്യുക.

൫. മിതവ്യയം:— പരന്മാൎക്കൊ തനിക്കൊ ക്ഷേമപ്രയോജകമല്ലാതുള്ള യാതൊരുചിലവും ചെയ്യരുതു. വൃഥാവ്യയം ചെയ്യുക എന്നതു ഉപേക്ഷിക്കണം.

൬. നിസ്തന്ദ്രത:— സമയം വൃഥാകളയരുതു. ഉപകാരപ്രദമായ എന്തെങ്കിലും സദാ ചെയ്തുകൊണ്ടിരിക്കണം. അനാവശ്യങ്ങളായ സകലപ്രവൃത്തികളുംവൎജ്ജിക്കുക.

൭. ആൎജ്ജവം:— ഹാനികരമായ വഞ്ചന പ്രയോഗിക്കരുതു. നിൎദ്ദോഷമായും ന്യായമായും ആലോചിക്കണം. സംസാരിക്കുന്നതും അപ്രകാരംതന്നെവേണം.

൮. നീതി:— ദോഷംപ്രവൎത്തിച്ചു് യാതൊരുത്തൎക്കും അപരാധിയാകരുതു. താൻ ചെയ്യാനുള്ള കടമചെയ്യാത്തതുകൊണ്ടു അന്യൎക്കു ദോഷം സംഭവിക്കാൻ ഇടയാക്കരുതു.

൯. പരിപാകത:— അതിരുകവിയരുതു. അന്യന്മാരുടെ അപരാധങ്ങളെകഴിവുള്ളിടത്തോളംക്ഷമിക്കണം.

൧൦. ശുചിത്വം:— ശരീരത്തിലും വസ്ത്രത്തിലും ഗൃഹത്തിലും അഴുക്കുംഅശുചിയും ഉണ്ടാകാൻ അനുവദിക്കരുതു.

൰൧. മനഃശാന്തി:— നിസ്സാരകാൎയ്യങ്ങളാൽ മനസ്സുക്ഷോഭിക്കരുതു. സാധാരണങ്ങളോ അനിവാൎയ്യങ്ങളൊ ആയ സംഭവങ്ങൾ മൂലം ചപലത ഉണ്ടാകരുതു്.

൰൨. ചാരിത്രശുദ്ധി:— ദാമ്പത്യാവസ്ഥയിൽ പരിശുദ്ധരായിരിക്കുക.

൰൩. താഴ്മ:— യേശുവിനേയൊ സാക്രട്ടീസിനെയൊ അനുകരിക്കുക.

ഈ സദ്ഗുണങ്ങളിൽ ഓരോന്നിനെയും സ്വാധീനമാക്കണമെന്നു ആഗ്രഹിച്ചതിനാൽ എല്ലാം ഒരുമിച്ചു വശപ്പെടുത്താൻ ശ്രമിക്കാതെ ഓരോരിക്കൽ ഓരോന്നിനെ പരിശീലിച്ചു വശത്താക്കാമെന്നു ബഞ്ജമിൻ നിശ്ചയിച്ചു. മിതഭോഗശീലം സ്വാധീനമായാൽ മററുപലതും പരിചയിക്കുന്നതിനു സൌകൎയ്യവും മനഃശക്തിയും ഉണ്ടാകുമെന്നുള്ളതാകകൊണ്ടു പ്രഥമസമാരംഭം ആ സൽഗുണത്തിന്റെ പരിശീലനത്തിനായിക്കൊണ്ടുതന്നെ ആകട്ടെ എന്നും അയാൾ നിൎണ്ണയിച്ചു. പിന്നീടു മൌനം അനുഷ്ഠിക്കാൻ ഉദ്യോഗിക്കാമെന്നു നിശ്ചയിച്ചതു ജ്ഞാനസമ്പാദനത്തിനു ജിഹ്വയെക്കാൾ ശ്രോത്രം അധികം പ്രയോജനപ്പെടുമെന്നുള്ള ബോധത്തോടുകൂടിയായിരുന്നു. മൂന്നാമതായി വ്യവസ്ഥ അഭ്യസിക്കുന്നതുകൊണ്ടു സ്വകൃത്യനിൎവ്വഹണത്തിനു സമയലാഭമുണ്ടാക്കാമെന്നു അയാൾ കരുതി. ഈ പ്രകാരം ഓരോന്നും ഓരോ പ്രത്യേക ഉദ്ദേശത്തോടുകൂടി ക്രമീകരിക്കപ്പെട്ടിരുന്നു. ഇവയുടെ സിദ്ധി എത്രമാത്രം സ്വാധീനപ്പെടുന്നുണ്ടെന്നു നിൎണ്ണയിക്കുവാൻ ആത്മപരിശോധന അവശ്യം വേണ്ടതായിരുന്നതിനാൽ അതിലേക്കു അയാൾ ഒരു രീതി ഏൎപ്പെടുത്തി. ഒരു ചെറിയബുക്കു ഉണ്ടാക്കി അതിലെ ഓരോവശം ഓരോ നന്മയുടെ വകയ്ക്കായി സങ്കല്പിച്ചു ഓരോ ഖണ്ഡം ഓരോ ദിവസത്തേക്കു ഉണ്ടായിരിക്കത്തക്കവണ്ണം വശങ്ങളെ ഏഴേഴു ഖണ്ഡങ്ങളായി വിഭജിച്ചു. ആകെ പതിമൂന്നു സദാചാരങ്ങൾ പരിചയിക്കാൻ നിശ്ചയിച്ചിരുന്നവയിൽ ഓരോന്നിനു ഓരോ ദിവസത്തേക്കു ഓരോ ഖണ്ഡവും തയാറാക്കി. ദിവസംപ്രതി ലംഘിക്കപ്പെടുന്നതായ സദാചാരത്തി

ന്റെ ഖണ്ഡത്തിൽ ആ വിവരം രേഖപ്പെടുത്താനായി ഒരു അടയാളം അന്നന്നുള്ള ആത്മപരിശോധനസന്ദർഭത്തിൽ ഇടണമെന്നും ഉദ്ദേശിച്ചു. ഓരോആഴ്ച ഓരോ സദാചാരത്തെ അത്യന്തം നിഷ്കൃഷ്ടയോടുകൂടിയും മററുള്ളവയെ സാമാന്യശ്രദ്ധയോടുകൂടിയും പരിശീലിക്കണമെന്നായിരുന്നു ബെഞ്ചമിന്റെ കരുതൽ.

	ഞായർ	തിങ്കൾ	ചൊവ്വ	ബുധൻ	വ്യാഴം	വെള്ളി	ശനി
മിതഭോഗം							
മൌനം							
വ്യവസ്ഥ							
നിശ്ചയം							
മിതവ്യയം							
നിസ്തന്ദ്രത							
ആർജ്ജവം							
നീതി							
പരിപാകത							
ശുചിത്വം							
മനഃശാന്തി							
ചാരിത്രശുദ്ധി							
താഴ്മ							

ഇപ്രകാരം പതിമൂന്നു സദാചാരങ്ങളേയും പതിമൂന്നു ആഴ്ചകൊണ്ടു ഒരു പരിവൎത്തി അഭ്യസിക്കുന്നതായാൽ ആണ്ടിൽ നാലു ആവൎത്തിച്ചു ഇവയെ സ്ഥിരീകരിക്കാൻ കഴിയുന്നതാണു. വലിയ ഒരു തോട്ടത്തിലെ കളകൾ ഒന്നോടെ ഉന്മൂലനം ചെയ്വാൻ ഉദ്യമിക്കാതെ കുറെക്കുറെ സ്ഥലങ്ങൾ ഖണ്ഡശഃ വൃത്തിയാക്കിയാൽ മുഴുവൻ തോട്ടം കാലക്രമേണ ഉപയോഗയോഗ്യമാക്കിത്തീൎക്കാവുന്നതുപോലെ ദുൎമ്മാൎഗ്ഗാസക്തികളെ ഒരേന്നായി വിധ്വംസനം ചെയ്വാൻ ശ്രമിക്കുന്നതു പെട്ടെന്നു പരിശുദ്ധനായ്തീരാൻ ഭാവിക്കുന്നതിനേക്കാൾ നന്നുതന്നെ എന്നുള്ളതിനു സംശയമില്ല. മനുഷ്യയത്നം വേണ്ടവണ്ണം സഫലമായ്തീരുന്നതു ഈശ്വരാനുഗ്രഹത്താൽ മാത്രമാണെന്നു പൂൎണ്ണബോധം ഉണ്ടായിരുന്ന ബെഞ്ചമിൻ തന്റെ നിത്യ പ്രാൎത്ഥനയ്ക്കും ധ്യാനത്തിനും ആയി നോട്ടുബുക്കിൽ ഒരു സങ്കീൎത്തനം എഴുതി സൂക്ഷിച്ചിരുന്നു.

“അല്ലയൊ മഹാശക്തിയുള്ള നന്മയെ! ഔദാൎയ്യനിധിയായ പിതാവെ, കരുണാസമുദ്രമായ മാൎഗ്ഗോപദേഷ്ടാവെ എന്റെ യഥാൎത്ഥനന്മയെ കണ്ടുപിടിക്കാനുള്ള ജ്ഞാനം എങ്കൽ വൎദ്ധിപ്പിക്കേണമെ! ആ വിജ്ഞാനത്താൽ നിയോഗിക്കപ്പെടുന്നതിനെ അനുഷ്ഠിക്കാൻ എന്റെ മനസ്സിന്നു ഉറപ്പുതരേണമെ! അങ്ങു എന്നിൽ അനവരതമായി ചൊരിയുന്ന നന്മകൾക്കു പകരമായി ഞാൻ എന്റെ സമസൃഷ്ടങ്ങളോടു ചെയ്യുന്ന ഉപകാരങ്ങളെ കൈക്കൊള്ളേണമേ!”

ബെഞ്ചമിൻ ഉപയോഗിക്കാറുണ്ടായിരുന്ന വേറൊരു സങ്കീൎത്തനം ഇപ്രകാരമായിരുന്നു.

“ആത്മബോധത്തെയും ജീവനെയും നല്കിയിരിക്കുന്ന പിതാവെ! മഹാമഹിമനിറഞ്ഞ നന്മയെ, സൎവോൽകൃഷ്ടമായതു എന്നെ പഠിപ്പിക്കേണമെ! അങ്ങുതന്നെ എനിക്കു ഉപ

ദേഷ്ടാവായിരിക്കേണമെ! ഭോഷത്വം, അഹങ്കാരം, നീചത്വം ആദിയായ സകല നിന്ദ്യോദ്യമങ്ങളിൽനിന്നു എന്നെ രക്ഷിക്കേണമെ! ജ്ഞാനവും തത്വബോധം ഹേതുവായുള്ള സമാധാനവും പവിത്രയായ സദ്ഗുണവും എന്റെ ആത്മാവിങ്കൽ പ്രതിഷ്ഠിക്കേണമെ! പരിശുദ്ധമായും ശാശ്വതമായും സുവിശേഷമായും ഉള്ള പരമാനന്ദം എന്റെ ആത്മാവിന്നനുഭവിക്കേണമെ!"

വ്യവസ്ഥ എന്ന സദാചാരത്തിന്റെ പരിശീലനത്തിനായി എല്ലാജോലികൾക്കും സമയനിശ്ചയം ചെയ്യേണ്ടിയിരുന്നതിനാൽഞാൻ ഒരു ദിവസത്തിന്റെ ഇരുപത്തിനാലുമണിക്കൂറുകളെ താഴെകാണുംപ്രകാരം വിഭജിച്ചു.

കാലത്തു	മണിക്കൂറ്	
ചോദ്യം:—ഇന്നു എന്തു നന്മ ചെയ്യാൻ എനിക്കു കഴിയും?	5 6 7	ഉണൎന്നു എഴുനേററു കാലും മുഖവും കഴുകി ഈശ്വരസ്തോത്രം ചെയ്തു ദിനകൃത്യത്തെപ്പററി ചിന്തിക്കുക, അതിനെ നിൎണ്ണയിക്കുക, അപ്പോൾ പഠിക്കാനുള്ളതു പഠിക്കുക, ഭക്ഷണം.
	8 9 10 11	ജോലി
ഉച്ചു	12 1	വായിക്കുകയൊ കണക്കു പരിശോധിക്കയൊ ചെയ്യുക. ഭക്ഷണം.
ഉച്ചതിരിഞ്ഞു	2 3 4 5	ജോലി

വൈകുന്നേരം ചോദ്യം:—ഇന്നു ഞാൻ എന്തു നന്മ ചെയ്തു?	7 8 9	സാമാനങ്ങളെ യഥാസ്ഥാനങ്ങളിൽ വയ്ക്കുക. അത്താഴം. സംഗീതമൊ, സംഭാഷണമൊ, വിനോദമൊ, ദിവസകൃത്യങ്ങളെപ്പററിയുള്ള ആത്മപരിശോധന.
രാത്രി	10 11 12 1 2 3 4	നിദ്ര

ഇപ്രകാരം ആത്മപരിശോധന ചെയ്യുക എന്ന കൌശലം അയാൾ അധികകാലം നടത്തിയിരുന്നു. തന്റെ ധർമ്മഭ്രംശങ്ങളുടെ ആധിക്യം അയാൾക്ക അക്കാലത്താണ് ബോധപ്പെട്ടതു. എന്നാൽ അതിസൂക്ഷ്മത്തോടുകൂടിയ സ്വയപരിശോധന നടത്തിത്തുടങ്ങിയപ്പോൾ അവയ്ക്കു പ്രത്യക്ഷമായ കുറവുണ്ടാകാതെയിരുന്നില്ല. മേൽ കാണിച്ചിട്ടുള്ള സദാചാരാനുഷ്ഠാന പട്ടിക പലപ്പോഴും അയാളെ അത്യധികമായി ക്ലേശിപ്പിച്ചിട്ടുണ്ടു. പലജോലിക്കാരനും പല ആളുകളുമായി ഏർപ്പാടുകൾ ഉള്ളവനും പലരുടെ അവസരം നോക്കേണ്ടവനും ആയിരുന്ന അയാൾക്ക ഇങ്ങനെയല്ലാതെ വരാൻ നിവൃത്തിയില്ല. എന്നാൽ വാൎദ്ധക്യത്തിലാണു അയാൾ ഈ മഹനീയമായ പ്രയത്നത്തിന്റെ പൂൎണ്ണഫലം അനുഭവിച്ചതു. സന്മാൎഗ്ഗാനുഷ്ഠാനവും തജ്ജന്യമായ ഈശ്വരാനുഗ്രഹവും ആണു തന്നെപൂജ്യനും സൌഭാഗ്യവാനും ആക്കിത്തീൎത്തതെന്നു അയാൾ പല അവസരങ്ങളിലും പ്രസ്താവിക്കാറുണ്ടായിരുന്നു. എഴുപത്തൊൻപതാമത്തെ വയസ്സിൽ പോലും താരുണ്യം തന്നെ ഉപേക്ഷിക്കാതെയിരുന്നതു മിതഭോഗം ഒന്നുകൊണ്ടുമാത്രമാണെന്നു അയാൾ പറഞ്ഞിരിക്കുന്നു. പരിശ്രമവും മിതവ്യയവും അയാളുടെ അപരിമേയ ജ്ഞാനോൽ

കഷ്ടത്തിന്റെ പ്രധാനഹേതുക്കൾ ആയിരുന്നു. ഈ രണ്ടുഗുണങ്ങളുടെ ഫലമായി അയാൾ നിരവധിസമ്പത്തു സമ്പാദിച്ചു. നേരും നീതിയും തന്റെ സകലകൃത്യങ്ങളിലും പ്രശോഭിച്ചിരുന്നതിനാൽ രാജ്യവാസികൾ എല്ലാവരും അയാളെ ഏകമത്യാ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു. കിം ബഹുനാ, എല്ലാസദ്ഗുണങ്ങളുടേയും അപൂൎണ്ണാവസ്ഥയിലെങ്കിലുമുള്ള സമ്മിളിതസാന്നിധ്യം ഹേതുവായി അയാൾ സൌമ്യശീലത്തിനും സംഭാഷണ ചാതുൎയ്യത്തിനും പരോപകാര കൃത്യത്തിനും ഒരു ആകരമായി ഭവിച്ചു. ബഞ്ചമിന്റെ ഈ പരിശീലനത്തെ അനുകരിക്കുന്നവർ അയാളെപ്പോലെ ഭാഗ്യവാന്മാരായിത്തീരാതെ യിരിക്കയില്ലെന്നും അതിലേക്കു ദൈവം അവരെ അനുഗ്രഹിക്കുമെന്നും അയാൾ ആശീൎവ്വദിക്കുന്നു.

ഈ അനുഷ്ഠാന മാൎഗ്ഗങ്ങളിൽ യാതൊരു പ്രത്യേകമതതത്വങ്ങളും ഉൾപ്പെടുത്താതെ യിരുന്നിട്ടുള്ളതു എല്ലാമതാനുസാരികൾക്കും ഇവ അനുകരണയോഗ്യങ്ങളായി തീരണമെന്നുള്ള തന്റെ ആഗ്രഹംകൊണ്ടാണെന്നു ബഞ്ചമിൻ പറയുന്നു. ഐഹികജീവിതത്തിൽ സൌഭാഗ്യവാനായിരിക്കണമെന്നു ഇഛിക്കുന്ന ആൾ സൽഗുണ സംപൂൎണ്ണനായിരുന്നാലല്ലാതെ അയാളുടെ മോഹം സാധിക്കുന്നതല്ലെന്നാണു ബഞ്ചമിന്റെ പൂൎണ്ണമായബോധം. സത്യവും കണിശവുംകൊണ്ടാണ് ലോകം ജയിക്കുന്നതെന്നു ആയാൾ പറയുന്നു. സദാചാരപട്ടികയിൽ താഴ്മയെ ആദ്യം അയാൾ ഉൾപ്പെടുത്തിയിരുന്നില്ല. താൻ അഹങ്കാരിയും ഗൎവ്വിഷ്ഠനും ആണെന്നും പ്രസംഗങ്ങളിലും വാദങ്ങളിലും ഈ ദുസ്സ്വഭാവം ധാരാളം പ്രത്യക്ഷപ്പെടുത്തുന്നുണ്ടെന്നും ഒരിക്കൽ ഒരു സ്നേഹിതൻ തന്നെ ധരിപ്പിച്ചപ്പോൾമുതൽ ഈ വിശിഷ്ടനന്മയെക്കൂടി പട്ടികയിൽ ഉൾപ്പെടുത്തി എന്നു ബഞ്ചമിൻ ഒരു സന്ദൎഭത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിൽപിന്നീടു യാതൊരുത്തന്റെയും അഭിപ്രായത്തെ എതിൎക്കുന്നതിനൊ സ്വാഭിപ്രായത്തെ സൎവ്വപ്രധാനമാ

യി സ്ഥാപിക്കുന്നതിനൊഅയാൾഉദ്യമിച്ചിട്ടില്ല. "നിശ്ചയമാ
യിട്ട" "നിർവിവാദമാകുന്നു" എന്നിങ്ങനെയുള്ള പദങ്ങൾ പോ
ലുംഅയാൾഅഭിപ്രായപ്രകടനങ്ങളിൽ ഉപയോഗിക്കാതെയാ
ണ് കഴിച്ചുകൂട്ടിയതു. "എന്നു ഞാൻശങ്കിക്കുന്നു", "എനിക്കു ഇ
ങ്ങനെ തോന്നുന്നു", എന്നു മാത്രമെ ബെഞ്ചമിൻ പറയാറു
ണ്ടായിരുന്നുള്ളു. വെറും അസംബന്ധമാണെന്നു തനിക്കു തോന്നു
ന്ന പരാഭിപ്രായങ്ങളെപ്പോലും സ്പഷ്ടമായി ഖണ്ഡിക്കാൻ അ
യാൾ ഉദ്യോഗിച്ചില്ല. ഇങ്ങനെയുള്ള ആത്മാഭിമാനവും ചരി
താൎത്ഥതയും വേണ്ടെന്നു അയാൾ നിശ്ചയിച്ചു. "മററുസംഗ
തികളിൽ ആ അഭിപ്രായം ശരിയായിരിക്കാമെങ്കിലും ഈ വി
ഷയത്തിൽ ചില വൈകല്യങ്ങൾ അതിനുണ്ടെന്നാണു് ഞാൻ
ശങ്കിക്കുന്നതു", ഇപ്രകാരമെ ബെഞ്ചമിൻ എതുവാദം നട
ത്താറുണ്ടായിരുന്നുള്ളു. അയാളുടെ ആദ്യകാലത്തെ നിർബന്ധ
സ്വഭാവം ഭേദപ്പെട്ടതുകൊണ്ടു് തന്റെ സംഭാഷണം ശ്രവി
ക്കുന്നതിൽ അന്യന്മാൎക്കു പൂൎവ്വാധികം ഔൽസുക്യവും സംതൃപ്തി
യും ഉണ്ടാകുന്നുണ്ടെന്നു കണ്ടു അയാൾ ഉപയുക്തപരിവിനീതനാ
യിത്തീൎന്നു. പ്രാരംഭത്തിൽ ഈ സ്വഭാവമാററം വളരെ ശ്രമ
കരമായി തോന്നിയെങ്കിലും പിന്നീടു വിനയപൂൎവ്വം ഭാഭിപ്രാ
യങ്ങളെ പുറപ്പെടുവിക്കുക എന്നുള്ളതു അയാൾക്കു ഒട്ടുംതന്നെ
വിഷമമായിതോന്നിയില്ല. രാജ്യകാൎയ്യങ്ങളിൽ പ്രവേശിച്ചു
ബെഞ്ചമിൻ അത്യന്തം പ്രശസ്തമായരീതിയിൽ സ്വകൃത്യങ്ങളെ
അനുഷ്ഠിച്ചതു തന്റെ വിനയം ഒന്നു കൊണ്ടു മാത്രമാണെന്നു
അയാൾ പറയാറുണ്ടായിരുന്നു. അഹങ്കാരത്തെപ്പോലെ കീഴട
ക്കാൻ പ്രയാസമുള്ള ദുൎഗ്ഗുണം മറെറാന്നുമില്ലെന്നാണ ബെഞ്ച
മിൻ പറയുന്നതു. അതിനെ ഗ്രഹനം ചെയ്വാൻ ഭാവിക്കു
യൊ ഉന്മൂലനം ചെയ്വാൻ പരിശ്രമിക്കയൊ എതിൎക്കാൻ
തുനിയുകയൊ ചെയ്യുന്നിടത്തോളം അതു പൂൎവ്വാധികം പുഷ്ടി
യോടുകൂടി മുളച്ചു തഴച്ചു വരുകയല്ലാതെ നശിക്കുകയില്ല.
അവസരം കിട്ടുമ്പോൾ പുറത്തേക്കു ചാടിപ്പുറപ്പെടാൻ ഗൎവ്വം
സദാസന്നദ്ധയാണു. അതിപ്രയത്നംകൊണ്ടും നിരന്തരമായന്ി

യ്യൂഷ്കൊണ്ടും വല്ലവിധേനയും ഇതരവിഷയങ്ങളിൽ നിന്ന് അഹങ്കാരബന്ധത്തെ വിടുത്താൻ കഴിഞ്ഞുഎങ്കിലും തന്റെ താഴ്മയെപ്പററി മാത്രം എങ്കിലും അയാൾ അഹംഭാവിയല്ലാ തെയിരുന്നില്ല.

—:0:—

൯-ാം അദ്ധ്യായം

—:0:—

ഗവമ്മെൻറ ജോലി

ബെഞ്ചമിന്റെ പതിവായ വായനകളിൽനിന്ന അയാൾ കുറിച്ചു സൂക്ഷിച്ചിട്ടുള്ള ഏതാനുംസൂചകങ്ങൾതാഴെചേക്കുന്നു.

ലോകത്തിൽ നടക്കുന്ന യുദ്ധങ്ങൾ, ആഭ്യന്തരകലഹങ്ങൾ, മുതലായവ കക്ഷി വ്യത്യാസത്തിന്റെ പരിമാണങ്ങൾ ആകുന്നു.

ഈ കക്ഷികൾതാന്താങ്ങളുടെ താല്ക്കാലികകാൎയ്യലാഭത്തെയൊ ഉദ്ദേശസിദ്ധിയേയൊ മാത്രം നോക്കുകയാണ് ചെയ്യുന്നതു. അഭിപ്രായഭേദങ്ങളുടെ സ്ഥിതിഅനുസരിച്ചുകുഴപ്പങ്ങൾ വദ്ധിക്കയൊ കുറയുകയൊ ചെയ്യുന്നു.

ഒരു കക്ഷിയിൽതന്നെ പൊതു ഉദ്ദേശംകൂടാതെ ഓരോരുത്തനും സ്വകാൎയ്യസാദ്ധ്യേഛയുംകൂടിയുണ്ടു. പൊതു ഉദ്ദേശം സാധിച്ചാലുടനെ കക്ഷിയിലെഅംഗങ്ങൾസ്വകാൎയ്യലാഭത്തിനായിപ്രയത്നിക്കുന്നു. അതുഹേതുവായി കക്ഷിയിൽ കക്ഷിയും കുഴപ്പവും വദ്ധിക്കുന്നു.

യഥാൎത്ഥമായ രാജ്യക്ഷേമത്തെ ആധാരമാക്കി പ്രവൎത്തിക്കുന്നവരുടെ സംഖ്യ വളരെ കുറയും ഒരു സംഘത്തിന്റെ പ്രവൃത്തിയിൽ നിന്നു രാജ്യക്ഷേമം സിദ്ധമാകുന്നവിഷയത്തിൽ ത

ന്നു അതിൻെറ ഓരോ അംഗത്തിൻെറയും ആദ്ദ്യോദ്ദേശം സ്വാൎത്ഥലാഭമായിരുന്നു. അല്ലാതെ നിഷ്കപടമായ പരഗുണ കാംക്ഷയല്ല ആളുകളെ യഥാൎത്ഥത്തിൽ പ്രേരിപ്പിക്കുന്നതു.

പൊതുജന ഭരണധുരന്ധരന്മാരുടെ കൂട്ടത്തിൽ വളരെകുറച്ചുപേർ മാത്രമെ സമസ്തസൃഷ്ടിക്ഷേമത്തിനുദ്ദേശിക്കുന്നുള്ളൂ.

ആയതിനാൽ സന്മാൎഗ്ഗസംഘം എന്നൊരു സ്ഥാപനം ഏൎപ്പെടുത്തി ലോകത്തിലെ സകല സത്തുക്കളെയും അതിലെ അംഗങ്ങളായി ചേൎത്തു അവരുടെ കൃത്യങ്ങളെയും നടപടികളേയും ക്രമീകരിക്കുന്നതു നന്നായിരിക്കും.

ഇപ്രകാരം ഒരു സംഘം സ്ഥാപിക്കുവാൻ നിഷ്കളങ്കമായി പ്രയത്നിക്കുന്നവർ ലോകത്തിനു ഏററവും വലിയ നന്മചെയ്യുന്നവരും ദൈവത്താൽ പ്രത്യേകമായി അനുഗ്രഹിക്കപ്പെടുന്നവരും ആയിരിക്കും.

ഈ അതിമഹത്തായ ഉദ്ദേശ്യത്തെ യഥാകാലം സാധിക്കുണമെന്നുള്ള താല്പൎയ്യത്തോടുകൂടി ഞയാൾ അപ്പോഴപ്പോൾ പല നോട്ടുകൾ എഴുതി ശേഖരിച്ചിരുന്നു. നോട്ടുകളിൽ ഒന്നു ഇപ്രകാരമാണ്. ഇവ യാതൊരു മതത്തേയും വിശേഷാൽ കരുതാതെയും എല്ലാമതങ്ങളേയും അവലംബിച്ചും ഉള്ള ചില തത്വങ്ങളായിരിക്കുന്നു.

൧ സകല ചരാചരങ്ങളുടേയും സൃഷ്ടികൎത്താവായ ഒരു ദൈവം ഉണ്ടു.

൨ അദ്ദേഹത്തിൻെറ കരുണയാൽ ലോകം ഭരിക്കപ്പെടുന്നു.

൩ അദ്ദേഹത്തെ പ്രാൎത്ഥനകൊണ്ടും പൂജനകൊണ്ടും സ്തുതികൊണ്ടും ആരാധിക്കേണ്ടതാണു.

൪ ദൈവപ്രീതിക്കു ഏററവും യോജിച്ച കൃത്യം പരോപകാരം ആകുന്നു.

൫ ആത്മാവു അനശ്വരമാണ്.

൬ ഈശ്വരൻ ഇഹത്തിലൊ പരത്തിലൊ വച്ചു നന്മയെ അനുഗ്രഹിക്കുകയും തിന്മയെ ശിക്ഷിക്കയുംചെയ്യും.

സന്മാൎഗ്ഗസംഘത്തിൽ അംഗങ്ങളായി ചേരുന്നവർ യുവാക്കന്മാരും ബ്രഹ്മചൎയ്യാശ്രമികളും ആയിരിക്കണമെന്നും മുൻ ഒരു ഭാഗത്തു വിവരിച്ചിട്ടുള്ള 13 സദാചാരങ്ങളുടേയും സിദ്ധിവരുത്തീട്ടുള്ളവർ കൂടി ആയിരിക്കേണ്ടതു് ആവശ്യമാണെന്നും ബഞ്ചമിൻ ആലോചിച്ചിരുന്നു. അയോഗ്യന്മാരായ അംഗങ്ങൾ ഉണ്ടാകാതെ ഇരിക്കാൻ വേണ്ടി ഈ സംഘം അത്യന്തരഹസ്യമായിരിക്കണമെന്നും സംഘത്തിലെ ഓരോ അംഗവും ഉചിതന്മാരായ ആളുകളെ കണ്ടുപിടിച്ചു. സംഘത്തെ യഥാക്രമം പോഷിപ്പിക്കണമെന്നും സംഘത്തിലെ എല്ലാ അംഗങ്ങളും പരസ്പരഗുണത്തെ അനുവൎത്തിക്കുന്നതിൽ സദാജാഗ്രൂകന്മാരായിരിക്കണമെന്നും കൂടി ബഞ്ചമിനു അഭിപ്രായം ഉണ്ടായിരുന്നു. സ്വതന്ത്രന്മാരുടെസംഘം എന്നപേരാണ് ഇതിനു കൊടുക്കാൻ അയാൾ നിശ്ചയിച്ചതു. ദുൎമ്മാൎഗ്ഗപന്ഥാവിൽനിന്നു സ്വാതന്ത്ര്യംലഭിച്ചവർ എന്നും മിതവ്യയം നിസ്സൂത്രത മുതലായ സദാചാരങ്ങളുടെ അനുഷ്ഠാനം ഹേതുവായിട്ടു ഋണമുക്തന്മാരെന്നും ഉള്ള അൎത്ഥത്തിലാണു് "സ്വതന്ത്ര" എന്ന അഭിധാനം നിശ്ചയിക്കപ്പെട്ടിരുന്നതു. എന്നാൽ ബഞ്ചമിന്റെ വിവിധജോലികളുടെ ബാഹുല്യം നിമിത്തം ഈ വിഷയത്തിൽ പ്രവേശിച്ചു പ്രവൎത്തിക്കാൻ അയാൾക്കു പിന്നീടു സൌകൎയ്യം ഉണ്ടായില്ല.

ഇങ്ങിനെയിരിക്കെ,അയാൾ റിച്ചാൎഡ്സാൻഡേഴ്സു എന്നപേരിൽഒരു പത്രംതുടങ്ങി. ഏകദേശം25 വൎഷംഅതുനടത്തികൊണ്ടിരുന്നു. പത്രം ഉപയോഗപ്രദവും രസാവഹവും ആയിരുന്നതിനാൽ വളരെ വരിക്കാർ അതുആവശ്യപ്പെടുകയും തൻമൂലം ബഞ്ചമിനു വലിയ ധനലാഭം സിദ്ധിക്കയും ഉണ്ടായി.

ആളുകളെആക്ഷേപിക്കുക, സ്വകാൎയ്യങ്ങളെപ്പററിപ്രതിപാദിക്കുക. കക്ഷിമത്സരംവൎദ്ധിപ്പിക്കുക മുതലായദുൎവ്വിഷയങ്ങൾക്കു ബഞ്ചമിന്റെ പത്രത്തിൽ ഒരിക്കലും സ്ഥലം അനുവദിക്കപ്പെട്ടിരുന്നില്ല.

ചില പത്രപ്രവൎത്തകന്മാർ കക്ഷിമത്സരം പോഷിപ്പിക്കുന്നതിനും ദുരാചാരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ദുസ്സ്വാതന്ത്ര്യങ്ങൾ ഉപദേശിക്കുന്നതിനും ആയിനിരന്തരം പരിശ്രമിക്കുന്നുണ്ടല്ലൊ. ഇപ്രകാരമുള്ള ദോഷപ്രവൎത്തികൾക്ക വശംവദന്മാരായി തീരാതെയിരിക്കേണ്ടതു എല്ലായുവാക്കന്മാരുടേയും കടമയാകുന്നു. പത്രങ്ങളെ അശുദ്ധപ്പെടുത്തുന്ന ഈവതരം പ്രവൎത്തികളെ അതിസൂക്ഷ്മത്തോടുകൂടി വർജ്ജിക്കുന്നവർമാത്രമെ കാലാന്തരത്തിൽ വിജയികളായി ഭവിക്കയുള്ളു.

ഫ്രെങ്ക്ലിൻ ബെഞ്ചമിൻ വിദേശഭാഷകൾ അഭ്യസിക്കുന്നതിനു ആരംഭിച്ചു. ആദ്യം ഫ്രഞ്ച് ഭാഷയും പിന്നീടു ഇറ്റാലിയാഭാഷയും പഠിച്ചു അതിൽപിന്നെ സ്പാനിഷ് ഭാഷയും കുറെ അഭ്യസിച്ചു.

ഫ്രെങ്ക്ലിൻ ബെഞ്ചമിനു ഡിപ്പ്യൂട്ടി പോസ്റ്റ് മാസ്റ്റർ ജനറൽ എന്ന ഉദ്യോഗം ലഭിച്ചു. ഇതു ഹേതുവായി അയാളുടെ പത്രത്തിനു പൂൎവ്വാധികം പ്രചാരവും അത്ഭുതപൂൎവ്വമായ ധനലാഭവും സിദ്ധിച്ചു.

ഇങ്ങനെയിരിക്കെ ബെഞ്ചമിൻ പൊതുജനകാൎയ്യങ്ങളെപ്പറ്റി ശ്രദ്ധിക്കാൻ ആരംഭിച്ചു. ആദ്യം ചെറിയ ചെറിയ വിഷയങ്ങളിലാണു ദൃഷ്ടിപതിച്ചതു.

ഒന്നാമതായി അയാൾ പ്രവേശിച്ചതു ടൌൺ പോലീസിന്റെ നടപടിയെ സംബന്ധിച്ചു ചില കാൎയ്യങ്ങളിലാണു.

നഗരത്തിൽ സാധാരണയായുണ്ടാകാറുള്ള അഗ്നിബാധകളേയും അവയുടെ പരിഹാരമാൎഗ്ഗങ്ങളേയും പറ്റി ബെഞ്ചമിൻ ഒരു ഉപന്യാസം ആദ്യം ജണ്ടോസഭയിൽ വായിക്കയും പിന്നീടു അതു അച്ചടിച്ചു പ്രചരിപ്പിക്കയും ചെയ്തു. ഇതു പൊതുജനക്ഷേമത്തിനു അത്യന്തം ഉപയുക്തമായ കാൎയ്യമാണെന്നു എല്ലാവരുംസമ്മതിച്ചതിനാൽ താമസിയാതെ തന്നെ

അതിലേക്ക ഒരു കമ്പനിയുണ്ടാകയും കമ്പനിക്കാർ തീ കെടുത്തുന്നവിഷയത്തിലും സാമാനങ്ങൾ സൂക്ഷിച്ചു രക്ഷിക്കുന്ന വിഷയത്തിലും പ്രത്യേകം ചുമതലപ്പെടുകയും ചെയ്തു.

അഗ്നിബാധ നിവാരണത്തിനു അമെരിക്കയിലെപ്പോലെ സൌകൎയ്യങ്ങൾ സജ്ജീകരിക്കപ്പെട്ടിട്ടുള്ള നാടുകൾ മററധികം ഉണ്ടോ എന്നുള്ളതു സംശയമാണു. ഈ മാതിരി സംഘങ്ങളുടെ ആവിർഭാവത്തിനു ശേഷം ഉണ്ടായിട്ടുള്ള അഗ്നിബാധകളിൽ ഒന്നോ രണ്ടോ വീടുകളിലധികം ഒരിക്കലും നശിക്കാൻ ഇടയുണ്ടായിട്ടുമില്ല.

ബഞ്ചമിന്റെ അച്ചടിജോലിയും വൎത്തമാനപത്രപ്രവൎത്തനവും നാൾക്കുനാൾ അഭിവൃദ്ധികരമായിത്തീൎന്നിരുന്നു. തന്റെ ആപ്പീസിലുള്ള വിശ്വാസികളും സമൎത്ഥന്മാരുമായ പല ജോലിക്കാൎക്കും അയാൾ മററു സ്ഥലങ്ങളിൽ ഓരോ അച്ചുക്കൂടങ്ങൾ ഉണ്ടാക്കിക്കൊടുത്തു് വലിയസഹായങ്ങൾ ചെയ്യാറുണ്ടായിരുന്നു. ആറുവൎഷത്തേക്ക ഇവർ ബഞ്ചമിന്റെ ആൾപ്പേരുകളായി വേല നടത്തണമെന്നായിരുന്നു വ്യവസ്ഥ. ആകാലംകഴിയുമ്പോളേക്ക അവർ അച്ചുക്കൂടംവിലയ്ക്കുവാങ്ങിക്കത്തക്ക മുതൽ സമ്പാദിക്കാതെയിരുന്നില്ല. ഇപ്രകാരം അനേകം കുടുംബങ്ങൾക്ക അയാൾ ക്ഷേമപ്രയോജകനായിത്തീൎന്നു. പങ്കുകച്ചവടം മിക്കപ്പോഴും ശണ്ഠയിൽ അവസാനിക്കാറുണ്ടെങ്കിലും ബഞ്ചമിനേയും പങ്കുകാരരേയും സംബന്ധിച്ചിടത്തോളം ഇതു വ്യത്യസ്തമായിരുന്നു. ആദ്യമായി ഉടമ്പടിതയ്യാറാക്കുമ്പോൾതന്നെ ഇന്നവിധങ്ങളിൽ ഇന്നയിന്നപ്പോളെല്ലാം ഇന്നയിന്നകാൎയ്യങ്ങൾ നടത്തണമെന്നു വിശദമായി വ്യവസ്ഥപ്പെടുത്തിയല്ലാതെ ഒരിക്കലും അയാൾ കൂട്ടുടമ്പടികൾ ഉണ്ടാക്കുകയില്ലായിരുന്നു. ആകയാൽ ഏതദ്വിഷയങ്ങളിൽ പ്രവൎത്തിക്കുന്നവരെല്ലാവരും ഇപ്രകാരം കണിശപ്പെടുത്തുന്നതു ഭാവിസുഖത്തിനും കാൎയ്യനടപ്പിനും വളരെ നന്നാണെന്നു കരുതേണ്ടതാണു. സിവിൾ

കേസുകളും അനാവശ്യമായ ദ്രവ്യനഷ്ടങ്ങളും ഈ വിധത്തിൽ വളരെ കുറയ്ക്കാൻ മാൎഗ്ഗമുണ്ടാകുമെന്നുള്ളതിനു സംശയമില്ല.

പെൻസിൽവേനിയായിൽ അക്കാലത്തു യുവാക്കന്മാരുടെ മാനസികപോഷണത്തിനു അത്യന്താപേക്ഷിതങ്ങളായ മഹാ പാഠശാലകളും രാജ്യരക്ഷയ്ക്കു അവശ്യംവേണ്ടതായ പട്ടാളവും മററു നാഗരീക ഏൎപ്പാടുകളും ഇല്ലായിരുന്നതിനെപ്പററി ബെഞ്ചമിൻപൎയ്യാലോചിച്ചു. ഇതിൻെറഫലമായി ൧൭൪൪ൽ അയാൾ ഒരു തത്വാന്വേഷണ സമാജം ഏൎപ്പെടുത്തി, ഈ രാജ്യരക്ഷയെ ആസ്പദമാക്കി വല്ലതും കരുതേണ്ടതു അത്യാവശ്യമാണെന്നു ബോധിച്ചിരുന്ന അയാൾ അതിൻെറ നിവൃത്തിക്കായിചില ലേഖനങ്ങൾ എഴുതി പ്രചരിപ്പിച്ചു. ഗവർന്മെൻറിൽ നിന്നു് ഈ വിഷയത്തിൽ പ്രവേശിക്കാൻസന്നദ്ധതകാണിക്കാതെയിരുന്നതിനാൽ പൊതുജനങ്ങളിൽനിന്നു് ഒരു് പണപ്പിരുവുണ്ടാക്കി അതുമൂലം കാൎയ്യംസാധിക്കാൻ ബെഞ്ചമിൻ ശ്രമിച്ചു. തദൎത്ഥം അയാൾ പ്രസിദ്ധപ്പെടുത്തിയ ലഘുലേഖയെ ജനങ്ങൾ അത്യന്തം സന്തോഷത്തോടുകൂടികൈക്കൊണ്ടു. ഉത്സാഹികളും വിദ്വാന്മാരും ആയ ഏതാനും ആളുകളുടെ സഹകരണത്തോടുകൂടി അയാൾ ഇതിലേക്കു ചില നിയമങ്ങൾ എഴുതിതയാറാക്കിക്കൊണ്ടു ഒരു പൊതുജനസംഘംവിളിച്ചു കൂട്ടുന്നതിനുആരംഭിച്ചു. സഭാമന്ദിരം പൌരന്മാരാൽ പൂരിതമായിതീൎന്നു. ബെഞ്ചമിൻ എഴുനേററു സംഘോദ്ദേശത്തെപ്പററി അല്പം പ്രസ്താവിച്ചും വച്ചു താൻ മുൻകൂട്ടി തയാറാക്കിയിരുന്ന കടലാസു വായിച്ചു് വ്യാഖ്യാനിച്ചു. അവിടെ കൂടിയിരുന്നവർ എല്ലാവരും ഈ വ്യവസ്ഥയെ ഐകകണ്ഠ്യേന സമ്മതിച്ചു ഒപ്പിട്ടുകൊടുത്തു. ൧൨൦൦ ആളുകളോളം തൽക്ഷണം ചേൎന്നു. പിന്നീടു ഏറേ താമസിയാതെ പതിനായിരം ആളുകൾവരെ ഇതിൽ ചേരുകയും ഇവരെല്ലാവരും കാലവിളംബം കൂടാതെ തോക്കു, വാൾ, മുതലായ ആയുധങ്ങൾ സ്വന്തമായി വാങ്ങിച്ചുകമ്പനികളായും റജിമെൻറുകളായും വിഭാഗിച്ചു പ്രത്യേകം നേ

താക്കന്മാരെയും തിരിഞ്ഞെടുത്തു. ആഴ്ചതോറും എല്ലാവരും ഒരുമിച്ചുകൂടി പട്ടാളക്രമം അഭ്യസിച്ചു. സ്ത്രീകൾ തങ്ങളുടെ സമ്പാദ്യം വകയായി പ്രത്യേകം പണം പിരിച്ചു പട്ടാളത്തിലേക്കു സംഭാവനചെയ്തു. പട്ടാള ഉദ്യോഗസ്ഥന്മാർ യോജിച്ചു ബഞ്ചമിനെ സൈന്യനായകനായി തിരിഞ്ഞെടുത്തു. എന്നാൽ താൻ ആ ജോലിക്കു മതിയായ യോഗ്യതയുള്ളവനല്ലെന്നു അയാൾ പ്രസ്താവിച്ചു അതിൽനിന്നുതന്നെ ഒഴിക്കണമെന്നു അപേക്ഷിച്ചതിനാൽമിസ്റ്റർ ലാറൻസ് എന്നൊരു മാന്യനെ നായകനായി നിശ്ചയിച്ചു. ഒരുനിരകോട്ടകൾ കെട്ടിച്ചു വലിയതോക്കുകൾ സംഭരിക്കാനായി വലിയ ഒരു പണത്തുക ആവശ്യപ്പെട്ടിരുന്നതു ഒരു ലാട്ടറി മുഖേന സാധിക്കാമെന്നു ബഞ്ചമിൻ അഭിപ്രായപ്പെട്ടു. അതനുസരിച്ചു ആകാര്യവും നിഷ്പ്രയാസമായി നടന്നു.

ബഞ്ചമിൻെറ ഏതാദൃശവിഷയങ്ങളിലെ സീമാതീതമായശ്രദ്ധ ഗവർണരും ആലോചന സഭക്കാരും ഗ്രഹിച്ച് അവർ അയാളെ തങ്ങളുടെ ഒരു ആലോചനക്കാരനായി അംഗീകരിച്ചു. ബഞ്ചമിൻെറ ബുദ്ധിവൈഭവം പല വിഷയങ്ങളിൽ വ്യാപിച്ചിരുന്നു എന്നുള്ളതിലേക്കു ദൃഷ്ടാന്തമായി അയാൾ ഒരു പുതിയതരം യന്ത്രഅടുപ്പു നിർമ്മിച്ചു.

വളരെകുറച്ചു വിറകുകൊണ്ടു ഈ അടുപ്പിൽ തീകത്തിക്കാൻ സാധിക്കുമായിരുന്നതിനാൽ ഇതിനു മററു യന്ത്രഅടുപ്പുകളെക്കാൾ അധികം പ്രചാരം ഉണ്ടായി. എന്നാൽ ബഞ്ചമിൻ ഇതിൻെറ ഉടമസ്ഥാവകാശം രജിസ്റ്റർ ചെയ്കയൊ വില്പനക്കുള്ള അധികാരം തനിക്കുമാത്രമെ ഇരിക്കാൻ പാടുള്ളു എന്നു ശഠിക്കയൊ ചെയ്തില്ല. അന്യന്മാരുടെ അനേക നിർമ്മാണങ്ങൾ കൊണ്ടു നമുക്കു പല പ്രയോജനങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നതിനാൽ നാം നമ്മുടെ നിർമ്മാണങ്ങളെകൊണ്ടു പരോപകാരം ചെയ്വാൻമാത്രമെ കരുതാവു എന്നായിരുന്നു അയാളുടെ അഭിപ്രായം.

൮-ാം അദ്ധ്യായം.

—:o:—

പൊതുജനക്ഷേമാഭിവൃദ്ധിക്കുള്ള മാൎഗ്ഗനിരൂപണങ്ങൾ.

അനന്തരം ബഞ്ചമിൻ ഒരു മഹാപാഠശാല സ്ഥാപിക്കുന്നതിനായി ഉദ്ദേശിച്ചപ്പോൾ തത്വാന്വേഷണിസഭയിലെ പല അംഗങ്ങളുടേയും സഹകരണം ഈ വിഷയത്തിൽ അയാൾക്കു ലഭിച്ചു. പെൻസൽവെനിയായിലെ യുവജനവിദ്യാഭ്യാസമാൎഗ്ഗനിരൂപണങ്ങൾ എന്നപേരോടുകൂടി ഒരു ലഘുപത്രിക അച്ചടിച്ചു അയാൾ പ്രചരിപ്പിച്ചു. ഈ ലേഖനം വായിച്ചതോടുകൂടി ആളുകൾക്കു തൽസംബന്ധമായ ആവശ്യം ബോധപ്പെട്ടു എന്നു കണ്ടപ്പോൾ അയാൾ ഒരു പണപ്പിരിവു ആരംഭിച്ചു. അഞ്ചു വൎഷംകൊണ്ടു പല ഗഡുക്കളായി ഓരോരുത്തനും ഓഹരി മുഴുവൻ അടയ്ക്കണമെന്നായിരുന്നു അയാൾ ഉപദേശിച്ചതു. ഇങ്ങനെ കാലസൌകൎയ്യം കൊടുക്കുന്നതു തുകവൎദ്ധനയ്ക്കുള്ള മാൎഗ്ഗമാണെന്നു അയാൾ കരുതിയതു പോലെതന്നെ ഫലവുമുണ്ടായി. ആകെ അയ്യായിരം പവനിൽ കുറയാതെ പിരിഞ്ഞു. കാൎയ്യലാഭത്തിനു ഈ മാൎഗ്ഗം അധികം ഉപയുക്തമാണെന്നു അയാൾ പൂൎവ്വാനുഭവങ്ങളിൽ നിന്നു വേണ്ടുവോളം ഗ്രഹിച്ചിരുന്നു.

ക്രിസ്തീയമതത്തിലുൾപ്പെട്ട പല ശാഖക്കാർ അവിടെ ഉണ്ടായിരുന്നതിനാലും ഇവരിൽ എല്ലാവരിലുംനിന്നു പണം പിരിച്ചിരുന്നതിനാലും ഇവൎക്കെല്ലാവൎക്കും ഈ സ്ഥാപനം ഒന്നു

പോലെ ഉപയോഗപ്രദമായി എന്നെന്നും സ്ഥിതിചെയ്യേണ്ടതു ന്യായമായിരുന്നതിനാൽ ഭരണാധികാരികളായി എല്ലാ ശാഖകളിലേയും പ്രതി പുരുഷന്മാരെ നിയമിച്ചിരുന്നു.

കുറെക്കാലം കഴിഞ്ഞപ്പോൾ ഈ വിദ്യാശാലയെ ഗവർമ്മെൻറിൽ നിന്നു സ്വീകരിക്കുകയും തൽസംബന്ധമായി പല പരിഷ്കാരങ്ങൾ ചെയ്കയും ചെയ്കതിൻെറ ഫലമാണു ഇപ്പോൾ ഫിലദൽഫിയായിൽ കാണുന്ന സർവ്വകലാശാലാ എന്നുള്ളതു സ്മരണീയമാണു. ബെഞ്ചമിൻ ൪൦ കൊല്ലങ്ങളിലധികംകാലം ഇതിൻെറ ഭരണാധികാരികളിൽ ഒരു പ്രധാനഅംഗമായി വർത്തിച്ചിരുന്നു. ഈ സ്ഥാപനംമൂലം തങ്ങൾക്കും സമീപസ്ഥന്മാക്കും നാട്ടിനും പ്രയോജനകാരികളായി എത്രയൊ യുവാക്കന്മാർതീൎന്നിട്ടുണ്ടെന്നുള്ളതിനു കണക്കില്ല. അനവരതമായ പരിശ്രമവും നിരന്തരമായ കൃത്യശ്രദ്ധയുംകൊണ്ടു മിതമായ സ്വത്തു ആർജ്ജിച്ചതിൻെറ ശേഷം ബെഞ്ചമിൻ തൻെറ ആയുഷ്കാലശിഷ്ടത്തെ തത്വശാസ്ത്രഗ്രഹണത്തിലും വിനോദത്തിലും ആയി വിനിയോഗിക്കുവാൻ തീർച്ചപ്പെടുത്തി. ഈ ആവശ്യത്തിലേക്കായി ഡാക്ടർ സ്പെൻസർ എന്ന പണ്ഡിതരുടെ യന്ത്രസാമഗ്രികൾ അയാൾ വിലയ്ക്കുവാങ്ങി അവയെ ഉപയോഗിച്ചു വിദ്യുച്ഛക്തി സംബന്ധമായ പല പരിശോധനകൾ നടത്തിത്തുടങ്ങി. എന്നാൽ പൊതു ജനങ്ങൾ അയാളുടെ സ്വാസ്ഥതയ്ക്കു പലപ്പോഴും വിഘാതം വരുത്താതെ ഇരുന്നില്ല. ബെഞ്ചമിനു വിശേഷാൽ ജോലി ഒന്നുംഇല്ലെന്നുകണ്ടപ്പോൾ മുതൽ ഗവമ്മെൻറു സംബന്ധമായ പൊതു കാര്യങ്ങളിൽ പലതിൻേറയും ഭാരവാഹിത്വം അവർ അയാളുടെ തലയിൽകയററി. സ്ഥലംഗവർണർ ബെഞ്ചമിനെ കമ്മീഷൻ ഓഫ് ദീപീസ്. (സമാധാനപരിപാലനയോഗം)എന്ന സംഘത്തിലെ ഒരംഗമായി നിശ്ചയിച്ചു. നഗരപരിഷ്കരണകമ്മററിക്കാർ അയാളെ പൊതുജനസംഘത്തിലെ ഒരംഗമായി തിരിഞ്ഞെടുത്തു. പിന്നീടു അവർ അയാൾക്കു ആൾഡർമാൻ

എന്ന സ്ഥാനം കൊടുത്തു. പുരവാസികൾ എല്ലാവരും ചേൎന്ന അയാളെ അസംബ്ളിയിലേക്ക തങ്ങളുടെ പ്രതിനിധിയായി നിശ്ചയിച്ചു. നിസ്സാരനായി ജീവിതം ആരംഭിച്ച അയാളെ ഇപ്രകാരം രാജ്യവാസികൾ കൊണ്ടാടാൻ ഇടയായതിൽ വച്ചു അയാൾക്ക അനല്പമായ ചാരിതാൎത്ഥ്യം ഉണ്ടാകാതെ ഇരുന്നിരിക്കുകയില്ലല്ലൊ.

ഫ്രെഡെൽഫിലഡൽഫിയായിൽ ഒരു ഹാസ്പിററൽ സ്ഥാപിക്കുന്നതിലേക്കായി ഡാക്ടർ തോമസ്സ് ബോൺഡ് എന്നൊരാൾ ഉത്സാഹിച്ചു. എന്നാൽ മഹാമനസ്കനായ ബോൺഡ് ഇതിലേക്കായി കഴിയുന്നത്ര പ്രയത്നിച്ചിട്ടും കാൎയ്യം നടത്തുന്നതിന്ന ശക്തനാകാതെ ഒടുവിൽ ബെഞ്ചമിന്റെ അടുക്കൽ അടുത്തുകൂടി. "അങ്ങ്‌വിചാരിച്ചാലല്ലാതെ പൊതു കാൎയ്യങ്ങൾ ഈ ദിക്കിൽ നടക്കുകയില്ല. എന്തെന്നാൽ ഞാൻ ഈ കാൎയ്യത്തെ കുറിച്ച് ആരോടെല്ലാം അപേക്ഷിക്കുന്നുവോ അവർ എല്ലാവരും ബെഞ്ചമിനോടു ആലോചിച്ചോ? അദ്ദേഹം എന്തുപറഞ്ഞു? എന്നാണ് എന്നോടു ചോദിക്കുന്നതു. ഇല്ല അദ്ദേഹത്തിനെ ഈ കാൎയ്യത്തിൽ ബദ്ധപ്പെടുത്തുന്നതു എന്തിന് എന്നു ഞാൻ മറുപടി പറയുമ്പോൾ ഓഹോ എന്നാൽ പിന്നീടാവട്ടെ ഞങ്ങൾ ചേൎന്നു കൊള്ളാം വിരോധമില്ല. ആലോചിച്ചിട്ട് വേണ്ടിയിരിക്കുന്നു. എന്നു അവർ എന്നെ ഒഴിച്ചുവിടുകയാണ് ചെയ്യുന്നതു." എന്നു ബോൺഡ് ബെഞ്ചമിനെ ധരിപ്പിച്ചു ബെഞ്ചമിൻ ആ സംഗതിയുടെ ഗുണദോഷങ്ങളെപ്പററിവേണ്ടവണ്ണം ചോദിച്ചറിഞ്ഞുംവച്ചു ബോണ്ടിന്റെലിസ്റ്റിൽ പേരെഴുതിപണത്തുകപതിച്ചുകൊടുത്തതുകൂടാതെ മററുപലരേയും കൂടി ഇതിൽ ഉൾപ്പെടുത്തി അയാളെ സഹായിക്കയും ചെയ്തു.

ഈ സ്ഥാപനത്തിന്റെഗുണാഗുണങ്ങളെപററിഅയാൾ പത്രത്തിൽ തന്റെ അഭിപ്രായം പ്രസിദ്ധപ്പെടുത്തിയപ്പോ

ഴേൾ ബോൺഡിന്ന അയാളുടെ ഉദ്ദേശം സാധിക്കാമെന്ന ആശയുണ്ടായിത്തുടങ്ങി. എന്നാൽസ്വല്പകാലം കഴിഞ്ഞപ്പോ ൾ ജനങ്ങൾ ഈവിഷയത്തിൽ വീണ്ടും അനാസ്ഥപ്രദൎശിപ്പി ക്കയാൽ ബെഞ്ജമിൻ തന്നെ ഇതിൽപ്രവേശിച്ചു ഒരു ഉപായം കണ്ടു പിടിച്ചു. പൊതുജനങ്ങളിൽ നിന്ന രണ്ടായിരം പവൻ പിരിച്ചു ആദ്യം ആതുരശാല അല്പമായിട്ടെങ്കിലും നട ത്തിത്തുടങ്ങുന്നതിനും അതിന്റെ ശേഷം ഗവണ്മെൻറിൽ നി ന്ന രണ്ടായിരം പവൻ സഹായധനംക്രുടിവാങ്ങിച്ചു ഉദ്ദേശം പൂൎത്തിയാക്കണമെന്നും ആയിരുന്ന അയാളുടെ ആലോചന. ഈആലോചനഗവണ്മെൻറും കൈക്കൊണ്ടു. ഇതിന്റെഫ ലമായി അധികം താമസിയാതെ ഒരു വലിയകെട്ടിടംപണി യിച്ചു അതിൽ ജോലിനടത്തിത്തുടങ്ങി.

അവിടത്തെ തെരുവീഥികൾ കല്ലിടാതെ കിടന്നിരുന്ന തിനാൽ വണ്ടികളുടെഗതാഗതങ്ങൾനിമിത്തംവൎഷകാലത്തി ൽ ചെളിയുടെ ആധിക്യവും വേനൽക്കാലത്തു പൊടിയുടെ കലശലും റോഡുകളിൽ വളരെയുണ്ടായിരുന്നു. വൎഷകാല ത്തു യാത്രക്കാൎക്ക ആപാദമസ്തകം ചളി തെറിയാതെ അവി ടെക്രുടി സഞ്ചരിക്കാൻ പ്രയാസമായിത്തീൎന്നിരുന്നു. ഈസങ്ക ടം ബെഞ്ജമിൻ പലപ്പോഴുംകണ്ടുംഅനുഭവിച്ചും അറിഞ്ഞു അ തിനെപ്പററി പത്രത്തിൽ പലതവണ മുറവിളിക്രുട്ടുകയും സഭ കളിൽ പ്രസംഗിക്കയും ചെയ്തു ഒടുവിൽ റോഡിന്റെ പ്ര ധാന ഭാഗത്തിൽ കല്ലു ഇടുവിച്ചു. വഴിതൂപ്പിന്ന ആളേൎപ്പെടു ത്തിയിട്ടില്ലായിരുന്നതിനാൽ പട്ടണം എല്ലാസമയവും വൃത്തി ഹീനമായിക്കിടന്നിരുന്നതിനുംബെഞ്ജമിൻപരിഹാരംഉണ്ടാക്കി. എങ്ങിനെയെന്നാൽ ആഴ്ചയിൽ രണ്ടുതവണ വീതം തെരുവു തൂത്തുവാരിചവറുകൾ ദൂരെ കൊണ്ടുപൊയ്ക്കൊള്ളാമെന്നുംഓ രൊ വീട്ടുകാരിൽ നിന്നുആറുപെൻസുമാസംതോറും ഇതിലെ ക്കു പ്രതിഫലം കിട്ടിയാൽ മതിയെന്നും ദരിദ്രനായഒരുക്രുലി ക്കാരൻ സമ്മതിച്ചപ്പോൾ ബെഞ്ജമിൻ ഈ വിഷയത്തെപ്പ ററി ഒരു ലഘുലേഖനം അച്ചടിച്ചു പ്രചരിപ്പിച്ചു. അടുത്ത

ദിവസം തെരുവുകാരുടെ അഭിപ്രായം അറിവാനായി അയാൾ ഓരൊ വീട്ടിലും ചെന്നപ്പോൾ ബഞ്ജമിനെ അത്യാദരവോട കൂടി ഉപചരിച്ച അയാളുടെ അഭിപ്രായത്തോട പൂൎണ്ണമായി യോജിക്കാതെ ആരും ഉണ്ടായിരുന്നില്ല. പ്രസ്തുത തെരുവിന്റെ ശുചിത്വവും നിൎമ്മലസ്ഥിതിയും കണ്ട എല്ലാത്തെരുവീഥികളിലും ഈ ഏൎപ്പാട നടപ്പാക്കിയാൽ കൊള്ളാമെന്നു ജനങ്ങൾ ആഗ്രഹിച്ചു. അതിലേക്കായി ഒരു പ്രത്യേക കരം കൊടുക്കാൻ എല്ലാവൎക്കും സമ്മതമുണ്ടായിരുന്നു.

ആകയാൽ നഗരം മുഴവൻ ഈ ഏൎപ്പാട വ്യാപിക്കാൻ വേണ്ടി ബഞ്ജമിൻ ഒരു ബിൽ തയാറാക്കി മഹാജനസഭയിൽ ഹാജരാക്കി ഈ ബിൽ ഭാമസംവിനാ അല്പം ചില ഭേദഗതികളോടുകൂടി പാസാക്കപ്പെട്ടു. അതോടുകൂടി തന്നെ തെരുവുകളിൽ വിളക്കവെയ്ക്കുന്ന രീതിയും ഏൎപ്പെടുത്തപ്പെട്ടു.

ഇപ്രകാരമുള്ള പൊതുജന ക്ഷേമകാൎയ്യങ്ങളിൽ സദാ ഉദ്യുക്തനായിരുന്ന ബഞ്ജമിന്റെ മഹാമനസ്കതയേയും ബുദ്ധി വികാസത്തേയും കണ്ടു ബഹുമാനം തോന്നീട്ടു കണക്ററികട്ട എന്ന സ്ഥലത്തുള്ള "ഏൽ" കാളേജിൽനിന്നും ന്യൂ ഇംഗ്ലണ്ടിലെ "കേംബ്രിഡ്ജ്" കാളേജിൽനിന്നും അയാൾക്ക എം. എ സ്ഥാനം നൽകി.

കാളേജ് ക്ലാസുകളിൽ പഠിക്കപോലും ചെയ്തിട്ടില്ലാത്ത ഒരാളിനു ഈ സ്ഥാനബഹുമാനങ്ങൾ ലഭിച്ചതു അയാളുടെ നിരന്തര പരിശ്രമത്തിന്റേയും നിസൎഗ്ഗസിദ്ധമായ ബുദ്ധിവൈഭവത്തിന്റേയും ഫലമാണല്ലൊ. വൈദ്യുതശക്തിസംബന്ധമായി അക്കാലത്തു അയാൾ നടത്തിയ അനേകം പരിശോധനകൾ പല പണ്ഡിതശിഖാമണികളേയും വിസ്മയ ഭരിതന്മാരാക്കിത്തീൎത്തു. ഏതദ്ദേശിയരും വിദേശിയരും ആയ അനവധി സഹൃദയാഗ്രേസരന്മാർ ബഞ്ജമിൻ ഒരു മഹാ പ്രേക്ഷാവാനും കുശാഗ്ര ബുദ്ധിയും ആണെന്നു അഭിപ്രായപ്പെട്ടു.

—:0:—

൯ ാം അദ്ധ്യായം

—:o:—

വൈദ്യുതശക്തി സംബന്ധമായ നിരീക്ഷണങ്ങൾ.

ഒരു വാളൻറിയർ സൈന്യം ഏൎപ്പെടുത്തുന്നതിനായി ബെഞ്ചമിൻ ഉദ്ദേശിച്ച് അതിൻെറ ഗുണദോഷങ്ങളെ സംഭാഷണ രൂപേണ ചോദ്യോത്തരങ്ങൾ മൂലം വിശദീകരിച്ചു ഒരു ഉപന്യാസം എഴുതിപ്രചരിപ്പിച്ചു. ഈ അഭിപ്രായം നാട്ടുകാർ ആദരിച്ചതിനാൽ പലയിടങ്ങളിലും, കമ്പനികളും റജിമെൻറുകളും ഉണ്ടായി പലയുവാക്കന്മാർ യുദ്ധാഭ്യാസംശീലിച്ചു. ഈ സമയത്ത് വടക്കേപടിഞ്ഞാറു അതൃത്തിയിൽ ശത്രുക്കളായ അമേരിക്കൻ ഇൻഡ്യന്മാരുടെഉപദ്രവം അധികരിക്കയാൽ സ്ഥലം ഗവർണർ ബെഞ്ചമിനെ അവിടെയ്ക്കു പട്ടാളഉദ്യോഗസ്ഥനായി നിയമിച്ചു. അയാൾ അവിടെ എത്തി ഏതാനും കോട്ടകളും മററും കെട്ടിച്ചു സ്ഥലരക്ഷവേണ്ടവണ്ണം ചെയ്തുംവച്ചുമടങ്ങി ഫിലഡൽഫിയായിൽ എത്തിയപ്പോൾ വാളൻറിയർ സൈന്യം വളരെഅഭിവൃദ്ധിയിൽ സ്ഥിതിചെയ്തിരുന്നു. ഇവർ എല്ലാവരും കൂടി ബെഞ്ചമിനെ തങ്ങളുടെ കർണൽ ആയിനിശ്ചയിച്ചു. ആകപ്പാടെ ൧൨൦൦ ൽ അധികം വാളൻറിയർ ഭടന്മാർ ഉണ്ടായിരുന്നു. ആദ്യമായി സൈന്യാദ്ധ്യക്ഷൻെറ നിലയിൽ ബെഞ്ചമിൻ പട്ടാളപരിശോധന കഴിച്ചും വച്ച് ഗൃഹത്തിലേയ്ക്ക് മടങ്ങിയപ്പോൾഎല്ലാഭടന്മാരും അയാളെ ആദരപൂർവം ഗൃഹത്തിലേയ്ക്കു അനുഗമി-

ച്ചു. അവിടെ എത്തിയഉടനേ ആചാരവെടികൾ വെച്ചു ഭേ ന്മാർപിരിഞ്ഞു. അതുപോലെതന്നെ ഒരു അവസരത്തിൽഅ യാൾ ഏതോ ഒരു കാൎയ്യംപ്രമാണിച്ചു വർജീനിയായിലേക്കു പോകാൻ ഭാവിച്ചപ്പോൾ പട്ടാളഉദ്യോഗസ്ഥന്മാർ ൩൦, ൪൦ പേർ ഒന്നുചേൎന്നു അയാളുടെ ഗൃഹത്തിൽ എത്തി. ഇവർ വാളുകൾ ഊരിപിടിച്ചു കുതിരപുറത്തുകയറി അണിനിരന്ന് അയാളെ അനുഗമിച്ചു. ഈ ബഹുമാനം രാജാക്കന്മാൎക്കുമാത്രം അർഹിക്കാവുന്നതാണെന്നും ബെഞ്ചമിൻ സ്വീകരിച്ചതുഅഹ ങ്കാരാധിക്യം ആയിപ്പോയി എന്നും അധികൃതത്തെ ഗവർണർ ശാസിച്ചു. വാസ്തവത്തിൽ ബെഞ്ചമിന്റെ അപേക്ഷയോ അനു മതിയോകൂടാതെ പട്ടാളക്കാർ ഇപ്രകാരം അയാളെ പൂജിച്ച താണെന്നുള്ള പരമാൎത്ഥം അറിയാതെ ശാസിക്കയായിരുന്നു ഗവർണർ ചെയ്തതു.

രാജ്യകാൎയ്യങ്ങളിൽ പ്രവേശിച്ചു തന്റെആയുഷ്കാലത്തി ന്റെ ഒരു പ്രധാനഭാഗം നയിച്ചബെഞ്ചമിൻ ഫ്രാങ്ക്ളിൻ ശാ സ്ത്രീയ തത്വാന്വേഷണത്തിനും ഒട്ടും തന്നെ അലസനോ വി മുഖനോ ആയിരുന്നില്ല. അയാളുടെ ഏതദ്വിഷയ പരിശ്രമ ങ്ങളെപ്പററി നമുക്കു അല്പം അന്വേഷിക്കുക തന്നെ.

൧൭൪൬ൽ ഡാക്ടർ സ്പെൻസ് എന്ന ഒരു ശാസ്ത്ര ജ്ഞൻ സ്കോട്ട്ലണ്ടിൽനിന്നു ബോസ്റ്റനിൽഎത്തി. ഈആളു ടെ കൈവശം ഉണ്ടായിരുന്ന ചില വൈദ്യുതയന്ത്രങ്ങളെ ബെ ഞ്ചമിൻ പരിശോധിച്ചു. സ്പെൻസ് ഒരു ശാസ്ത്രവിദഗ്ധനു ല്ലായിരുന്നതിനാൽ അയാളുടെ യന്ത്രങ്ങൾ അത്രവളരെ പ്ര യോജനമുള്ളവയായിരുന്നില്ല. എങ്കിലും ബെഞ്ചമിനു ഈവി ഷയം വളരെ പുത്തനായിരുന്നതിനാൽ അയാൾ യന്ത്രങ്ങളെ കണ്ടുഅത്യന്തം സന്തോഷിച്ചു. പിന്നീടു ഫിലദൽഫിയായിലേ യ്ക്കു മടങ്ങിയെത്തിയതിന്റെശേഷം ലണ്ടനിലെ റോയൽ സൊസൈററിയിലെ ഒരു അംഗമായ മിസ്റ്റർ കൊള്ളിൻസൻ

എന്ന ആൾ അമ്മേരിക്കൻ ലൈബ്രറിയിലേയ്ക്കു ഒരു കണ്ണാടിക്കുഴൽ സമ്മാനമായി അയച്ചുകൊടുത്തിരുന്നതിനെ അയാൾ കണ്ടു. വൈദ്യുതശക്തിയുടെ പരിശോധനയ്ക്കു ഈ കുഴൽ ഇന്നയിന്ന സഹായങ്ങൾ ചെയ്യുന്നതാണെന്നു മിസ്റ്റർ പീററർ എഴുതി അറിയിച്ചിരുന്നതു ബെഞ്ചമിൻ വായിച്ചു ഗ്രഹിക്കയും ചെയ്തു. ബോസ്റ്റനിൽവച്ചു താൻ തൽസംബന്ധമായി ഗ്രഹിച്ചിരുന്നജ്ഞാനത്തെപോഷിപ്പിക്കുന്നതിനു ഇതൊരു നല്ലഅവസരമാണെന്നു കരുതി അയാൾ പീററരുടെ കണ്ണാടിക്കുഴൽ കൊണ്ടു പലപരിശോധനകൾനടത്തി. അനേകമാളുകൾ ഈ പരിശോധനകളുടെ ഫലം കാണ്മാനായി അയാളുടെ ഗൃഹത്തിൽ ദിവസേനകൂടാറുണ്ടായിരുന്നു. ആൾക്കൂട്ടത്തെ കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ബെഞ്ചമിൻ ആതേതരത്തിൽ പല കുഴലുകൾവാങ്ങിച്ചു പലക്കായി സമ്മാനിച്ചു. ഇവർ താന്താങ്ങളുടെ ഗൃഹങ്ങളിൽവച്ചു സ്വന്ത പരിശോധനകൾ നടത്തിത്തുടങ്ങിയപ്പോൾ ഒരിടത്തുതന്നെ കൂടിക്കൊണ്ടിരുന്ന ആളുകൾ പലസ്ഥലങ്ങളിലായി ഭാഗംപിരിയുന്നതിനു ഇടയായതുകൊണ്ടു ബെഞ്ചമിന്റെ ഗൃഹത്തിലെക്കൂട്ടംവളരെകുറഞ്ഞു.

കണ്ണാടിക്കുഴലിന്റെ ഉപയോഗം വദ്ധമാനമായിത്തീന്നിരുന്നതിനെപ്പററി ബെഞ്ചമിൻ ഉടമസ്ഥനു കൂടെക്കൂടെ എഴുത്തുകൾ അയച്ചുകൊണ്ടിരുന്നു. ഈ കൂട്ടത്തിൽ മിന്നലും വൈദ്യുതശക്തിയും ഒന്നാണെന്നുള്ളതിനെപ്പററി ഒരു ഉപന്യാസം എഴുതി അയാൾ ലണ്ടൻ സംഘത്തിലെ ഒരു അംഗവും തന്റെ സ്നേഹിതനുമായിരുന്ന ഡാക്ടർ മിച്ചലിനു അയച്ചു. എന്നാൽ ആയതു സഭയിൽ വായിക്കപ്പെട്ടപ്പോൾസഭാംഗങ്ങൾഅതിനെപരിഹസിച്ചുകളയുകയാണുചെയ്തതെന്നു ആശാസ്ത്രജ്ഞൻ മറുപടിഅയച്ചു. മററുചില പണ്ഡിതന്മാർ ഈ അഭിപ്രായത്തെ അത്ഥവത്തായി കൈക്കൊണ്ടതിനാൽ ആയതു ഒടുവിൽ "ജൻറിൽമാൻസ്,മാഗസിൻ" എന്നമാസികയുടെ അധിപർ ഒരു ചെറു പുസ്തകമായി അച്ചടിച്ചു

വേറൊരു ശാസ്ത്രജ്ഞൻ ഈ അഭിപ്രായത്തോടുയോജിച്ചു പുസ്തകത്തിന്നു ഒരു അവതാരിക എഴുതി ചേൎത്തിരുന്നു. പല തത്വജ്ഞന്മാരും ഈ അഭിപ്രായത്തെ വിലവയ്ക്കുകയും അവരിൽ പലരുംഇതിനെ അടിസ്ഥാനപ്പെടുത്തി തങ്ങളുടെ ആലോചനകൾ എഴുതി അയയ്ക്കുകയും ഉണ്ടായപ്പോൾചെറു പുസ്തകം ഒരു വലിയ പുസ്തകമായിഅച്ചടിക്കേണ്ടിവന്നു.

ഫ്രാൻസിലെ ശാസ്ത്രജ്ഞന്മാർ ഈ സംഗതിഗ്രഹിച്ചു അവരിൽ മഹാവിദഗ്ദ്ധന്മാരായ ചിലർകൂടിച്ചേൎന്നു ഇതിനെ ഫ്രഞ്ച് ഭാഷയിൽ തർജ്ജമ ചെയ്യിച്ചു അച്ചടിപ്പിച്ചു.

ബഞ്ചമിൻെറഅഭിപ്രായപ്രകടനമായ ഈപുസ്തകംഇററാലിയൻ, ജർമ്മൻ, ലാററിൻ മുതലായ വിവിധഭാഷകളിൽ തർജ്ജമയാക്കപ്പെടുകയുണ്ടായി. കിംബഹുനാ യൂറോപ്പിലെ മിക്കശാസ്ത്രജ്ഞന്മാരുടേയുംഅനുമതിഇതിനുലഭിച്ച് ബഞ്ചമിൻ കൃതാൎത്ഥനായിത്തീൎന്നു.

അയാളുടെ അഭിപ്രായത്തിന്നു അനേകംപേരുടെ അനുകൂല്യമുണ്ടാക്കിത്തീൎത്തു മേഘങ്ങളിൽ നിന്നു മിന്നലിനെ യന്ത്രംമുഖേന ആകൎഷിക്കുന്നതിന്നുള്ള പരിശോധനയുടെ വിവരണമായിരുന്നു.

ഫ്രാൻസിലെ ചക്രവൎത്തിയും ചക്രവൎത്തിനിയും കൂടിയിരുന്ന സദസ്സിൽ അവിടുത്തെഒരു ശാസ്ത്രജ്ഞൻഈപ്രയോഗംപ്രദർശിപ്പിച്ചപ്പോൾ അവിടെയുണ്ടായിരുന്ന ആളുകൾഅൽഭുത പരതന്ത്രരായിചമഞ്ഞു.

ഇംഗ്ലണ്ടിൽ ബഞ്ചമിൻെറ സ്തുതിപാഠകന്മാരായിഅധികം ആളുകൾ ആകാലത്തുണ്ടായില്ലെങ്കിലുംയൂറോപ്പിലെമററു ദിക്കുകളിൽ അയാളുടെ പേരു ബഹുമാനപുരസ്സരം വാഴ്ത്ത

പ്പെട്ടു. എന്നാൽ കാലാന്തരത്തിൽ ഇംഗ്ലണ്ടുകാർ ബഞ്ചമിന്റെ തത്വംബോധപ്പെട്ടതോടുകൂടി അവർ അയാളെ അത്യധികം ബഹുമാനിക്കയും സ്തുതിക്കയും ചെയ്തു. അയാളുടെ അപേക്ഷയില്ലാതെ തന്നെ അവർ അയാളെ ഇംഗ്ലണ്ടിലെ ശാസ്ത്രാന്വേഷണ സംഘത്തിലെ ഒരു അംഗമായി കൈക്കൊണ്ടു. അതിലേക്കുപ്രവേശന പീസായ ൨൫ ഗിനി അയാളുടെ വിഷയത്തിൽമാത്രം അവർവേണ്ടെന്നു വച്ചു. അതിനും പുറമെ അവരുടെ ശാസ്ത്രമാസികകൾ അയാൾക്കു ഇനാമായി അവർ അയച്ചുകൊടുക്കയും ചെയ്തു. ഇതുമല്ലാതെ൧൭൫൩-ൽ ഇംഗ്ലീഷ് ശാസ്ത്രജ്ഞസംഘത്തിൽ നിന്നു അയാൾക്കു ഒരു സ്വർണ്ണമുദ്ര സമ്മാനിക്കയും ഉണ്ടായി.

ബഞ്ചമിന്റെ ബുദ്ധിശക്തിയെപ്പററി അത്യന്തംശ്ലാഘിച്ചുഒരു എഴുത്തു ഇംഗ്ലീഷ് സംഘത്തിലെ പ്രസിഡന്റു ഈ മുദ്രയോടുകൂടി അയച്ചിരുന്നു.

—:o:—

൧൦-ാം അദ്ധ്യായം.

—:o:—

ഇംഗ്ലണ്ടിലേക്കുള്ള യാത്ര.

ഇംഗ്ലണ്ടിലെ റോയൽ സൊസൈററിയിൽ നിന്ന് ബഞ്ചമിനുസമ്മാനിച്ച മുദ്ര അയാൾക്കു കൊടുക്കാനായി അവർ ഫിലഡൽഫിയായിലെ ഗവർണരുടെ പേൎക്കുഅയച്ചിരുന്നതിനെ ഗവർണർ തന്റെ കണക്കായി വിളിച്ചുകൂട്ടിയഒരു സദസ്സിൽ വച്ച് അയ്യാൾക്കു കൊടുത്തു. ആസന്ദൎഭത്തിൽബഞ്ച

മിൻെറസ്വഭാവവിശിഷ്ടതയേയും ബുദ്ധിവൈശിഷ്ട്യത്തേയും പററിഗവർണർ സഭ്യന്മാരോട് വളരെപ്രശംസിച്ചുപറഞ്ഞു. സഭപിരിഞ്ഞു എല്ലാവരുംസ്വസ്ഥന്മാരായ ശേഷം ബെഞ്ചമിനെ ഗവർണർ പ്രൈവററുമുറിയിലേക്കുകൂട്ടികൊണ്ടുപോയി അവിടെവച്ചുഅവർ ഇരുവരുംകൂടി അല്പനേരംസംഭാഷണം ചെയ്തു. ബെഞ്ചമിൻെറ സ്നേഹം സമ്പാദിച്ചുകൊള്ളണമെന്നും അയാളുടെസഹകരണംരാജ്യഭരണവിഷയത്തിൽവളരെ പ്രയോജനകരമായിരിക്കുമെന്നും പലസ്നേഹിതന്മാർതന്നോട് ഉപദേശിച്ചിരുന്നതായും ആകയാൽ അവർതമ്മിൽ മിത്രതേ്വനവർത്തിക്കുന്നതിനു തനിക്കു വലിയ ആഗ്രഹമുണ്ടെന്നും ബെഞ്ചമിൻെറ ഏതാലോചനകളേയും താൻ സസന്തോഷം അംഗീകരിക്കാൻ തയാറാണെന്നും ഗവർണർ പ്രസ്താവിച്ചു. തൻെറഗുണകാംക്ഷികളായഇംഗ്ലിഷ് സ്നേഹിതന്മാരുടെആദരവുകളെതാൻ ഭക്തിപൂർവ്വംസ്വീകരിച്ചിരിക്കുന്നതായുംകഴിയുന്ന സഹായങ്ങളെല്ലാംആർക്കും ചെയ്തുകൊടുക്കാൻ താൻതയാറാണെന്നും പൊതുജനക്ഷേമത്തിനുഹാനികരങ്ങളായഉദ്യമങ്ങൾഒഴിച്ച് മറെറല്ലാപ്രവൃത്തികളിലുംഗവർണരെസഹായിക്കാൻതാൻസന്നദ്ധനാണെന്നും ബെഞ്ചമിൻ മറുപടിപറഞ്ഞു.

അങ്ങിനെയിരിക്കെ ജനങ്ങളുടെ ചിലസങ്കടങ്ങളെപ്പററി ഇംഗ്ലണ്ടിലെമഹാരാജാവിനോട് ആവലാതിപറയുന്നതിലെക്കു തങ്ങളുടെ പ്രതിപുരുഷനായിബെഞ്ചമിനെനിയോഗിക്കണമെന്നു രാജ്യവാസികൾ ഏകമനസ്സോടെനിശ്ചയിച്ചു. പൌരന്മാരുടെ അപേക്ഷപ്രകാരം അയാൾ ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. ബെഞ്ചമിൻെറ പ്രേക്ഷണാശക്തികപ്പൽ യാത്രയിലും അലസയായിരുന്നില്ല കപ്പൽഓടിക്കുന്നവിഷയത്തിൽ കപ്പിത്താന്മാരിൽ പലൎക്കും പലഅഭിപ്രായങ്ങളാണ് ഉള്ളതെന്നും ഇവരിൽ ചിലരുടെ പ്രയോഗമാൎഗ്ഗങ്ങൾമുഖേനഅനാവശ്യമായ സമയനഷ്ടവും അപ്രതീക്ഷിതങ്ങളായ പലവിപത്തുകളും സംഭവിക്കാറുണ്ടെന്നും നിശ്ചിതമായ ഒരുപ്രയാണരീതിഉ

ണ്ടായിരിക്കേണ്ടതു യാത്രക്കാരുടെ രക്ഷയ്ക്കു അത്യന്താവശ്യമാണെന്നും ബെഞ്ചമിൻ ആലോചിച്ചു. ഇന്നവിധത്തിൽ കപ്പലിന്റെ ഉടലും അമരവും തലയും ഉണ്ടായിരുന്നാൽമാത്രമെ അതിവേഗത്തിൽ ഓടുകയുള്ളൂ എന്നും പാമരങ്ങൾ ഇന്ന സ്ഥാനങ്ങളിലും വലിപ്പത്തിലും ഉണ്ടായിരിക്കേണ്ടതാണെന്നും പാകളുടെ വിസ്താരവും ആകൃതിയും ഇന്ന വിധം വേണ്ടതാണെന്നും ഓരോ കാററിന്റെയും ആനുകൂല്യം പാകൾക്കു ലഭിക്കേണ്ടതിനു അവയെ ഇന്നവിധം സജ്ജീകരിക്കണമെന്നും വ്യവസ്ഥപ്പെടുത്തുന്നതിനു കപ്പലോട്ടത്തിൽ നൈപുണ്യം ഉള്ള കുറെ ആളുകൾ ചേൎന്നു പരിശോധനകൾ നടത്തുന്നതായാൽ സൎവ്വസമ്മതമായ ഒരു രീതി നിൎദ്ദേശിക്കാൻ കഴിയുന്നതാണെന്നു ബെഞ്ചമിൻ അഭിപ്രായപ്പെട്ടു ദീപസ്തംഭങ്ങളുടെ പ്രയോജനത്തെപ്പററി ഈ യാത്രയിൽ അയാൾക്കു അത്യധികമായ ബോധം ജനിക്കയാൽ അമേരിക്കയിൽ ഇവയുടെ സംഖ്യ വൎദ്ധിപ്പിക്കുവാൻ യഥാശക്തി പരിശ്രമിക്കണമെന്നു അയാൾ നിശ്ചയിച്ചു. ഒടുവിൽ ൧൭൫൭ ജൂലായി മാസം ൨൭-ാംനു ബെഞ്ചമിൻ ലണ്ടൻനഗരത്തിൽ എത്തി. അനന്തരം പൂൎവ്വമിത്രമായ മിസ്റ്റർ പീററർകോളിൻസിന്റെയും മററു ചില മാന്യന്മാരുടേയും സഹായത്തോടുകൂടി അയാൾ മഹാരാജാവിന്റെ ആലോചനാസഭയിലെ പ്രസിഡന്റിനെ സന്ദൎശിച്ചു. മൂന്നു വൎഷത്തോളം ആലോചനാസഭയിലും മഹാജനസഭയിലും വലിയ വലിയ വാദങ്ങൾ നടത്തി അനേകവിധം ക്ലേശങ്ങൾ സഹിച്ചു അവസാനത്തിൽ അയാൾ തന്റെ ദൌത്യം സ്വജനങ്ങൾക്കു കഴിയുന്നത്ര ഗുണകരമായ വിധത്തിൽ സാധിച്ചു. മററു കോളനികളുടെ ആവശ്യം പ്രമാണിച്ചു പിന്നീടു രണ്ടു വൎഷം കൂടി അയാൾക്കു ഇംഗ്ലണ്ടിൽ താമസം ഉണ്ടായി. ഈ അവസരത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിനും അയാളുടെ മഹാശയവ്യാപാരത്തിന്റെ ഫലം ഏറക്കുറെ അനുഭവപ്പെട്ടു. കാനഡാമഹാരാജ്യം ബ്രിട്ടീഷ് അധീനതയിൽ വരുത്തിയതിന്റെ യഥാൎത്ഥ കാരണഭൂതൻ ബെഞ്ചമിൻ ആയിരുന്നു. ഇംഗ്ലണ്ടിലെ അപ്പോഴ

ത്തെ പ്രധാനമന്ത്രിയായിരുന്ന പിററിനോടു ബെഞ്ചമിൻ പല സന്ദർഭങ്ങളിൽ തൻെറ ഹൃൽഗതങ്ങളെപ്പററി പ്രസംഗിച്ചതിൽ അപാരബുദ്ധിമാനായ ആ രാജ്യതന്ത്രജ്ഞൻ ബെഞ്ചമിൻെറ സർവ്വോത്തമമായ അഭിപ്രായത്തോടു പൂൎണ്ണമായി യോജിച്ചുള്ള ടനടി വേണ്ടതു പ്രവൎത്തിക്കയാലാണു് അസാമാന്യ സമ്പൽപ്രദമായ കാനഡാസംസ്ഥാനം ഇപ്പോഴും ഇംഗ്ലീഷ് അധീനതയിൽ സ്ഥിതിചെയ്യുന്നതു്.

ഇംഗ്ലണ്ടിലെ വാസകാലം മുഴുവൻ അയാൾ രാജ്യകാൎയ്യങ്ങളിൽ മാത്രമല്ല ഏൎപ്പെട്ടിരുന്നതു. വിദ്യുഛക്തി സംബന്ധമായി താൻ ഗ്രഹിച്ചിരുന്ന തത്വങ്ങളെ ആധാരമാക്കി അയാൾ ഉപൎയ്യുപരി പരിശോധനകൾ ദിനംപ്രതി നടത്തിക്കൊണ്ടിരുന്നു. സ്വ കപോലകല്പിതങ്ങളും സ്വ ഹസ്തനിൎമ്മിതങ്ങളും ആയ പല വിശിഷ്ടസാമഗ്രികളുടെ പ്രയോഗംമുഖേന അസംഖ്യം ജനങ്ങളെ അയാൾ വിസ്മയിപ്പിച്ചു.

അമേരിക്കയിലേക്കു പാൎപ്പുമാറുന്നതിനു മുമ്പു് തൻെറ പിതാവു അധിവസിച്ചിരുന്നതും ഏറിയോരുകാലം ഫ്രാംക്ലിൻ കുടുംബക്കാരുടെ ജന്മഭൂമിയായിരുന്നതും ആയ നോർതാംപ്ടൻ നഗരം സന്ദൎശിക്കുന്നതിനായി ബെഞ്ചമിൻ ഇതിനിടെ ഒരിക്കൽ പോയിരുന്നു. അനന്യ സഹായനായ ഒരു ബാലൻെറ നിലയിൽ താൻ പണിഎടുത്തു താമസിച്ചിരുന്ന മുദ്രാലയത്തെയും അയാൾ ചെന്നുകണ്ടു അവിടെ അപ്പോഴുണ്ടായിരുന്ന പണിക്കാരോടു തൻെറ പൂൎവ്വാവസ്ഥയെപ്പററി അയാൾ അധികനേരം സരസമായി സംഭാഷണംചെയ്തു. അനന്തരം കേംബ്രിഡ്ജിലെ മഹാപാഠശാല സന്ദൎശിക്കാനായി ചെന്നപ്പോൾ അവിടത്തെ പണ്ഡിതാഗ്രെസരന്മാർ അയാളെ അത്യാദരവോടും ബഹുമാനത്തോടുംകൂടി സല്കരിച്ചു. ചുരുക്കിപ്പറയുന്നതായാൽ ബെഞ്ചമിൻ തൻെറ അഞ്ചു വൎഷത്തെ താമസംകൊണ്ടു ഇംഗ്ലണ്ടിലുള്ള സാമുദായിക നേതാക്കന്മാരുടെയും

രാജ്യഭരണ തന്ത്രജ്ഞന്മാരുടെയും തത്വശാസ്ത്രവിദഗ്ധന്മാരുടെയും അകൈതവമായ പ്രീതിക്കും ശ്ലാഘയ്ക്കും പാത്രമായ്തീൎന്നു. അയാളുടെ അസാമാന്യ വൈഭവത്തെപ്പററിയുള്ള കേൾവി രാജ്യത്തിലെല്ലായിടത്തും വ്യാപിക്കയാൽ പണ്ഡിതന്മാരും പാമരന്മാരും ആയ അനവധി ജനങ്ങൾ അയാളെ കാണുന്നതിനായി പ്രതിദിവസം വന്നുകൊണ്ടിരുന്നു. ദൎശനാനന്തരം ഇവരിൽ ആൎക്കുംതന്നെ അല്പമെങ്കിലും ഇച്ഛാഭംഗത്തിനു ഇടയായില്ല. ഗംഭീരാശയനായ ബെഞ്ചമിൻെറ സന്നിധിയിൽ അരനാഴികനേരം നിൽക്കാൻ ഇടയാകുന്ന ഏവനും അയാളുടെ മഹാമനസ്കതയെപ്പററി അത്ഭുതപൂൎവ്വമായ ബഹുമാനം തോന്നുകതന്നെ ചെയ്യുമായിരുന്നു. അയാളുമായി മിത്രത്വം ഉണ്ടാകുന്നതിനിടവന്നിരുന്ന സകലരും ആ ജന്മം അതെ സ്ഥിതിയിൽ അല്ലാതെ വൎത്തിച്ചിട്ടില്ല.

ഒടുവിൽ സ്വരാജ്യത്തിൻെറയും കുടുംബത്തിൻെറയും ക്ഷേമാവസ്ഥയ്ക്കു തൻെറ സാന്നിധ്യം അത്യന്താപേക്ഷിതമായിത്തീരുകയാൽ അയാൾ നാട്ടിലേക്കു മടങ്ങാൻ വട്ടംക്രട്ടിയ അവസരത്തിൽ ഒരു സ്നേഹിതനോടു ഇപ്രകാരം സത്യ പറഞ്ഞു. "ഇതാ, എന്നെ അമേരിക്കയിലേക്കു വഹിച്ചുകൊണ്ടു പോകാൻ സന്നദ്ധനായ ഒരു മന്ദമാരുതൻെറ ആഗമനത്തിനായി മാത്രമാണ് ഞാൻ ഇനിയും ഇവിടെ താമസിക്കുന്നതു. ഇപ്പോൾ ഞാൻ സ്വന്തനാട്ടിലേക്കും ഗൃഹത്തിലേക്കും ജനനാദരരംഭ്യസ്നേഹിച്ചുവരുന്നആളുകളുടെസന്നിധിയിലേക്കും പുറപ്പെടാൻ ഭാവിക്കയാണെങ്കിലും ഈ രാജ്യത്തേയും ഇവിടെയുള്ള സുഹൃത്തുകളേയും വിട്ടുപിരിയുന്നതിൽ എനിക്കു അനല്പമായ കുണ്ഠിതം ഇല്ലാതില്ല. പ്രാചീനലോകത്തിൽ നിന്നു നവീനലോകത്തിലേക്കു പുറപ്പെടാൻ ഭാവിക്കുന്ന ഈ അവസരം ഐഹികവാസംവിട്ടു പരലോകയാത്രക്കൊരുങ്ങുന്നതുപോലെ ഇരിക്കുന്നു. വിയോഗത്തെപ്പററി ദുഃഖം; മാൎഗ്ഗത്തെപ്പററി ഭയം; ഭാവിയെപ്പററി ആ

ശ്നസംബന്ധം. ഇങ്ങിനെയാണു എന്റെ ഇപ്പോഴത്തെ ചിത്തവൃത്തി."

അനന്തരം യഥാകാലം അയാൾ അമേരിക്കയിൽ എത്തി. പുരവാസികളുടെ നിഷ്കന്മഷമായ സ്വാഗതങ്ങളുടെയും അകൈതവ സ്തുതികളുടെയും ആധിക്യംമൂലം തനിക്കു ഒട്ടുംതന്നെ സ്വാസ്ഥ്യത ഇല്ലാതെ തീരുകയാൽ സ്വല്പകാലത്തേക്കു ദിക്കുവിട്ടുപൊയ്ക്കളയുകയെ നിവൃത്തിയുള്ളു എന്നു ബെഞ്ചമിൻ വിചാരിച്ചു. എന്നാൽ രാജ്യക്ഷേമം ഇതിനെ സമ്മതിച്ചില്ല. അയാൾ അഹന്നിശം മനസ്സിരുത്തി ആലോചിച്ചും പല ജനങ്ങളുമായി സംഭാഷണം ചെയ്തും രാജ്യഭരണസംബന്ധമായ പല കുഴപ്പങ്ങൾ ശമിപ്പിച്ചു. അങ്ങിനെയിരിക്കെ ഇംഗ്ലണ്ടിൽ നിന്നയച്ച ഒരു പുതിയ ഗവർണ്ണരുടെ നയം ഹേതുവായി ജനങ്ങൾക്കു പൂർവ്വാധികം സങ്കടം നേരിടുകയാൽ ബെഞ്ചമിൻ വീണ്ടും മഹാരാജാവിനോടു ആവലാധി പറയുവാനായി ജനപ്രതിനിധിയുടെ നിലയിൽ ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. ഈ യാത്രയിൽ അഞ്ഞൂറു പുരപ്രധാനന്മാർ അശ്വാരൂഢന്മാരായി അയാളെ കടൽക്കരവരെ അനുഗമിച്ചു. തങ്ങളുടെ സർവ്വദുഃഖങ്ങളേയും ശമിപ്പിക്കുന്നതിനു ശക്തനായി അവർ ബെഞ്ചമിനെ മാത്രമാണു ഗണിച്ചിരുന്നതു. എന്നാൽ ഇംഗ്ലണ്ടിൽ എത്തിയപ്പോൾ അവിടുത്തെ ഭരണാധികാരികളുടെ അപ്പോഴത്തെ നയം കോളനികളുടെ സ്വാതന്ത്ര്യത്തെ നിശ്ശേഷം നിരോധിക്കണമെന്നായിരുന്നതിനാൽ തന്റെ അഭിലാഷംസാധിക്കുന്നതുപ്രയാസമാണെന്നുഅയാൾക്കു ബോധപ്പെട്ടു. എങ്കിലും യഥാശക്തിപരിശ്രമിക്കുന്നതിൽഅയാൾഅലസനായിരുന്നില്ല. ഈഅവസരത്തിൽഒരിക്കൽപാർളിമെന്റു സഭക്കാർ അയാളെ വിസ്തരിച്ചു. തന്റെ അഭിപ്രായപ്രകടനത്തോടുകൂടി സഭക്കാരുടെ അനുകമ്പയെ കോളനികളുടെ ആനുകൂല്യത്തിലേക്കു തിരിക്കുവാൻ അയാൾക്കു കഴിഞ്ഞു. ചില സചിവന്മാർ അയാളുടെ ബുദ്ധിവികാസത്തേയുംആലോചനാശക്തിയേയുംപററിവിസ്മയിച്ചുഅയാളെആ

ശ്ലേഷിക്കുക പോലും ചെയ്തു. സ്വദേശികളും അധികാരസ്ഥരുംആയ അവർപലർകൂടി ശ്രമിച്ചതിൽ സാധിക്കാതെയിരുന്നകാര്യം അയാൾ ഏകനായി വാദിച്ചു ജയിച്ചതിനെപ്പററി അവക്ക് അയാളോടു സീമാതീതമായ ബഹുമാനം ഉണ്ടായി. ഈ വിവരം അമേരിക്കന്മാർ ഗ്രഹിച്ചപ്പോൾ ഫ്രാൻക്ലിൻഅമാനുഷനാണെന്നുപോലും അവർ പ്രസംഗിക്കാൻ തുടങ്ങി.

ഇങ്ങനെ ഒക്കെയും ഇരുന്നിട്ടും ഇംഗ്ലണ്ടു അമേരിക്കൻ കോളനികളും തമ്മിൽ ദൃഢമായും സുസ്ഥിരമായും ഉള്ള ഒരു ഭരണബന്ധം ഉണ്ടാകാതെയിരുന്നതിനാൽ ഒടുവിൽ കോളനികളിലെ നിവാസികൾ ഇംഗ്ലണ്ടിൻെറമേൽകോയ്മയെവിദ്ധ്വംസനം ചെയ്തു തങ്ങളുടെ പൂർണ്ണസ്വാതന്ത്ര്യത്തെ സ്ഥാപിക്കുന്നതിനായി വട്ടംകൂട്ടി. ഇരുകക്ഷികളേയുംയോജിപ്പിക്കുന്നതിനും സമാധാനം നിലനിറുത്തുന്നതിനുംആയിബെഞ്ചമിൻ ഇംഗ്ലണ്ടിൽതാമസിച്ചുപ്രതിനിമിഷംപ്രയതിച്ചുകൊണ്ടിരിക്കെതൻെറ പ്രിയപത്നിയുടെമരണം ഹേതുവായി അയാൾ ഫെബ്രുവരി മാർച്ച് ൨൧-ാം തീയതി ഫിലഡൽഫിയായിലേക്കു പുറപ്പെട്ടു മേ മാസം ൫-ാം തീയതി അയാൾ സ്വദേശത്തിൽ എത്തി. ഭാര്യാവിയോഗത്താൽ അപാരദുഃഖിതനായ ബെഞ്ചമിൻ അല്പകാലമെങ്കിലും ആരും അറിയാതെ സ്വഗൃഹത്തിൽ കഴിച്ചുകൂട്ടുന്നതിനു വളരെ ആഗ്രഹിച്ചു. എന്നാൽ ഏതാനും മണിക്കൂറുകൾക്കകം അയാളുടെ ആഗമനം നാടെങ്ങും പരസ്യമായിത്തീന്നു. സകലരും ആഹ്ലാദഭരിതരായി അയാളുടെ ഗൃഹത്തിൽ കൂട്ടംകൂടി. അക്കാലംനാട്ടുകാക്ക് അയാളുടെ സാന്നിദ്ധ്യംഅത്യാവശ്യപ്പെട്ടിരിക്കയായിരുന്നു. എന്തെന്നാൽ സ്വാതന്ത്ര്യലാഭത്തിനായി അവർ യുദ്ധം ആരംഭിച്ചുകഴിഞ്ഞിരുന്നു.

വിശ്വവിശ്രുതനായ വാഷിങ്ടൺ പല അവസരങ്ങളിൽ ബെഞ്ചമിനുമായി കൂടിക്കാഴ്ചകൾ നടത്തി. അനന്തരം എഴുപതു വയസ്സു പ്രായമുണ്ടായിരുന്ന വയോധികനായ ബെ

ഞ്ജമിനെമഹാ ശൈത്യഭൂമിയായ കാനഡായിലേക്കരാജ്യകാൎയ്യാൎത്ഥം പെൻസിൽവേനിയായിൽനിന്നു നിയോഗിച്ചു. ഈ യാത്ര അയാളുടെ അപ്പോഴത്തെ ശരീരസ്ഥിതിക്കു അത്യന്തം ഹാനികരമായിരുന്നെങ്കിലും പരോപകാരതല്പരനായ അയാൾ സ്വസുഖത്തെ ലേശംപോലും ഗണ്യമാക്കാതെ കാനഡായിലേക്കു പോയി മടങ്ങിയെത്തിയതിന്റെ ശേഷംഅധികനാൾ അസ്വസ്ഥശരീരനായി വൎത്തിക്കുന്നതിനിടയായി.

അതിൽപിന്നീടു പരസ്യമായി യുദ്ധം ആരംഭിച്ചപ്പോൾ കോളനികൾക്കു സൈന്യബലവും ദ്രവ്യവും കുറവായിരുന്നതിനാൽ തൽപരിഹാരാൎത്ഥം ഫ്റാൻസിൽ ചെന്നു അവിടുത്തെ ഗവൎമ്മെൻറിന്റേയും പൌരന്മാരുടേയും ആനുകൂല്യം സമ്പാദിക്കാനായി ബെഞ്ചമിൻ തന്നെ പോകേണ്ടിവന്നു. ശാസ്ത്രീയപരിശോധനയിൽ തനിക്കുള്ള അനന്യസാധാരണമായ നൈപുണ്യംകൊണ്ടും മററും സുഗൃഹീതനാമാവായിത്തീൎന്നിരുന്ന ഫ്രാങ്ക്ളിൻ ഫ്റാൻസിലെ മഹാന്മാരാൽ സാദരം സ്വീകരിക്കപ്പെട്ടു. ഫ്റഞ്ചുകാരായ സകലജനങ്ങൾക്കും ബെഞ്ചമിനോടുണ്ടായിരുന്നിടത്തോളം ബഹുമാനം ആ കാലത്തു ലോകത്തിലെ മറെറാരു പ്രാണിയോടും ഉണ്ടായിരുന്നില്ല. സാഹിത്യ വിദഗ്ദ്ധന്മാരും ശാസ്ത്രജ്ഞന്മാരും അയാളെ തങ്ങളുടെ ഗുരുനാഥനായി സങ്കല്പിച്ചു. പൊതുജനങ്ങൾ അയാളെ രാജ്യരക്ഷകൻ എന്നും മനുഷ്യലോകത്തിന്റെ ഏകനാഥൻ എന്നും ഗണിച്ചു. ഈ കാരണങ്ങളാൽ എത്ര കോടി ദ്രവ്യം കടംവാങ്ങിക്കുന്നതിനും മറെറന്തെല്ലാം സഹായങ്ങൾ സമ്പാദിക്കുന്നതിനും അയാൾക്കു നിഷ്പ്രയാസമായി സാധിച്ചു. അമേരിക്കയിൽ വാഷിങ്ടന്റെയും ഫ്റാൻസിൽ ബെഞ്ചമിന്റെയും പ്രവൃത്തിവിശേഷം ഹേതുവായി മാത്രമാണു ഇപ്പോൾ ഐക്യനാടുകൾ എന്നഗവൎമ്മെന്റു സൎവ്വസമ്പൽ സമൃദ്ധിയോടുകൂടി പൂൎണ്ണസ്വാതന്ത്ര്യ

മഹാവൃദ്ധനായ ബഞ്ജമിന് സ്വദേശം വിട്ടുള്ള താമസവും ഗൌരവമേറിയ ജോലികളുംനിമിത്തം എത്രമാത്രം ക്ലേശം നേരിട്ടിരിക്കുമെന്നുള്ളതു ഊഹ്യമാണല്ലൊ.

വാഷിങ്ടൺ എന്നും ബഞ്ജമിൻ എന്നും ഉള്ള രണ്ടുമഹാപുരുഷന്മാരുടെയും ഏഴുവൎഷത്തെ ഭഗീരഥപ്രയത്നംകൊണ്ടുംഅക്ഷീണമായ ബുദ്ധിസംസ്കരണം കൊണ്ടും ഒടുവിൽ അമേരിക്കൻ കോളനികൾ ൧൭൮൩ൽ ഇംഗ്ലണ്ടിന്റെ അധീനതയിൽനിന്നസൎവ്വസ്വാതന്ത്ര്യംലഭിച്ച് യുണൈറ്റഡ് സ്റ്റേറ്റ്സ എന്നപ്രശസ്തനാമത്തിൽജനസമുദായരാജ്യഭരണം ആരംഭിച്ചു എങ്കിലും ബഞ്ജമിൻകുറെവൎഷങ്ങൾകൂടി ഫ്രാൻസിൽതന്നെ താമസിച്ചു സ്വരാജ്യഭരണ സംബന്ധമായി പല വ്യവസ്ഥകൾ നടത്തികൊണ്ടിരുന്നു. അനന്തരം ജനസമുദായഭരണം ഐക്യനാട്ടുകളിൽ സുസ്ഥിരമായി പ്രതിഷ്ഠാപിതമായിതന്റെശേഷം ൧൭൮൫ മാൎച്ച് മാസത്തിൽ ബഞ്ജമിൻ നിസ്തുല്യമായ ശ്ലാഘ്യതയോടുംഅമേരിക്കന്മാരുടെയുംഫ്രഞ്ചുകാരുടേയും ഇംഗ്ലീഷുകാരുടേയും സാൎവ്വത്രികമായആദരവോടുംകൂടി എൺപതാം വയസ്സിൽ സ്വരാജ്യത്തേക്കുമടങ്ങി ഫ്രാൻസിൽനിന്നുള്ള പുറപ്പാട വാസ്തവത്തിൽ രാജയോഗ്യമായ ഒരു മഹാപ്രസ്ഥാനം തന്നെയായിരുന്നു. ക്രമാതീതമായ വാൎദ്ധക്യത്തിൽ വണ്ടിസവാരിചെയ്യുന്നപക്ഷംദേഹക്ലേശംനേരിട്ടേക്കുമെന്നശങ്കിച്ചുഫ്രഞ്ച് മഹാറാണിയുടെ മേനാവിൽ കയററിയാണ അദ്ദേഹത്തെ കപ്പലിലേക്കു അയച്ചതു. ഫ്രഞ്ചുമഹാരാജാവുഅനേകംപ്രശംസാപത്രങ്ങൾ എഴുതികൊടുത്തിരുന്നതു കൂടാതെ തന്റെ ഒരു ഛായാപടം വജ്രഖചിതമായ ചട്ടക്കൂട്ടിൽ അടക്കം ചെയ്തു ബഞ്ജമിനു സമ്മാനിക്കയും ചെയ്തു (൪൦൮ വജ്രങ്ങളാണ പതിച്ചിരുന്നതു). അമേരിക്കന്മാർഅദ്ദേഹത്തിന്റെആവശ്യത്തിലേക്കായി ഒരു പ്രത്യേക കപ്പൽ അയച്ചിരുന്നു. മാൎഗ്ഗമദ്ധ്യേ അദ്ദേഹം ഇംഗ്ലണ്ടിൽ എത്തിയഅവസരത്തെ അവിടത്തെജനങ്ങൾസാ

ക്ഷാൽ ഓണംപോലെ ആഘോഷിച്ചു. ഇംഗ്ലീഷുകാരുടെ അതിപ്രീതിയോടും അത്യാദരവോടുംകൂടിയ സ്വാഗതം സ്വീകരിച്ചു കൊണ്ടു മൂന്നുദിവസം അവിടെതാമസിച്ചശേഷംവീണ്ടും കപ്പൽ കയറി.

ബെഞ്ചമിൻ ഇങ്ങനെ യൂറോപ്പിലെ സൎവ്വജനങ്ങളാലും പൂജിതനായി ൧൭൮൫ സെപ്ടംബർ ൧൪-ാം തിയതി ഫിലഡൽഫിയാ തുറമുഖത്തിൽ എത്തിയപ്പോൾ നഗരം മുഴുവൻ കടൽ തീരത്തിൽ ഹാജരായി സാൎവ്വഭൌമനായ അദ്ദേഹത്തെ എതിരേററു. ജയജയശബ്ദങ്ങളും ആൎപ്പുവിളികളും കൊണ്ടു ആകാശം മുഴങ്ങി.

അതിൽ പിന്നെ അടുത്തമാസത്തിൽ അദ്ദേഹം പെൻസിൽവേനിയായിലെ പ്രസിഡൻറായി നിയമിക്കപ്പെട്ടു. രണ്ടാംവൎഷവും മൂന്നാംവൎഷവും ഈ ഉദ്യോഗത്തിനു ജനങ്ങൾ വേറെ ആരേയും തിരിഞ്ഞെടുത്തില്ല. എന്നാൽ മൂന്നുവൎഷങ്ങളിലധികം ഒരാളെ പ്രസിഡൻറാക്കി കൂടെന്നുള്ള രാജ്യനിയമം ഹേതുവായി മഹാജനങ്ങൾ അത്യന്തം വൈമനസ്യത്തോടുകൂടി വന്ദ്യവൃദ്ധനായ അദ്ദേഹത്തിനു സ്വാസ്ഥത അനുവദിച്ചു. എന്നിട്ടും അദ്ദേഹം കേവലം സ്വസ്ഥനായിരിക്കാതെ പെൻസിൽവേനിയായിൽ ഒരു മഹാപാഠശാല സ്ഥാപിക്കുന്നതിൽ ഉദ്യുക്തനായി പ്രവൃത്തി ആരംഭിച്ചു. ൮൧-ാം വയസ്സിൽ ജനങ്ങൾ വീണ്ടും അദ്ദേഹത്തെ രാജ്യഭരണസംബന്ധമായ ചില നിയമങ്ങൾ എഴുതിയുണ്ടാക്കാനായി വാഷിങ്ടന്റെ സഹായാൎത്ഥം നിയോഗിച്ചു. സ്വതന്ത്രന്മാരായ അമേരിക്കന്മാരുടെ ഇടയിൽ നീഗ്രോ ജാതിക്കാരെ അക്കാലത്തും അടിമകളാക്കി വച്ചുകൊണ്ടിരുന്ന പതിവുനിറുത്തൽ ചെയ്യേണ്ടുന്ന അത്യാവശ്യമാണെന്നു കരുതി അദ്ദേഹം തദൎത്ഥം ചില ഏൎപ്പാടുകളും ചെയ്തു.

ഇങ്ങനെ വൎത്തിച്ചു വരവെ ൧൯൦൦- ഏപ്രിൽ മാസം ൧൭-ാംനു നമ്മുടെ കഥാപുരുഷനായ മഹാത്മാവു കഥാവശേഷനായി.

രാജ്യരക്ഷയ്ക്കു വേണ്ടി ആജീവനാന്തം പ്രയത്നിച്ചു അസംഖ്യം നന്മകൾ ചെയ്തിട്ടുള്ള അദ്ദേഹത്തിന്റെ ചരമസൂചകമായി നാട്ടുകാർ ഒരു മാസം ദുഃഖം ആചരിക്കണമെന്നു ഗവൎമ്മെന്റു കല്പന കൊടുത്തു.

മഹാമഹിമ നിറഞ്ഞ ഈ പുരുഷരത്നത്തിന്റെ പുണ്യാത്മാവു സ്വൎഗ്ഗത്തിൽ നിത്യാനന്ദം അനുഭവിച്ചു സുഖിക്കുമാറു സൎവ്വാന്തൎയ്യാമിയായ ജഗന്നിയന്താവു അനുഗ്രഹിക്കുമാറാകട്ടെ.

(ശുഭം)